
# സത്യദൂതൻ

2014 ഏപ്രിൽ | ലക്കം 4

വില ₹ 20




## അന്യഗോള ജീവികളുമായി നാം കണ്ടുമുട്ടുമോ?

**അന്യഗോള ജീവികളുമായി നാം ഒരിക്കൽ കണ്ടുമുട്ടുമെന്നാണ് വിശുദ്ധ ഖുർആൻ പറയുന്നത്. അന്യഗ്രഹ ജീവികളെ അന്വേഷിച്ചു പോകുന്നത് അങ്ങേയറ്റം അപകട മാണെന്ന ഭീതിയാണ് പ്രശസ്ത ഭൗതിക ശാസ്ത്രജ്ഞൻ സ്റ്റീഫൻ ഹോക്കിൻസ് പരത്തുന്നത്**


Taqwa Mosque_ Cambodia


Bait-ul-Naseer Mosque _ USA


The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ

2014 ഏപ്രിൽ
ഹി.ശ.1394 - ശഹാദത്ത്
1435 - ജ.ആഖർ
പുസ്തകം 86 ലക്കം 4
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7** ഖുത്വ്ബ

**അനിഷേധ്യമായ ദിവ്യാടയാളങ്ങൾ**

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

(അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2014 മാർച്ച് 21,28തീയതികളിൽ ബൈത്തുൽ ഫുതൂഹിൽ (ലണ്ടൻ) നിർവഹിച്ച ജുമുഅ ഖുത്വ്ബകളുടെ സംഗ്രഹം

**12**

**മതം : ജീർണനവും പുനരുജ്ജീവനവും**

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

സമൂഹത്തിന്റെ ജീർണതയും ദൈവാസ്തിത്വ ത്തിലുള്ളവിശ്വാസക്കുറവും തമ്മിൽ അഗാധമായ ബന്ധമുണ്ട്.

**17**

**മലക്കുകൾ**

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)



**21**

**അന്യഗോള ജീവികളുമായി നാം കണ്ടുമുട്ടുമോ?**

എ.എം മുഹമ്മദ് സലീം

അന്യഗോള ജീവികളുമായി നാം ഒരിക്കൽ കണ്ടുമുട്ടുമെന്നാണ് വിശുദ്ധ ഖുർആൻ പറയുന്നത്. അന്യഗ്രഹ ജീവികളെ അന്വേഷിച്ചു പോകുന്നത് അങ്ങേയറ്റം അപകട മാണെന്ന ഭീതിയാണ് പ്രശസ്ത ഭൗതിക ശാസ്ത്രജ്ഞൻ സ്റ്റീഫൻ ഹോക്കിൻസ് പരത്തുന്നത്.

**25**

**മജ്‌ലിസെ അഹ്റാറിന്റെ വികൃതമുഖം**

മൗലവി മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ

**33**

**ഇസ്‌ലാമിലെ വിവാഹ മോചനനിയമം**

ഡോ. കൗസർ എടപ്പകത്ത്

**38**

**പതിറ്റാണ്ടുകൾക്കപ്പുറത്തെ മാലദ്വീപ്**

എ.ക്യു മഹ്ദി

**41**

**ക്രൈമിയ: റഷ്യാ-യൂറോപ്പ് ബലാബലം**

മുസാഫിർ

**43**

**വാർത്തകൾ**



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ**: 9497343704

എഡിറ്റർ
**ഏ. എം. മുഹമ്മദ് സലീം**
**ഫോൺ**: 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250




Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്



നിശ്ചയമായും അമാനത്തുകൾ അവയുടെ അവകാശികൾക്ക് ഏൽപ്പിക്കണമെന്ന് നിങ്ങളോട് കൽപ്പിക്കുന്നു. ജനങ്ങൾക്കിടയിൽ നിങ്ങൾ വിധികൽപ്പിക്കുമ്പോൾ നീതിപൂർവം നിങ്ങൾ വിധികൽപ്പിക്കേണം അല്ലാഹു നിങ്ങളോട് ഉപദേശിക്കുന്നതെന്തോ അത് ഏറ്റവും ഉദാത്തമായതാകുന്നു. നിശ്ചയമായും അല്ലാഹു വളരെ കേൾക്കുന്നവനും നല്ലത് പോലെ കാണുന്നവനുമാകുന്നു.**(4:59)**

## നബിവചനം



ഹദ്റത്ത് അബൂഹുറൈറ(റ) നിവേദനം ചെയ്യുന്നു: നബി (സ) പറഞ്ഞു: ആരെങ്കിലും നിങ്ങളോട് അഭിപ്രായം ചോദിച്ചാൽ നല്ല അഭിപ്രായം പറഞ്ഞു കൊടുക്കുക. നിങ്ങൾ അങ്ങിനെ ചെയ്യുന്നില്ലെങ്കിൽ വഞ്ചനാപൂർവം പ്രവർത്തിക്കുന്നവരായിത്തീരും. **(മുസ്നദ്)**

## വാഗ്ദത്ത മസീഹിന്റെ വചനം



മസീഹ് ആകാശത്ത് നിന്ന് ഇറങ്ങി വരുമെന്നും രണ്ട്പേരും കൂടി അമുസ്ലിംകളെ കൊന്നൊടുക്കുമെന്നുമുള്ള വിശ്വാസം നമ്മുടെ ധാർമികബോധങ്ങൾക്കും ചിന്തകൾക്കും നിരക്കാത്തതും പാടെ എതിരായിട്ടുള്ളതുമത്രെ. എല്ലാ മാനുഷിക സൽഗുണങ്ങളെയും ധാർമികബോധവും നിശ്ചലമാക്കിക്കളയും കാട്ടിലെ നീതിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന വിശ്വാസമല്ലേ ഇത്? ഇത്തരം വിശ്വാസങ്ങൾ കൊണ്ട്നടക്കുന്നവർ മറ്റുള്ളവരുമായുള്ള പെരുമാറ്റത്തിൽ കപട ജീവിതം നയിക്കുന്നവരാണ്. അതുപോലെ തന്നെ മറ്റൊരു മത വിശ്വാസക്കാരുടെ ഗവൺമെന്റിനോട് യഥാർഥമായ കൂറുപുലർത്താനും ഇവർക്കു സാദ്ധ്യമല്ല. ഇവർ ഇത്തരം ഗവൺമെന്റുകളോട് കൂറു പുലർത്തുണമെന്ന് വഞ്ചനാപരമായിട്ടാണ് പറയുന്നത്, ***(മസീഹ് ഹിന്ദുസ്ഥാൻ മെ)***

എഡിറ്റോറിയൽ

# സമ്മതിദാനം അർഹതപ്പെട്ട അവകാശികൾക്ക് നൽകുക

ഇക്കാലത്തെ മുസ്‌ലിം മത രാഷ്ട്ര മൗലിക വാദികൾ പറയുന്നത് പോലെ ഇസ്‌ലാം ഒരു ഭരണ വ്യവസ്ഥയുടെയും വക്താവല്ല. നീതി, സത്യം എന്നീ പൊതുവായ മാനവീയ മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുമെന്ന് വാഗ്ദാനം ചെയ്യുന്ന ഏതൊരു സിവിൽ ഭരണവ്യവസ്ഥയുമായും മുസ്‌ലിംകൾക്ക് ഹൃദയാത്മനാ യോജിച്ചു പോകാനാകും.

സമൂഹ ക്ഷേമത്തിനും പുരോഗതിക്കും വികസനത്തിനുമായി മനുഷ്യൻ കണ്ടെത്തിയ സുസംഘടിതവും സുസ്ഥാപിതവുമായ സ്ഥാപനമാണ് രാഷ്ട്രം. അത് സമൂഹം പോലെ സ്വാഭാവിക മായി പരിണമിച്ചുണ്ടായതല്ല. മറിച്ച് മനുഷ്യനന്മക്കായി സമൂഹം നിർമിച്ച ഒരു കൃത്രിമ സ്ഥാപനമാണ്. അധികാരശക്തിയുടെ മൂർത്ത രൂപമാണത്. രാഷ്ട്രം അതിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നത് അധികാര ബലം കൊണ്ടാണ്. ഭൗതികലോകം മാത്രമാണ് അതിന്റെ പ്രവർത്തന മേഖല. മതത്തിന്റെ പ്രവർത്തന ശൈലി രാഷ്ട്രത്തിന്റേതിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. പരലോകം പ്രതീക്ഷിച്ചുകൊണ്ടുള്ള ഇഹലോക ജീവിതമാണ് മതത്തിന്റേത്. വ്യക്തിയോടും സമൂഹത്തോടുമാണ് അത് സംവദിക്കുന്നത്. ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണമായ വിശുദ്ധ ഖുർആൻ മനുഷ്യരാശിക്കും എല്ലാ മാനവീയ സ്ഥാപനങ്ങൾക്കും വേണ്ടിയുള്ള മാർഗ നിർദേശക തത്ത്വങ്ങളും മൂല്യങ്ങളുമാണ് പ്രദാനം ചെയ്യുന്നത്. രാഷ്ട്രം പോലെയുള്ള അധികാര സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള നിയമങ്ങളല്ല അതിലുള്ളത്. '**മതത്തിൽ യാതൊരു നിർബന്ധവുമില്ല**'എന്ന വിശുദ്ധ ഖുർആനിലെ സുവർണ സൂക്തം ഇസ്‌ലാം ഒരു രാഷ്ട്രമല്ല എന്ന വ്യക്തമായ സ്വയം പ്രഖ്യാപനമാണ്. ഖുർആനിൽ ഈ വചനമുള്ളേടത്തോളം കാലം ഇസ്‌ലാമിനെ ഒരു രാഷ്ട്രമാക്കി മാറ്റാൻ സാദ്ധ്യമല്ല.

ഒരു ഭരണ വ്യവസ്ഥ എന്ന നിലക്ക് ജനാധിപത്യ വ്യവസ്ഥയോടാണ് ഇസ്‌ലാമിന്റെ മൂല്യസങ്കൽപ്പങ്ങൾ കൂടുതൽ അടുത്ത് നിൽക്കുന്നത്. ജനാധിപത്യത്തിന്റെ നീതി വ്യവസ്ഥയും സഹിഷ്ണുതയും കൂടിയാലോചനയും ഇസ്‌ലാമിന്റെ പ്രിയപ്പെട്ട വിഷയങ്ങളാണ്. സംഘർഷങ്ങളും വിയോജിപ്പുകളും ജനാധിപത്യത്തിൽ രമ്യമായി പരിഹരിക്കപ്പെടുന്നു. ജനാധിപത്യത്തിൽ ജനങ്ങളാണ് പരമാധികാരി. തിരഞ്ഞെടുപ്പിലൂടെയാണ് ജനങ്ങൾ അവരുടെ ഇചഛ പ്രകടിപ്പിക്കുന്നത്. ജനങ്ങളുടെ സാംസ്കാരികവും ധാർമികവുമായ നിലവാരം അവരുടെ ജനവിധിയിലും പ്രതിഫലിക്കുന്നു. അതിന് കേവല പാവനത്വം കൽപ്പിച്ചു കൊടുക്കാനാവില്ല. ഹിറ്റ്ലറും മുസ്സോളനിയും തിരഞ്ഞെടുപ്പിൽ ജയിച്ചു വന്ന ജനനേതാക്കളായിരുന്നു എന്ന് നാം ഓർക്കണം. ജനഭൂരിപക്ഷത്തിന്റെ ഇചഛ എപ്പോഴും ശരിയായിരിക്കണമെന്നില്ല. നീതിയുടെയും സത്യത്തിന്റെയും മാനദണ്ഡം ഒരിക്കലും ഭൂരിപക്ഷമല്ലല്ലോ. എന്തായാലും ജനാധിപത്യം നിലനിർത്താൻ പ്രാർഥനാപൂർണമായ പരിശ്രമം നമ്മുടെ ഭാഗത്തുനിന്നുണ്ടാവണം. മതം ഭരണത്തിലും ഭരണം മതത്തിലും ഇടപെടാൻ പാടില്ല എന്ന സെക്കുലർ സങ്കൽപ്പം കാരണമാണ് ഇവിടെ ന്യൂനപക്ഷ മതസ്ഥർക്കും ഭൂരിപക്ഷത്തെ പോലെ സ്വതന്ത്രരായും സമാധാനത്തോടെയും മതകീയ ജീവിതം നയിക്കാൻ സാധിക്കുന്നത്. മതത്തിന്റെ അതിപ്രസരമുള്ള രാഷ്ട്രീയ അന്തരീക്ഷത്തിൽ മഹത്തായ സെക്കുലർ തത്ത്വങ്ങൾ പ്രാവർത്തികമാക്കാൻ സാദ്ധ്യമല്ല.

നമ്മുടെ രാജ്യം തിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുകയാണ്. രാജ്യത്തിന്റെ ഭൗതിക ക്ഷേമവും സർവതോന്മുഖവുമായ പുരോഗതിയും സമാധാനവും പാവപ്പെട്ടവരുടെ ഉന്നമനവും മറ്റുജനാധിപത്യത്തിലെ പാവനമായ മൂല്യങ്ങളും നിലനിർത്തുന്നതിൽ നാം തിരഞ്ഞെടുക്കുന്ന വ്യക്തികൾക്കും കക്ഷികൾക്കും നിർണായക സ്ഥാനമുണ്ട്. തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളാണ് ജനാധിപത്യം വിജയിപ്പിക്കേണ്ടത്. വോട്ടവകാശം എന്നത് നമുക്ക് വിശ്വാസപൂർവം ഏൽപ്പിക്കപ്പെട്ട പാവനമായ ഒരു അവകാശമാണ് (അമാനത്ത്). അത്കൊണ്ട് നമ്മുടെ നിസ്സാരമായ പരിഗണനകൾ മാറ്റിവെച്ച് ഉന്നതമായ മൂല്യങ്ങളുടെയും വിശാലമായ സമൂഹതാൽപര്യങ്ങളുടെയും അടിസ്ഥാനത്തിൽ വളരെ അവധാനപൂർവം ചിന്തിച്ചുകൊണ്ട് ഒരോരുത്തരും അവരുടെ വിലയേറിയ സമ്മതിദാനവകാശം അർഹരായ സ്ഥാനാർഥികളെ കണ്ടെത്തി നൽകുക. അല്ലാഹു ഖുർആനിൽ പറയുന്നു:

***'നിശ്ചയമായും അല്ലാഹു അമാനത്തുകൾ (വിശ്വാസപൂർവം ഏൽപ്പിക്കപ്പെട്ട അവകാശങ്ങൾ) അവയുടെ അവകാശികൾക്ക് നൽകണമെന്ന് കൽപ്പിക്കുന്നു. '(4:59)***



ഹദ്റത്ത് അഹ്മദ് (അ)

# യേശുവിന്റെ സഞ്ചാര പാത


'ഈസാ നബിക്ക് മസീഹ് എന്ന പേര് നൽകപ്പെട്ടത് അദ്ദേഹം വലിയൊരു സഞ്ചാരി ആയത് കൊണ്ടാണ്. അദ്ദേഹം രോമനിർമിതമായ ശിരസ്സാടയും കമ്പിളിയുമാണ് ധരിക്കാറുണ്ടായിരുന്നത്. കയ്യിൽ ഒരു ഊന്നു വടിയും ഉണ്ടാകുമായിരുന്നു. അദ്ദേഹം രാജ്യാന്തരങ്ങളിലും നഗരംതോറും ചുറ്റിത്തിരിഞ്ഞു പോന്നു. സന്ധ്യയായാൽ എത്തിയേടം വിശ്രമിക്കും. വനസസ്യങ്ങൾ ഭക്ഷിക്കുകയും പദയാത്ര നടത്തുകയുമാണ് ചെയ്തിരുന്നത് . ഒരു യാത്രയിൽ കൂട്ടുകാർ അദ്ദേഹത്തിന് വേണ്ടി ഒരു കുതിരയെ വാങ്ങി. ഒരു ദിവസം അദ്ദേഹം കുതിരപ്പുറത്ത് സവാരി നടത്തി. കുതിരക്ക് തീറ്റി കൊടുക്കുവാനുള്ള വക കാണാത്തതുകൊണ്ട് അതിനെ തിരിച്ചു നൽകുകയാണുണ്ടായത്. നാട്ടിൽ നിന്നും യാത്ര പുറപ്പെട്ടു നൂറുക്കണക്കിന് നാഴിക അകലെ നസീബെൻ എന്നിടത്ത് അദ്ദേഹം എത്തിച്ചേർന്നു. അദ്ദേഹത്തിന്റെ തന്നെ ഏതാനും ശിഷ്യന്മാരുമുണ്ടായിരുന്നു. അവരെ അദ്ദേഹം നഗരത്തിൽ ഉപദേശിക്കാൻ നിയോഗിച്ചു. നഗരത്തിൽ യേശുവിനെ പറ്റിയും മാതാവിനെ പറ്റിയും യഥാർഥവും അയഥാർഥവുമായ ഒട്ടേറെ കഥകൾ പ്രചരിച്ചിരിക്കയായിരുന്നു. അത് കാരണം നഗര ഭരണാധികാരികൾ ശിഷ്യരെ ബന്ധനസ്ഥരാക്കുകയും യേശുവിനെ ഹാജരാക്കാൻ കൽപ്പിക്കുകയും ചെയ്തു. യേശു ചിലരുടെ രോഗങ്ങൾ അദ്ഭുതകരമായി സുഖപെടുത്തുകയും മറ്റു ചില ദിവ്യാദ്ഭുതങ്ങൾ കാണിക്കുകയും ചെയ്തു. ഇതിനെ തുടർന്ന് നാസിബെൻ പ്രദേശത്തെ രാജാവ് സൈന്യങ്ങളോടും ജനങ്ങളോടുമൊപ്പം അദ്ദേഹത്തിന്റെ ശിഷ്യരായി തീർന്നു. ഖുർആനിലെ ഭക്ഷ്യാവതരണ കഥ ഈ യാത്രകളിലേതാണ്.

ഇതാണ് റൗളത്തുസ്സഫ്ഫയിലെ വിവരണത്തിന്റെ ചുരുക്കം. ഗ്രന്ഥകർത്താവ് യേശു കാണിച്ചതായുള്ള യുക്തിരഹിതവും അർഥശൂന്യവുമായ ഒട്ടേറെ അദ്ഭുതകൃത്യങ്ങളെ പറ്റി പറയുന്നുണ്ട്. അസത്യങ്ങളും അതിവർണനകളുമെല്ലാം വിട്ടുകളഞ്ഞ് യേശു തന്റെ യാത്രക്കിടയിൽ നാസീബെന്നിൽ എത്തിചേർന്നു എന്ന് മനസ്സിലാക്കിത്തരുന്നു. അടിസ്ഥാന വസ്തുതയിൽ മാത്രം ശ്രദ്ധക്ഷണിച്ചു കൊള്ളട്ടെ. ഇംഗ്ലീഷ് ഭൂപടങ്ങളിൽ നിസിബസ് (Nisibus) എന്ന് കാണിച്ചിട്ടുള്ള നാസിബെൻ മൊസൂളിനും (Mosul) സിറിയക്കും ഇടയിലാണ് സ്ഥിതിചെയ്യുന്നത്. സിറിയയി ൽ നിന്നും പേർഷ്യയിലേക്കുള്ള യാത്രയിൽ യറുശലേമിനു 450 നാഴിക അകലേയുള്ള നാസിബെന്നിലൂടെ കടന്നു പോകണം. നാസിബെന്നിൽ നിന്ന് 48 നാഴികയും ജറുസലെമിൽ നിന്ന് 48 നാഴികയും അകലെയാണ് മൊസൂൾ. മൊസൂളിൽ നിന്നും 100 നാഴിക മാത്രമേ പേർഷ്യൻ അതിർത്തിയിലേക്ക് ദൂരമുള്ളൂ. എന്നുവെച്ചാൽ നാസിബെന്നിൽ നിന്ന് 150 നാഴിക മാത്രം. പേർഷ്യയുടെ കിഴക്കൻ അതിർത്തി അഫ്ഘാനിസ്ഥാനിലെ ഹിറാത്ത് (Herat) പട്ടണത്തോട് തൊട്ടാണ് സ്ഥിതി ചെയ്യുന്നത്. അതായത്, ഹിറാത്ത് അഫ്ഘാനിസ്താന്റെ പടിഞ്ഞാറൻ അതിർത്തിയിൽ പേർഷ്യൻ പ്രദേശത്തിനടുത്തായി കിടക്കുന്നു. പേർഷ്യയുടെ പടിഞ്ഞാറൻ അതിർത്തിയിൽ നിന്നും ഹിറാത്തിലേക്ക് 900 നാഴിക വരും. ഹിറാത്തിൽ

ശേഷം പേജ് 19 ൽ

# അനിഷേധ്യമായ ദിവ്യാടയാളങ്ങൾ

(അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2014 മാർച്ച് 21,28 തീയതികളിൽ ബൈത്തുൽ ഫുതൂഹിൽ (ലണ്ടൻ) നിർവഹിച്ച ജുമുഅ ഖുത്ബകളുടെ സംഗ്രഹം



**ഇ**ന്ന് ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ സത്യസാക്ഷ്യത്തിനായി സമർപിച്ച അടയാളങ്ങൾ, ദൃഷ്ടാന്തങ്ങൾ, മുഅ്ജിസത്തുകൾ എന്നിവ അടങ്ങിയ ലിഖിതശകലങ്ങളും മാർഗനിർദേശങ്ങളും ഉദ്ധരണങ്ങളും പറയുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ സത്യത്തിന് തെളിവായി സൂര്യചന്ദ്ര ഗ്രഹണങ്ങളെ എടുത്തുദ്ധരിച്ചുകൊണ്ട് പറയുന്നു: "ദാറുഖുത്നിയിൽ ഒരു ഹദീഥ് വന്നിട്ടുണ്ട്, അതിപ്രകാരമാണ്. നബി(സ) പറഞ്ഞതായി ഇമാം മുഹമ്മദ് ബാഖിർ പറയുന്നു, നമ്മുടെ മഹ്ദിക്ക് രണ്ടു അടയാളങ്ങൾ നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ലോകമുണ്ടായ കാലം മുതൽ ഒരു റസൂലിന്റേയും നബിയുടേയും കാലത്ത് ഒരിക്കലും അത് വെളിപ്പെട്ടിട്ടില്ല. വാഗ്ദത്ത മഹ്ദിയുടെ കാലത്ത് മാത്രം അതുണ്ടാകണമെന്നാണ് വിധിക്കപ്പെട്ടിട്ടുള്ളത്. അതായത് ചന്ദ്രന് റമദാൻ മാസത്തിൽ അതിന്റെ ആദ്യ രാത്രിയിലും (അതായത് 13-ാം രാവ്) സൂര്യന് അതിന്റെ നടുവിലത്തെ പകലും (അതായത് അതേ റമദാന്റെ 28-ാം പകൽ) ഗ്രഹണമുണ്ടാകുന്നതാണ്. എന്റെ കാലത്തുതന്നെ ഹദീഥിൽ പറയപ്പെട്ട സവിശേഷതയോടെയുള്ള സൂര്യ ചന്ദ്ര ഗ്രഹണം റമദാൻ മാസത്തിലുണ്ടായി എന്നതിന് ഇംഗ്ലീഷിലും ഉർദുവിലുമുള്ള എല്ലാ പത്രങ്ങളും വാനനിരീക്ഷണ കേന്ദ്രത്തിലെ വിദഗ്ധരും സാക്ഷികളാണ്. ഇതുണ്ടായിട്ട് 12 വർഷം കഴിഞ്ഞിരിക്കുന്നു. ഹദീഥിൽ പറയപ്പെട്ടതുപോലെ ഈ ഗ്രഹണങ്ങൾ രണ്ടു പ്രാവശ്യമുണ്ടായി. ഒന്നാമത്തേത് ഈ രാജ്യത്ത്, രണ്ടാമത്തേത് അമേരിക്കയിലും. ഇതേ തീയതികളിൽതന്നെയാണുണ്ടായത്. ഗ്രഹണം ഉണ്ടായ നേരത്ത് ലോകത്ത് ഞാനല്ലാതെ മറ്റാരും വാഗ്ദത്ത മഹ്ദിവാദക്കാരനായി ഉണ്ടായിരുന്നില്ല. എന്റെ മഹ്ദീവാദത്തിന്റെ അടയാളമാണ് ഈ ഗ്രഹണമെന്ന് അവകാശപ്പെട്ട് എന്നെപോലെ ആരും ലോകത്ത് വ്യാപകമായ നിലയിൽ ഫാർസിയിലും അറബിയിലും നോട്ടീസുകളും ലഘുലേഖകളും പ്രസിദ്ധീകരിച്ചതുമില്ല. അതുകൊണ്ട് ഈ ദൈവികാടയാളം എനിക്കുവേണ്ടി നിശ്ചയിക്കപ്പെട്ടിട്ടുള്ളതാണ്. ഈ അടയാളം വെളിപ്പെടുന്നതിന് 12 വർഷംമുമ്പേ അല്ലാഹു ഇതിനെ സംബന്ധിച്ച് എന്നെ അറിയിച്ചിരുന്നു എന്നതാണ് ഇതുസംബന്ധമായ മറ്റൊരു തെളിവ്. അത് അങ്ങനെതന്നെ പുലരുകയും ചെയ്തു. എന്നെ അല്ലാഹു അറിയിച്ച ആ വാർത്ത ബറാഹീനെ അഹ്മദിയ്യ എന്ന എന്റെ ഗ്രന്ഥത്തിൽ രേഖപ്പെട്ട്, ഈ അടയാളം വെളിപ്പെടുന്നതിന് മുമ്പേ ലക്ഷക്കണക്കിന് ആളുകളിൽ പ്രസിദ്ധമായിട്ടുണ്ടായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ)പറയുന്നു: "ഈ ഹദീഥ് ഒരു അദൃശ്യമായ കാര്യം അടങ്ങിയതായിരുന്നു. അത് 13 നൂറ്റാണ്ടുകൾക്കുശേഷം വെളിപ്പെട്ടു. ആ ഹദീഥിന്റെ സംഗ്രഹമിതാണ്, വാഗ്ദത്ത മഹ്ദീ വെളിപ്പെടുമ്പോൾ അദ്ദേഹത്തിന്റെ കാലത്ത് റമദാൻ മാസത്തിൽ ചന്ദ്രഗ്രഹണം 13-ാം രാത്രിയുണ്ടാകുന്നതാണ്. അതേ മാസം സൂര്യ ഗ്രഹണം 28-ാം പകൽ ഉണ്ടാകുന്നതാണ്. വാഗ്ദത്ത മഹ്ദിയുടെ കാലത്തല്ലാതെ മറ്റൊരു വാദിയുടെ കാലത്തും ഇത്തരം സംഭവം ഉണ്ടാകുകയില്ല. നബിയ്ക്കല്ലാതെ ഇത്തരത്തിലുള്ള സുവ്യക്തമായ പ്രവചനം ചെയ്യാൻ മറ്റാർക്കും സാധ്യമല്ലെന്നത് വ്യക്തമാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ പറ

യുന്നു: ലാ യുള്ഹിറു അലാ ഗയ്ബിഹീ അഹദൻ ഇല്ലാ മനിർതളാ മിൻർറസൂൽ (72: 27,28) അതായത് അല്ലാഹു പുണ്യാത്മാക്കളായ റസൂൽമാർക്കല്ലാതെ തന്റെ അദൃശ്യകാര്യങ്ങൾ അറിയിച്ചു കൊടുക്കുകയില്ല. അതുകൊണ്ട് ഈ പ്രവചനം അതിന്റെ അർഥങ്ങളുടെ അടിസ്ഥാനത്തിൽ പൂർണമായ നിലയിൽ പുലർന്നു കഴിഞ്ഞ സ്ഥിതിയ്ക്ക് ഹദീഥ് ബലഹീനമാണെന്ന് പറയുന്നതും ഇമാം ബാഖിറിന്റെ മൊഴിയാണെന്നു പറഞ്ഞ് തള്ളുന്നതും കാര്യം സാധിക്കാൻ പറയുന്ന പച്ചയായ കളവാണ്. കാര്യമെന്താണെന്നുവച്ചാൽ, നബി(സ)തിരുമേനിയുടേയോ വിശുദ്ധഖുർആനിന്റേയോ ഏതെങ്കിലും പ്രവചനം പുലരണമെന്ന് ഇക്കൂട്ടർ ആഗ്രഹിക്കുന്നില്ല. ഇപ്പോൾ പുലർന്ന ഈ സത്യത്തിന്റെ അടയാളം, നബി(സ) തിരുമേനിയുടെ പ്രവചന പുലർച്ചയുടെ അടയാളമാണ്.”

മറ്റൊരു അടയാളത്തെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: “എന്റെ പിതാവ് സൂര്യാസ്തമയത്തിനുശേഷം വഫാത്താകുമെന്ന് അല്ലാഹു എന്നെ അറിയിച്ചപ്പോൾ ഒരു മനുഷ്യനായതുകൊണ്ട് ആ വാർത്തകേട്ട് എനിക്കു വിഷമമുണ്ടായി. കാരണം ഞങ്ങളുടെ ജീവസന്ധാരണത്തിന്റെ അധികവും അദ്ദേഹവുമായി ബന്ധപ്പെട്ടാണ് നടന്നിരുന്നത്. പിതാവിന് സർക്കാരിൽനിന്ന് ലഭിച്ചുപോന്ന പെൻഷനും ഉപഹാരമെന്ന നിലയിൽ ലഭിച്ചിരുന്ന തുകയിൽനിന്നുമാണ് കുടുംബച്ചെലവുകളെല്ലാം നിർവഹിച്ചു പോന്നിരുന്നത്. അത് അദ്ദേഹത്തിന്റെ ജിവിതകാലത്തു മാത്രമേ ലഭിക്കുകയുള്ളൂ എന്ന നിബന്ധനയുണ്ടായിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ കാലശേഷം എന്തായിരിക്കും സംഭവിക്കുക എന്ന ചിന്തയുണ്ടായി. ഞെരുക്കത്തിന്റേയും ബുദ്ധിമുട്ടിന്റേയും നാളുകൾ വരാൻപോകുകയാണോ എന്ന് ശങ്കിച്ചു. ഈ എല്ലാ വിചാരങ്ങളും എന്റെ ചിന്താപഥത്തിലൂടെ ഒരു മിന്നൽപിണരെന്നോണം കടന്നുപോയി. അപ്പോൾ അതേ നേരത്ത് മയക്കത്തിലാകുകയും അലയ്സല്ലാഹു ബികാഫിൻ അബ്ദഹൂ എന്ന രണ്ടാമത്തെ ഇൽഹാമുണ്ടാകുകയും ചെയ്തു. അതായത് “അല്ലാഹു അവന്റെ ദാസന് മതിയായവനല്ലേ?” ഈ ദൈവികവെളിപാടുമുഖേന മനസ്സിന് ഒരു കരുത്ത് ലഭിച്ചു; വളരെ ഗുരുതരമായ മുറിവ് ഒറ്റൊരു മരുന്നുകൊണ്ട് പെട്ടെന്ന് സുഖപ്പെടുന്നതുപോലെ. മനസ്സിന് സമാധാനം നല്കാൻ ഒരു വ്യക്തിപരമായ പ്രത്യേകത ദൈവവെളിപാടിൽ ഉണ്ടെന്നുള്ള കാര്യം വാസ്തവത്തിൽ പല പ്രാവശ്യവും പരീക്ഷിക്കപ്പെട്ടിട്ടുള്ളതാണ്. ആ ദൈവവെളിപാടിലുണ്ടാകുന്ന ദൃഢവിശ്വാസമാണ് ആ പ്രത്യേകതയുടെ വേര്. അഹോ കഷ്ടം! ഇൽഹാമുണ്ടാകുന്നു എന്ന വാദക്കാരുടെ ഇൽഹാം എങ്ങനെയുള്ളതാണ്. തങ്ങളുടെ ഈ ഇൽഹാം ഊഹത്തിലുള്ളതാണ്. ഇത് ശയ്ത്വാനീ ആണോ റഹ്മാനീ ആണോ എന്നൊന്നും തങ്ങൾക്കറിയുകയില്ലെന്ന് അവർ പറയുന്നു. അത്തരം ഇൽഹാമുകളുടെ ദോഷം അവയുടെ ഗുണത്തെക്കാൾ കൂടുതലാണ്. എന്നാൽ, ഞാൻ അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് പറയുന്നു, എനിക്കുണ്ടായ ഇൽഹാമുകളിൽ ഞാൻ വിശുദ്ധഖുർആനിലും അല്ലാഹുവിന്റെ മറ്റു ഗ്രന്ഥങ്ങളിലും വിശ്വസിക്കുന്നതുപോലെ തന്നെയാണ് വിശ്വസിക്കുന്നത്. എപ്രകാരം ഞാൻ വിശുദ്ധ ഖുർആനെ സുദൃഢവും അചഞ്ചലവുമായ നിലയിൽ ദൈവത്തിന്റെ ഗ്രന്ഥമായി മനസ്സിലാക്കുന്നുവോ അതേ പ്രകാരം എനിക്കിറങ്ങുന്ന വചനങ്ങളേയും ഞാൻ അല്ലാഹുവിന്റെ വചനമായി ദൃഢമായും വിശ്വസിക്കുന്നു. കാരണം അതിനോടൊപ്പം ദൈവികമായ തിളക്കവും പ്രകാശവും ഞാൻ കാണുന്നു. അതിനോടൊപ്പം അല്ലാഹുവിന്റെ ശക്തിപ്രഭാവത്തിന്റെ മാതൃകകൾ പ്രാപിക്കുന്നു.

അങ്ങനെ എനിക്ക് അലയ്സല്ലാഹു ബികാഫിൻ അബ്ദഹൂ എന്ന ഇൽഹാമുണ്ടായപ്പോൾ അല്ലാഹു എന്നെ പാഴാക്കുകയില്ലെന്ന് ഞാൻ മനസ്സിലാക്കി. അപ്പോൾ ഞാൻ ഖാദിയാൻവാസിയായ ഒരു ഹിന്ദു ഖത്രി മലാവമല്ലിന്റെ കൈയിൽ ആ ഇൽഹാം എഴുതിക്കൊടുത്തു. എല്ലാ കാര്യങ്ങളും അയാളോടു പറഞ്ഞു. മൗലവി മുഹമ്മദ് ശരീഫ് കലാനൂരി മുഖേന ഈ ഇൽഹാം കൊത്തിച്ച് മോതിരമുണ്ടാക്കിക്കൊണ്ടു വരുന്നതിനുവേണ്ടി അയാളെ അമൃതസറിലേക്കയച്ചു. ഈ മഹത്തായ പ്രവചനത്തിന് സാക്ഷിയാവാൻവേണ്ടി മാത്രമാണ് ഞാൻ ഈ ജോലി അയാളെ ഏല്പിച്ചത്; മൗലവി മുഹമ്മദ് ശരീഫും സാക്ഷിയാവേണ്ടതിന്. അങ്ങനെ മൗലവി സാഹിബ് മുഖേന ആ മോതിരം 5 രൂപ ചെലവിൽ തയ്യാറായി എന്റെ കൈയിലെത്തി. ഇപ്പോഴും അതെന്റെ കൈയിലുണ്ട്. ഞങ്ങളുടെ ജീവിതചെലവുകളെല്ലാം ഞങ്ങളുടെ പിതാവിന്റെ ചെറിയ വരുമാനത്തിൽ നടന്നു വരുന്ന കാലത്താണ് ഈ ഇൽഹാമുണ്ടായത്. പുറത്തുള്ള ഒരാൾ പോലും അന്ന് എന്നെ അറിഞ്ഞിരുന്നില്ല. ആരാലും അറിയപ്പെടാത്ത ഒരു മനുഷ്യനായിരുന്നു ഞാൻ. ഖാദിയാൻ എന്ന വിജനമായ കുഗ്രാമത്തിൽ പതിഞ്ഞു കിടന്നിരുന്ന ഒരു മനുഷ്യൻ. ഇതിനുശേഷം അല്ലാഹു തന്റെ പ്രവചനപ്രകാരം ഒരു ലോകത്തെ എന്നിലേക്ക് തിരിച്ചുവിട്ടു. തുടർച്ചയായ വിജയങ്ങൾകൊണ്ട് സാമ്പത്തിക സഹായം ചെയ്തു. അതിന്റെ നന്ദി വിവരിക്കാൻ എന്റെ പക്കൽ വാക്കുകളില്ല. എന്റെ അവസ്ഥയെ കുറിച്ച് ചിന്തിച്ചപ്പോൾ മാസം 10 രൂപയെങ്കിലും വരുമാനമുണ്ടാകുമെന്നുള്ള പ്രതീക്ഷ എനിക്കുണ്ടായിരുന്നില്ല. എന്നാൽ, സാധുക്കളെ മണ്ണിൽനിന്നുയർത്തുകയും അഹങ്കാരികളെ മണ്ണിൽ അമർത്തുകയും ചെയ്യുന്ന അല്ലാഹു എന്നെ എങ്ങനെയാണ് സഹായിച്ചതെന്നാൽ, ഇപ്പോൾവരെ 3 ലക്ഷത്തോളം രൂപ വന്നു കഴിഞ്ഞിട്ടുണ്ടെന്ന് എനിക്ക് ഉറപ്പിച്ച് പറയാൻ കഴയും. അതിനെക്കാൾ കൂടു

തലുമാകാം. ഈ വരുമാനത്തെ ഇങ്ങനെ ചിന്തിക്കേണ്ടതാണ്; വർഷങ്ങളോളമായി ലങ്കർഖാനയുടെ (ധർമ ഭോജനശാല) ചെലവ് മാസന്തോറും ശരാശരി 1500 രൂപവരെ ആകുന്നുണ്ടെന്ന് കരുതേണ്ടിയിരിക്കുന്നു. ചെലവുകളുടെ മറ്റുശാഖകളുമുണ്ട്. അതായത് മദ്റസ തുടങ്ങിയവ. ഗ്രന്ഥ പ്രസിദ്ധീകരണം ഇതിനു പുറമെയാണ്. അലയ്സല്ലാഹു ബികാഫിൻ അബ്ദഹൂ എന്ന പ്രവചനം എത്ര സുവ്യക്തമായും പ്രൗഢിയോടും കൂടിയാണ് പുലർന്നതെന്ന് നോക്കേണ്ടതാണ്. ഇത് ഏതെങ്കിലും കറ്റുകെട്ടിപ്പറയുന്നവന്റെ പണിയാണോ? ഏതെങ്കിലും സാത്താനിക ദുർബോധനമാണോ? ഒരിക്കലുമല്ല. ഏതൊരുവന്റെ കൈയിലാണോ മാന്യതയും നിന്ദ്യതയും അധഃപതനവും അഭിവൃദ്ധിയുമിരിക്കുന്നത് ആ അല്ലാഹുവിന്റെ പ്രവർത്തിയാണിത്. ഞാൻ പറയുന്ന കാര്യം വിശ്വസിക്കാൻ പറ്റുന്നില്ലെങ്കിൽ വരുമാനത്തിന്റെ കവാടം ഈ കാലയളവിൽ എങ്ങനെയാണ് തുറന്നതെന്ന് മനസ്സിലാക്കാൻവേണ്ടി കഴിഞ്ഞ 20 വർഷത്തെ പോസ്റ്റോഫിസിലെ രജിസ്റ്റർ പരിശോധിച്ചുകൊളളുക.

ജമാഅത്തിന്റെ പുരോഗതിയെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനവും മാർഗനിർദേശങ്ങളും വിവരിച്ചതിനുശേഷം ഹുദൂർ അൻവർ പറഞ്ഞു, 'ഇന്ന് നമ്മൾകാണുന്നു, അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്ത് 204 രാഷ്ട്രങ്ങളിൽ സ്ഥാപിതമായിക്കഴിഞ്ഞിരിക്കുന്നു. കോടിക്കണക്കിന് അംഗങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹത്താലുണ്ട്. ലോകത്തെ മുക്കിലും മൂലയിലും മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ മുഖേന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശവും എത്തിക്കൊണ്ടിരിക്കുന്നു.

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു പ്രവചനം സമർപിച്ചുകൊണ്ട് പറഞ്ഞു, ഇതിൽ ശത്രുക്കളിൽനിന്ന് രക്ഷിക്കുമെന്നുളള വാഗ്ദാനമാണുളളത്. ആ ഇൽഹാം ഇതാണ്: യഅ്സ്വിമുക്കല്ലാഹു മിൻ ഇൻദിഹീ വലൗലം യഅ്സ്വിംക്കന്നാസു ഇതു സംബന്ധമായി ഹുദൂർ പാതിരി മാർട്ടിൻ ക്ലാർക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെതിരിൽ ഫയൽ ചെയ്ത വധോദ്യമക്കേസിനെ കുറിച്ച് പറഞ്ഞു. അല്ലാഹു അദ്ഭുതകരമായനിലയിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ അതിൽ നിന്ന് മോചിപ്പിച്ചു. ഹുദൂർ ആ സംഭവത്തെ കുറിച്ച് പറഞ്ഞു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനവും വിവരിച്ചു. ഫബർറഅഹുല്ലാഹു മിമ്മാ ഖാലൂ വ കാന ഇൻദല്ലാഹി വജീഹാ അദ്ദേഹത്തിന്റെ മേൽ ആരോപിക്കപ്പെട്ട ആരോപണത്തിൽനിന്ന് അല്ലാഹു അദ്ദേഹത്തെ മോചിപ്പിച്ചിരിക്കുന്നു. അദ്ദേഹം അല്ലാഹുവിന്റെ പക്കൽ ബഹുമാന്യനാണ്. ഈ ഇൽഹാം ഇന്നും വലിയ പ്രൗഢിയോടുകൂടി പുലരുകയുണ്ടായി. തന്റെ പ്രപിതാമഹൻ തെറ്റിലായിരുന്നുവെന്നും മിർസാ ഗുലാം അഹ്മദ് ഖാദിയാനി സത്യവാനായിരുന്നുവെന്നും ഡോക്ടർ മാർട്ടിൻ ക്ലാർക്കിന്റെ പ്രപൗത്രൻ നമ്മുടെ മുമ്പിൽ തുറന്നു സമ്മതിക്കുകയുണ്ടായി. നമ്മുടെ സമ്മേളനത്തിലാണ് അദ്ദേഹം ഈ പരസ്യ പ്രസ്താവന നടത്തിയത്. അത് റെക്കോഡാക്കപ്പെട്ടു.

ഹുദൂർ അയ്യദഹുല്ലാഹ് മൗലവി ഗുലാം ദസ്തഗീർ ഖസൂരിയുടെ നാശത്തെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ചെയ്ത പ്രവചനം കേൾപിക്കുകയുണ്ടായി. മൗലവി ഗുലാം ദസ്തഗീർ ഖസൂരി, ഹദ്റത്ത് മസീഹ് മൗഊദു(അ)മായി ചെയ്ത മുബാഹലയുടെ ഫലമായി നശിക്കുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യത്തിനുളള അടയാളമാകുകയും ചെയ്തു.

### അല്ലാഹു നേരിട്ട് സന്മാർഗം നല്കുന്ന കാലം; മഹ്ദി ഇമാമിന്റെ കാലം

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: എന്നെ പിന്തുണച്ചുകൊണ്ട് അല്ലാഹു അടയാളങ്ങൾ വെളിപ്പെടുത്തി. 1906 ജൂലായ് 16 ആയ ഇന്നത്തെ തീയതി മുതൽ ഞാൻ അവയെ ഓരോന്നോരോന്നായി എണ്ണുകയാണെങ്കിൽ അല്ലാഹുവിനെ സത്യംചെയതുകൊണ്ട് ഞാൻ പറയുന്നു, അവ മൂന്നുലക്ഷത്തിലേറെയുണ്ട്. ഞാൻ ചെയ്ത ഈ സത്യത്തിൽ വിശ്വാസമില്ലാത്ത ആരെങ്കിലുമുണ്ടെങ്കിൽ ഞാൻ അവർക്ക് തെളിവ് നല്കാൻ തയ്യാറാണ്.

അവയിൽ ചിലത് ഓരോ ഘട്ടത്തിലും തന്റെ വാഗ്ദാനമനുസരിച്ച് എന്നെ ശത്രുക്കളുടെ ഉപദ്രവത്തിൽനിന്ന് അല്ലാഹു സുരക്ഷിതനാക്കി വെച്ചതാണ്. ചിലത് ഓരോ ഘട്ടത്തിലും തന്റെ വാഗ്ദാനമനുസരിച്ച് എന്റെ ആവശ്യങ്ങൾ പൂർത്തിയാക്കി തന്നതാണ്. ചിലത് **ഇന്നീ മുഹീനുൻ മൻഅറാദ ഇഹാനത്തക്ക** എന്ന വാഗ്ദാനമനുസരിച്ച് എന്റെമേൽ ആക്രമണം നടത്തിയവരെ നിന്ദ്യതയിലും എളിമയിലും ആക്കിയതാണ്. ചിലത് എനിക്കെതിരിൽ കേസ്സുകൊടുത്തവരുടെ മേൽ തന്റെ പ്രചനമനുസരിച്ച് അവൻ എനിക്കു നല്കിയ വിജയമാണ്. ചിലത് അല്ലാഹു എന്നെ അയച്ചതുമുതൽ എനിക്കുകിട്ടിയ ദീർഘമായ കാലയളവാണ്. കാരണം ലോകമുണ്ടായ കാലംമുതൽ ദീർഘായുസ്സ് ഒരുകളളവാദിക്കും ലഭിച്ചിട്ടില്ല. ചില അടയാളങ്ങൾ ഇക്കാലഘട്ടത്തിന്റെ അവസ്ഥകൾ നോക്കുന്നതുകൊണ്ട് ഉണ്ടാകുന്നതാണ്. അതായത് ഇക്കാലം ഏതെങ്കിലും ഇമാമിന്റെ ആവശ്യകത സമ്മതിക്കുന്നു. ചിലത് എന്റെ സ്നേഹിതന്മാർക്കുവേണ്ട് ഞാൻ ചെയ്ത ദുആകൾ സ്വീകരിക്കപ്പെട്ടതാണ്. ചിലത് ഉപദ്രവകാരികളായ ശത്രുക്കൾക്കെതിരിൽ ഞാൻ ചെയ്ത ശാപ പ്രാർഥനയുടെ ഫലമായുണ്ടായതാണ്. ചിലത് ഗുരുതരമായി രോഗം ബാധിച്ചവർ എന്റെ ദുആ മുഖേന സുഖം പ്രാപിച്ചതാണ്. അവർ രോഗാവസ്ഥയിലായിരിക്കുമ്പോൾ സുഖംപ്രാപിക്കുമെന്ന് അല്ലാഹു എന്നെ അറിയിച്ചിരുന്നു. ചിലത്, എന്റെ സത്യം സാക്ഷ്യപ്പെടുത്തുന്നതിനായി വലിയ വലിയ സമുന്നതരായ ആളുകൾക്ക് -അവർ പ്രസിദ്ധരായ ഫുഖ്റാക്കളിൽപ്പെട്ടവ

രാണ്- സ്വപ്നങ്ങളുണ്ടായി എന്നതാണ്. നബി(സ)തിരുമേനിയെ അവർ സ്വപ്നത്തിൽ കണ്ടു. സിന്ധിലെ സജ്ജാദ നശീൻ സാഹിബുൽ ഇൽമിനെപ്പോലുളളവർ. അദ്ദേഹത്തിന് ഒരു ലക്ഷത്തിന്നടുത്ത് മുരീദുമാരുണ്ട്. ഖ്വാജ ഗുലാം ഫരീദ് അഹ്മദ് സാഹിബ് ചാച്ഡ വാലയെ പോലുളളവർ. ചിലത് സ്വപ്നത്തിൽ ഇയാൾ അല്ലാഹുവിൽനിന്നുളളവനാണെന്ന് പറയപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എനിക്കു ബയ്അത്ത് ചെയ്തവരുടേതാണ്. ചിലർ ബയ്അത്ത് ചെയ്യാൻ കാരണം നബി(സ) തിരുമേനിയെ സ്വപ്നത്തിൽ കാണുകയും 'ലോകം അവസാനിക്കാൻ പോകുകയാണ്, ഇത് അല്ലാഹുവിന്റെ ഖലീഫയും മസീഹ് മൗഊദുമാണ്' എന്ന് ആ മഹാത്മാവ് പറഞ്ഞതുമാണ്. ചില അടയാളങ്ങൾ ചില വലിയ പുണ്യാത്മാക്കൾ എന്റെ ജനനത്തിനോ എനിക്ക് പക്വപ്രായം എത്തുന്നതിനു മുമ്പോ എന്റെ പേരെടുത്ത് പറഞ്ഞുകൊണ്ട് ഞാൻ മസീഹ് മൗഊദാണെന്ന് അറിയിപ്പ് നല്കിയതാണ്. നിഅ്മത്തുല്ലാഹ് വലി, ലുധിയാനജില്ലയിലെ ജമാൽപൂർവാസിയായ മിയ ഗുലാബ് ശാഹ് എന്നിവരെപ്പോലുളളവർ. അതായത് ഖബ്റുകളുടെ വെളിപ്പെടുത്തൽ. മരിച്ചവരുടെ അവസ്ഥകൾ അറിഞ്ഞ് അവരെ കുറിച്ച് അറിവ് നല്കുകയോ അവരുമായി കൂടിക്കാഴ്ച സാധ്യമാക്കുകയോ ചെയ്യുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതു സംബന്ധമായി പറയുന്നു: 'ഒരു ദീർഘകാലം മുമ്പേ അല്ലാഹു എന്നോടു പറഞ്ഞു, **'യഅ്തൂന മിൻകുല്ലി ഫജ്ജിൻ അമീഖ് വയഅ്തീക്ക മിൻകുല്ലി ഫജ്ജിൻ അമീഖ്.'** അല്ലാഹു ഇത് പറഞ്ഞത് ഞാൻ ആരാലും അറിയപ്പെടാതിരുന്ന ഒരു കാലത്താണ്. ഇപ്പോൾ ആ പ്രവചനം എത്ര പ്രൗഢിയോടുകൂടിയാണ് പുലർന്നുകൊണ്ടിരിക്കുന്നത്. ഇതിനു തുല്യമായി എന്തെങ്കിലും കാണിക്കാനുണ്ടോ?

വീണ്ടും പറയുന്നു: 'നോക്കൂ! ഞാൻ സത്യമായും പറയുന്നു. നിങ്ങൾ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ അവമതിക്കരുത്. അവയെ നിന്ദ്യമായിക്കരുതരുത്. അത് വഞ്ചിക്കപ്പെട്ടതിന്റെ അടയാളമാണ്. അല്ലാഹു അത് ഇഷ്ടപ്പെടുന്നില്ല. ഇപ്പോൾ ഇന്നലെ നടന്ന സംഭവമാണ്. ലേഖ്റാം അല്ലാഹുവിന്റെ മഹത്തായ അടയാളമനുസരിച്ച് വധിക്കപ്പെട്ടു. കോടിക്കണക്കിന് ആളുകൾ അദ്ദേഹത്തെ കുറിച്ച് ഞാൻ ചെയ്ത പ്രവചനത്തിന് സാക്ഷികളാണ്. ലേഖ്റാം തന്നെയും അതിനു പ്രസിദ്ധി നല്കിയിരുന്നു. അയാൾ പോകുന്ന സ്ഥലത്തൊക്കെ അത് വിവരിക്കുമായിരുന്നു. ഈ ദൃഷ്ടാന്തം ഇസ്‌ലാമിന്റെ സത്യത്തിനുവേണ്ടി അയാൾ സ്വയം ചോദിച്ചു വാങ്ങിയതാണ്. അതിനെ, സത്യമതമേതെന്നും കളളമതമേതെന്നും തിരിച്ചറിയാനുളള ഒരു മാനദണ്ഡമെന്ന നിലയിൽ സ്ഥാപിച്ചിരിക്കുകയാണ്. അവസാനം അയാൾ സ്വയം, ഇസ്‌ലാം സത്യമാണെന്നും ഞാൻ സത്യവാനാണെന്നും തന്റെ രക്തം കൊണ്ട് സാക്ഷ്യം പറയുന്ന ആളായി മാറി. ഈ അടയാളത്തെ കളവാക്കുകയും അതിനെ അവഹേളിക്കുകയും ചെയ്യുന്നത് എത്രമാത്രം അനീതിയാണ്, അക്രമമാണ്. പിന്നീട് ഇത്തരം സുവ്യക്തമായ അടയാളങ്ങളെ നിഷേധിക്കുക എന്നത് സ്വയം ലേഖ്റാം ആയിത്തീരുകയല്ലാതെ മറ്റെന്താണ്?

എനിക്കു വളരെയേറെ വിഷമമുണ്ട്. ഏതൊരു അവസ്ഥയിലാണോ അല്ലാഹു അത്തരം അനുഗ്രഹം ചെയ്തത് അതായത് അവൻ എല്ലാ സമൂഹങ്ങൾക്കുവേണ്ടിയും അടയാളങ്ങൾ കാണിച്ചു. ജലാലിയും ജമാലിയുമായിട്ടുളള അടയാളങ്ങൾ നല്കപ്പെട്ടു. അതിനുശേഷം അതിനെ ചപ്പുചവറുപോലെ വലിച്ചെറിയുന്നത് ദൗർഭാഗ്യവും അല്ലാഹുവിന്റെ കോപത്തിന് ഇരയാകലുമാണ്. ആരാണോ ദൈവദൃഷ്ടാന്തങ്ങളെ അവഗണിക്കുന്നത് അവൻ ഓർത്തുകൊളളട്ടെ! അല്ലാഹുവും അവനെ അവഗണിച്ചു കളയുന്നതാണ്. അല്ലാഹുവിൽനിന്ന് വെളിപ്പെടുന്ന അടയാളങ്ങളെ ദൈവഭയമുളള ബുദ്ധിമാൻ തിരിച്ചറിയുന്നു. അതിനെ പ്രയോജനപ്പെടുത്തുന്നു. എന്നാൽ വിവേകമില്ലാത്തവനും ദൈവഭയം മുന്നിൽവച്ച് അതിൽ ചിന്തിക്കാത്തവനും വഞ്ചിതനായിത്തീർന്നിരിക്കുന്നു. കാരണം അവൻ ആഗ്രഹിക്കുന്നത് ലോകം ഒന്നുമല്ലാതായിത്തീരണമെന്നാണ്. ഈമാനിന്റെ ഉളളിലെ ആ പരിശുദ്ധാവസ്ഥ അവശേഷിക്കരുതെന്നാണ്. അല്ലാഹു അങ്ങനെ ഒരിക്കലും ചെയ്യാറില്ല. അങ്ങനെ ആയിരുന്നെങ്കിൽ യഹൂദികൾക്ക് ഹദ്റത്ത് മസീഹിനെ നിഷേധിക്കേണ്ട കാര്യമെന്തായിരുന്നു? മൂസായെ നിഷേധിച്ചതെന്തിനാണ്.? ഇതിനെക്കാളൊക്കെ ഉപരിയായി നബി(സ)തിരുമേനിക്ക് ഇത്രമാത്രം ബുദ്ധിമുട്ടുകൾ സഹിക്കേണ്ടി വന്നതെന്തിനാണ്?

അദൃശ്യകാര്യങ്ങൾ ഇല്ലാതാകുന്ന വിധത്തിൽ ദൃഷ്ടാന്തം വെളിപ്പെടുത്തുക എന്നത് അല്ലാഹുവിന്റെ നടപടിക്രമമല്ല. അല്ലാഹുവിന്റെ നടപടിക്രമത്തെ കുറിച്ചറിയാത്ത അജ്ഞനായൊരു കാട്ടാളൻ അദൃശ്യത്തിലുളള വിശ്വാസത്തിന്റെ വകുപ്പിൽനിന്ന് പുറത്തുളള കാര്യത്തെയാണ് അടയാളമെന്നും മുഅ്ജിസത്തെന്നും പറയുന്നത്. അല്ലാഹു ഒരിക്കലും അങ്ങനെ ചെയ്യാറില്ല. നമ്മുടെ ജമാഅത്തിനു വേണ്ടി അല്ലാഹു ഒരു കുറവും വരുത്തിയിട്ടില്ല. ഒരു വ്യക്തിയും ഒരാളുടെ മുമ്പിലും ഒരിക്കലും ലജ്ജിതനാവുകയുമില്ല. ഈ ജമാഅത്തിൽ പ്രവേശിക്കുന്ന ഒരാൾക്കുപോലും ഒരു ദൃഷ്ടാന്തവും താൻ കണ്ടിട്ടില്ലെന്ന് പറയാൻ സാധ്യമല്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ബറാഹീനെ അഹ്മദിയ്യ വായിച്ചുനോക്കുക. അതിൽ ചിന്തിക്കുക. ഇക്കാലത്തെ എല്ലാ വർത്തമാനങ്ങളും അതിലുണ്ട്. സ്നേഹിതരെ സംബന്ധിച്ചുമുണ്ട്. ശത്രുക്കളെ സംബന്ധിച്ചുമുണ്ട്. ഈ ജമാഅത്തിന്റെ പേരും അടയാളവും പോലും ഇല്ലാതിരുന്ന ഒരു കാലത്ത്, എന്റെ സ്വന്തം ജീവിതത്തെകുറിച്ചു ഞാനിത്രകാലം ജീവിച്ചിരിക്കുമെന്ന് അറിയാതിരുന്ന കാലത്ത്, 30 വർഷം

മുമ്പേ ഇത്ര മഹത്തായ വാർത്തകൾ -അത ്ഒന്നോരണ്ടോ അല്ല- നല്കുകയെന്നതും പിന്നീട് അത് പൂർത്തിയാകുക എന്നതും മനുഷ്യന്റെ കഴിവിൽപെട്ടതാണോ? ഇതെല്ലാം ബറാഹീനെ അഹ്മദിയ്യായിലുണ്ട്. അത് അഹ്മദികളുടെ വീടുകളിലുണ്ട്. ക്രിസ്ത്യാനികളുടെയും ആര്യസമാജക്കാരുടെയും സർക്കാരിന്റെയും പക്കലുണ്ട്. ദൈവഭയവും സത്യാന്വേഷണവുമുണ്ടെങ്കിൽ ഞാൻ പറയുന്നു, ബറാഹീനെ അഹ്മദിയ്യായിലെ അടയാളങ്ങൾകൊണ്ടുതന്നെ വിധിനടത്തുക. നോക്കൂ! ഞാൻ ആരാലും അറിയപ്പെടാതിരുന്ന കാലത്ത് -ആരും ഇവിടെ വരാറുമുണ്ടായിരുന്നില്ല-ഇപ്പോൾ ഇവിടത്തെ ജമാഅത്തിലുള്ളവരിൽ ഒരാൾ പോലും അന്ന് എന്നോടൊപ്പം ഇല്ലാതിരുന്ന കാലത്ത് അല്ലാഹു അറിയച്ചതാണ് ഇതെല്ലാം. ഈ പ്രവചനം ഭാവനാത്മകവും സാങ്കല്പികവുമായിരുന്നെങ്കിൽ ഇന്ന് ഇവിടെ ഇത്രവലിയ ജമാഅത്ത് എങ്ങനെയുണ്ടായി? ഖാദിയാനുവെളിയിൽ ഒരാൾപോലും അറിയാത്ത ഒരു വ്യക്തിയെ -അയാളെ സംബന്ധിച്ച് ബറാഹീനെ അഹ്മദിയ്യായിൽ പറയപ്പെട്ടു: **ഫഹാന അൻതുആന വതുഅ്റഫ ബയ്നന്നാസി** 'നിന്നെ സഹായിക്കുന്ന സമയം വന്നെത്തിയിരിക്കുന്നു. നിന്നെ ജനങ്ങളിൽ പ്രസിദ്ധനും അറിയപ്പെട്ടവനുമാക്കും.'

ഹുദൂർ അയ്യദഹുല്ലാഹ് തആലബിനസ്രിഹിൽ അസീസ് പറഞ്ഞു: 'ഇന്ന് ആ മഹാത്മാവ് ഇന്ത്യയിൽ മാത്രമല്ല അറേബ്യ, ശാമ്, മിസ്റിൽനിന്ന് പുറത്തുകടന്ന് യൂറോപ്പിലും അമേരിക്കയിലും ആഫ്രിക്കയിലുംവരെയുള്ള ആളുകൾ അദ്ദേഹത്തെ തിരിച്ചറിയുന്നിന്റെ കാരണമെന്താണ്? കഴിഞ്ഞ മൂന്നു ദിവസം ഖാദിയാനിൽനിന്ന് അറേബ്യൻ നാടുകൾക്കുവേണ്ടി പരിപാടികൾ സംപ്രേഷണം ചെയ്തിരുന്നു. അത് അറേബ്യൻ ലോകത്ത് ഒരു വമ്പിച്ച ഒച്ചപ്പാടുതന്നെ സൃഷ്ടിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'ഇത് അല്ലാഹു പറഞ്ഞതല്ലായിരുന്നുവെങ്കിൽ, ദൈവേച്ഛയ്ക്ക് വിരുദ്ധമായി ഒരു കറ്റുകെട്ടുകാരന്റെ പദ്ധതിയായിരുന്നെങ്കിൽ എന്തിനാണ് അല്ലാഹു അയാളെ സഹായിച്ചത്? അത് പുലരാനുള്ള സാഹചര്യങ്ങളും കാരണങ്ങളും എന്തിനാണ് സൃഷ്ടിച്ചത്? ഇതെല്ലാം ഞാൻ സ്വയം ഉണ്ടാക്കിയതാണോ? ഇങ്ങനെയാണ് അല്ലാഹു ഒരു കറ്റുകെട്ടുകാരനെ പിന്തുണയ്ക്കുന്നതെങ്കിൽ, അപ്പോൾ പിന്നെ സത്യാത്മാക്കളുടെ സത്യതയ്ക്കുള്ള മാനദണ്ഡമെന്താണ്? നിങ്ങൾതന്നെ അതിനു മറുപടി നല്കുക. സൂര്യനും ചന്ദ്രനും റമളാൻമാസത്തിൽ ഗ്രഹണമുണ്ടാകുക. എന്റെ കാലത്ത് ഞാനത് ഉണ്ടാക്കാൻ, എന്റെ കഴിവിൽപ്പെട്ടതായിരുന്നോ അത്? നബി (സ)തിരുമേനി സത്യമഹ്ദിയുടെ അടയാളമായി നിശ്ചയിച്ചിരുന്നതുപോലെതന്നെ അത് പുലർന്നു. അല്ലാഹു നബി(സ)തിരുമേനിയുടെ ആ പ്രവചനം ഞാൻ മഹ്ദിയാണെന്ന് വാദിച്ച കാലത്തുതന്നെ പൂർത്തിയാക്കി. ഞാൻ അവനിൽനിന്നുള്ളവനല്ലായിരുന്നെങ്കിൽ അല്ലാഹു സ്വയം ജനങ്ങളെ വഴിപിഴപ്പിക്കുകയായിരുന്നോ? എന്നെ നിഷേധിക്കുന്നത് എവിടെയൊക്കെ ചെന്ന് കൊള്ളുന്നുണ്ടെന്ന് ചിന്തിച്ചിട്ട് ഇതിനെല്ലാം മറുപടി തരേണ്ടതാണ്. എന്നെ നിഷേധിക്കുമ്പോൾ നബി(സ)തിരുമേനിയെയും അല്ലാഹുവിനെയും നിഷേധിക്കൽ നിർബന്ധമാകും. ഇപ്രകാരം ഒന്നോരണ്ടോ അല്ല നിരവധി അടയാളങ്ങളുണ്ട്. എന്നല്ല ആയിരക്കണക്കിന് ലക്ഷക്കണക്കിനുണ്ട്. നിങ്ങൾക്ക് ഏതിനെയൊക്കെയാണ് നിഷേധിക്കാൻ കഴിയുക. അതേ, ബറാഹീനെ അഹ്മദിയ്യായിൽ ഇതും എഴുതിയിട്ടുണ്ട്. **യഅ്തൂന മിൻകുല്ലി ഫജ്ജിൻ അമീഖ്** നിങ്ങൾതന്നെ ഇപ്പോൾ നേരിട്ട് ഇവിടെ എന്റെയടുക്കൽ വന്നിരിക്കുകയാണ്. നിങ്ങളും ഒരു അടയാളം പുലർത്തിക്കാണിച്ചിരിക്കുകയാണ്. നിങ്ങൾ വന്നതുകൊണ്ട് നിങ്ങൾ പൂർത്തിയാക്കിയ ഈ അടയാളത്തെയും നിങ്ങൾ നിഷേധിക്കുക. മായിച്ചു കളയാമെങ്കിൽ മായിച്ചു കളയുക. ഞാൻ വീണ്ടും പറയുന്നു: ദൈവദൃഷ്ടാന്തങ്ങളെ കളവാക്കുന്നത് നല്ലതല്ല. അതുമുഖേന അല്ലാഹുവിന്റെ കോപം ജ്വലിച്ചുയരുന്നു. എന്റെ മനസ്സിലുണ്ടായിരുന്നത് ഞാൻ പറഞ്ഞു. ഇതു വിശ്വസിക്കുകയോ വിശ്വസിക്കാതിരിക്കുകയോ ചെയ്യുക നിങ്ങളുടെ അധികാരത്തിൽപ്പെട്ടതാണ്. ഞാൻ സത്യവാനാണെന്നും അവനിൽനിന്ന് വന്നവനാണെന്നും അല്ലാഹു നല്ലവണ്ണം അറിയുന്നു."

പിന്നീട് രോഗങ്ങളിൽനിന്ന് സുഖം പ്രാപിച്ച അടയാളങ്ങളാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'മാലേർകോട്ട്ല റഈസായ സർദാർ നവാബ് മുഹമ്മദലിഖാൻ സാഹിബിന്റെ മകൻ അബ്ദുർറഹീം ഖാന് കഠിനമായ ജ്വരം ബാധിച്ചു. ജീവൻ രക്ഷപ്പെടുമെന്നുള്ള ഒരു ലക്ഷണവും കണ്ടില്ല; തികച്ചും മരിച്ചവനെപ്പോലെ. ആ സമയത്ത് ഞാൻ ആ കുട്ടിക്കുവേണ്ടി ദുആ ചെയ്തപ്പോൾ അത് **തഖ്ദീറെ മുബർറം**(അചഞ്ചലമായ വിധി) ആണെന്ന് മനസ്സിലായി. അപ്പോൾ ഞാൻ അല്ലാഹുവിനോട് യാചിച്ചു: 'യാ ഇലാഹീ! ഞാൻ അവനുവേണ്ടി ശിപാർശ ചെയ്യുന്നു.' അതിനു മറുപടിയായി അല്ലാഹു പറഞ്ഞു, '**മൻദല്ലദീ യശ്ഫഉ ഇൻദഹൂ ഇല്ലാ ബിഇദ്നിഹീ** അല്ലാഹുവിന്റെ അനുമതിയില്ലാതെ അവന്റെ സന്നിധിയിൽ ശിപാർശ ചെയ്യാൻ ആർക്കാണ് അധികാരം. അപ്പോൾ ഞാൻ നിശബ്ദനായി. കുറച്ചു കഴിഞ്ഞപ്പോൾ ഇൽഹാമുണ്ടായി, **ഇന്നക്ക അന്തൽ മജാസ്** അതായത് നിനക്ക് ശിപാർശ ചെയ്യാൻ അനുവാദം നല്കപ്പെട്ടിരിക്കുന്നു. അപ്പോൾ ഞാൻ അങ്ങേയറ്റം വിനയത്തോടും താണുകേണും ദുആ ചെയ്യാൻ തുടങ്ങി. അല്ലാഹു എന്റെ ദുആ കേട്ടു. ആ കുട്ടി ഖബ്റിൽനിന്നെഴുന്നേറ്റവനെപ്പോലെ രോഗത്തിൽനിന്ന് പുറത്തു വന്നു. ആരോഗ്യത്തിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. ദീർഘ

ശേഷം പേജ് 30 ൽ


# മതം : ജീർണനവും പുനരുജ്ജീവനവും

സമൂഹത്തിന്റെ ജീർണതയും ദൈവാസ്തിത്വ ത്തിലുള്ളവിശ്വാസക്കുറവും തമ്മിൽ അഗാധമായ ബന്ധമുണ്ട്.

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

**സാ**ത്വികരായ ജനങ്ങൾക്ക് അവരുടെ സാത്വികത അനന്തര തലമുറയിലേക്ക് ദീർഘകാലമായി പകർന്നു നൽകുക എന്നത് അത്യന്തം വിഷമകരമാണ്. ചിലപ്പോഴെല്ലാം അപ്രകാരം സംഭവിച്ചിട്ടുണ്ട്. പൂർവപിതാക്കളുടെ സാത്വികത തുടർന്നു വരുന്ന തലമുറകളിലേക്ക് അഗാധമായി വേരോടിയതായി കാണാം. ആദ്യതലമുറയിലെ ധാരാളം പേർ വെളിച്ചത്തിലേക്ക് നയിക്കപ്പെടുന്നു. അവർ ഒരിക്കലും തന്നെ പഴയ ഇരുട്ടിലേക്ക് തിരിച്ചു പോകുന്നില്ല. തലമുറകൾ കഴിയുമ്പോൾ വിശ്വാസം ദുർബലമായി വരുന്നു. അത് ഒരൊറ്റ രാത്രികൊണ്ട് സംഭവിക്കുന്നില്ല. പ്രവാചകന്റെ മരണത്തിനു ശേഷം ആരംഭിക്കുന്ന മന്ദമായ ഒരു ജീർണന പ്രക്രിയയാണത്. അവസാനം വളരെ കഷ്ടപ്പെട്ടു സമ്പാദിച്ച ദൈവത്തിന്റെ ഏകത്വത്തിലുള്ള വിശ്വാസം നശിക്കുന്നു. വിശ്വാസത്തിന് മങ്ങലേൽക്കുമ്പോൾ അന്ധവിശ്വാസങ്ങൾ അതിക്രമിച്ച് വരികയും വിശ്വാസത്തിനു മേൽ അവ നേടുകയും ചെയ്യുന്നു. സർവ ശക്തനായ ദൈവം നിരവധി ദൈവങ്ങളായി ശകലീകരിക്കപ്പെടുന്നു. ആരാധനാലയങ്ങൾ തോറും വെളിച്ചപ്പാടുകൾ ഉണ്ടാവാൻ ആരംഭിക്കുകയും അസത്യവാൻമാരായ മതപുരോഹിതൻമാർ സാധാരണ ജനങ്ങളെ വഞ്ചിക്കാൻ തങ്ങൾ സ്വതന്ത്രരാണെന്ന് കരുതുകയും ചെയ്യുന്നു.

മനുഷ്യരോടുള്ള ഇടപാടുകളിൽ എല്ലാ മതങ്ങളും ധാർമികത പാലിക്കാൻ ഊന്നിപ്പറയുന്നു. മറ്റു പല കാര്യങ്ങളിലും വ്യത്യസ്തതയുണ്ടെങ്കിലും ധാർമികതയിൽ ഊന്നൽ നൽകുന്ന കാര്യത്തിൽ അവർ ഒന്നിക്കുന്നു. മതം അധികാരസ്ഥരുടെയും സമ്പന്നൻമാരുടെയും പക്ഷം ചേരുന്നു എന്നത് എല്ലായിടത്തും എല്ലാകാലത്തും കാണപ്പെടുന്ന സാർവത്രികമായ ഒരു ആരോപണമാണ്. പിന്നീടുണ്ടായ ജീർണത മുറ്റിയ കാലഘട്ടത്തിന്റെ പശ്ചാത്തലത്തിൽ ഒരു പക്ഷേ ഈ ആരോപണം ഒരളവോളം ശരിയാണെന്ന് വരും. ഒരു പ്രവാചകന്റെ ആഗമനത്തോടെ ആരംഭിക്കുന്ന ഒരു മതത്തിന്റെ ആദിമ ചരിത്രത്തിന്റെ വെളിച്ചത്തിൽ ഈ ആരോപണം ഒരിക്കലും അംഗീകരിക്കാൻ സാധ്യമല്ല. പ്രവാചകൻമാരുടെ ധാർമികത എപ്പോഴും നീതിയുടെയും ന്യായത്തിന്റെയും പക്ഷം ചേർന്നാണ് പ്രവർത്തിച്ചത്. ദുർബലരെയും നിർധനരെയും ചൂഷണം ചെയ്യുന്നതിനെതിരെ ഒരു വിശുദ്ധയുദ്ധം പ്രഖ്യാപിച്ചു കൊണ്ടാണ് അവർ നീതിയുടെയും ന്യായത്തിന്റെയും പക്ഷത്ത് നിലയുറപ്പിച്ചത്. മർദകർക്കെതിരെ മർദിതരുടെ കരങ്ങളെയും വേട്ടക്കാർക്കെതിരെ ഇരകളുടെ കരങ്ങളെയും അവർ ശക്തിപ്പെടുത്തി.



ഭൂമിയിലെവിടെയാണ് ചൂഷിതർക്കെതിരെ ചൂഷകരെ മതം പിന്തുണച്ചത്. മതങ്ങളുടെ ആദ്യകാല ചരിത്രം മുഴുവൻ പരിശോധിച്ചാലും അത്തരത്തിലുള്ള ഒരുദാഹരണം പോലും നിങ്ങൾക്ക് കാണാൻ സാധ്യമല്ല. അത് ദുർബലർക്കും പാവപ്പെട്ടവർക്കും വേണ്ടിയായിരുന്നു നിയമനിർമാണം നടത്തിയിരുന്നത്. ഈ നിയമങ്ങളുടെ യഥാർഥത്തിലുള്ള നടത്തിപ്പ് ഉറപ്പു വരുത്തിയിരുന്നതും ദൈവം എല്ലാം അറിയുന്നവനാണ് എന്ന വിശ്വാസം ഉൾക്കൊണ്ടായിരുന്നു. ദൈവത്തിന്റെ പ്രവൃത്തിയിൽ നിന്നും ദൈവം ചെയ്യാനുദ്ദേശിക്കുന്ന പ്രവൃത്തിയിൽ നിന്നും അതിനെപ്പറ്റിയെല്ലാമുള്ള ദൈവത്തിന്റെ അറിവിൽ നിന്നും ഒരു വിശ്വാസിക്ക് ഒരിക്കലും രക്ഷപ്പെടാൻ സാധ്യമല്ലായിരുന്നു. മനുഷ്യനിർമിത നിയമം

നടപ്പാക്കുമ്പോൾ ഇത്തരത്തിലുള്ള മേൻമ അതിന് അവകാശപ്പെടാൻ സാധ്യമല്ല. മനുഷ്യ നിർമിതനിയമങ്ങൾ അത് നിർമിക്കുന്ന വ്യവസ്ഥയെ സംരക്ഷിക്കുന്നതിൽ നിരന്തരം പരാജയപ്പെടുന്നു. നിയമം നിർമിച്ചവർ ആരാണോ അവർ സദാസമയം തങ്ങളെ നോക്കിപ്പാർത്തുകൊണ്ടിരിക്കുന്നു എന്ന ബോധം നിയമലംഘകരായ കുറ്റവാളിക്ക് ഇല്ലാത്തതിനാലാണ് ഇങ്ങനെ മനുഷ്യനിർമിത നിയമങ്ങൾ പരാജയപ്പെടുന്നത്. ശിക്ഷയെക്കുറിച്ച് ഭീഷണിപ്പെടുത്തിക്കൊണ്ട് നിയമം എത്ര തന്നെ കർക്കശമാക്കിയാലും ശരി കുറ്റവാളികളുടെ കരങ്ങളെ ബന്ധിക്കാൻ സാധ്യമല്ല. കുറ്റത്തിന്റെ പ്രഭവ കേന്ദ്രങ്ങളിലേക്ക് എത്തിച്ചേരാൻ അതിന് സാധ്യമല്ല. അതായത് കുറ്റങ്ങൾ ഉത്ഭവംകൊള്ളുന്ന നിഗൂഢ ചിന്തകളുടെ രഹസ്യ സങ്കേതങ്ങളിലേക്ക് ഇറങ്ങി ചെല്ലാൻ നിയമത്തിനാവില്ല. തന്റെ നിഗൂഢചിന്തകൾ ആരും അറിയാതിരിക്കുന്നത് പോലെ തന്റെ പ്രവൃത്തിയും നിയമത്തിന്റെ ദൃഷ്ടിയിൽ നിന്ന് മറക്കപ്പെടും എന്ന പ്രതീക്ഷയിലാണ് ഒരു കുറ്റവാളി എപ്പോഴും അഭയം കണ്ടെത്തുന്നത്. തിന്മയുടെ മടിത്തട്ടിൽ അഭയം തേടുക എന്നത് കുറ്റത്തിന്റെ മറ്റൊരു ദുഷ്പ്രേരണയാണ്. കുറ്റം ചെയ്യാനുള്ള മനുഷ്യന്റെ വാസനയും, കുറ്റകൃത്യങ്ങൾ നടത്തുവാനുള്ള എടുത്തുചാട്ടവും, കുറ്റം കണ്ടു പിടിക്കപ്പെടുകയില്ല എന്ന വിചാരവുമായി നേരിട്ട് ബന്ധപ്പെട്ടതാണ്. അതുകൊണ്ട് നിയമ നിർമാണം കൊണ്ട് മാത്രം സാമൂഹിക തിന്മകളെ ഉൻമൂലനം ചെയ്യാൻ സാധ്യമല്ല. കാരണം കുറ്റകൃത്യം രൂപപ്പെടുന്ന അഗാധമായ അന്ധകാര ഗർത്തത്തിലേക്ക് അതിന് കടന്നെത്താനുള്ള കഴിവില്ല. മിക്ക തിന്മകളും ആളുകൾ നിർവഹിക്കുന്നത് ആരും കാണുന്നില്ല എന്നും, പിടിക്കപ്പെടില്ല എന്നുമുള്ള ധാരണയിലാണ്. കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കപ്പെടാനുള്ള അത്യാധുനിക സാമഗ്രികൾ വന്നാലും അതൊന്നും തന്നെ കുറ്റവാളിയുടെ, താൻ പിടിക്കപ്പെടില്ല എന്ന ആത്മ വിശ്വാസത്തെ ചഞ്ചലപ്പെടുത്തുന്നില്ല. കാരണം നിയമത്തിന്റെ കണ്ണിൽപ്പെടാതെ കുറ്റവാളി കുറ്റകൃത്യങ്ങൾ ആസൂത്രണം ചെയ്യുന്നത് ഹൃദയത്തിന്റെ രഹസ്യമുറികളിൽ വെച്ചാണ്.

ദൈവത്തിന്റെ അസ്തിത്വത്തിലുളള അഗാധമായ വിശ്വാസവും ദൈവത്തോടു കണക്ക് പറയേണ്ടി വരുമെന്നുള്ള വിശ്വാസവുമാണ് എല്ലാ കുറ്റകൃത്യങ്ങളേയും ഇല്ലാതാക്കുകയും നശിപ്പിക്കുകയും ചെയ്യുന്നത്. ഇത് തന്നെയാണ് മതത്തിന്റെ ഭാഗത്ത് നിന്നുള്ള ധാർമിക നിയമങ്ങളുടെ ഉദ്ദേശ്യം. വാസ്തവത്തിൽ ധാർമികത എന്നത് മതത്തിന്റെ നിലനിൽപ്പിന് സ്വയം അനുപേക്ഷണീയമായ ഒന്നാണ്. ധാർമിക നിലവാരം അധഃപതിക്കുമ്പോൾ അത് ആദ്യമായി ബാധിക്കുക മതത്തേയാണ്. സത്യസന്ധതയില്ലായ്മയും അധാർമികതയും മനുഷ്യനിർമിത നിയമത്തെയും ഭരണഘടനയെപ്പോലും ജീർണിപ്പിക്കുന്നു. അപ്രകാരം അധാർമികതയുണ്ടാക്കുന്ന കെടുതിയിൽ മതത്തിന്റെ ആദ്ധ്യാത്മിക സൗധവും തകരുന്നു. മഹത്തായ മതങ്ങളുടെ സമുന്നതമായ ധാർമിക പ്രാകാരങ്ങൾ ചിതലരിച്ച് നിലം പൊത്തുന്നത് പോലെ തകർന്നടിയുന്നു.

മതത്തിന്റെ എല്ലാ തലത്തിലുമുള്ള വിശ്വാസങ്ങളുടേയും ആചാരങ്ങളുടെയും ജീർണതയെ സംബന്ധിച്ച് മനസ്സിലാക്കാനുള്ള മർമം ഇതാണ്. ധാർമികതയുടെ താഴ്ന്ന നിലവാരത്തിന്റെ ഫലമായി ദൈവത്തിന്റെ ഏകത്വത്തിലുള്ള വിശ്വാസത്തിന് ശൈഥില്യം സംഭവിക്കുകയും അതിന്റെ ശകലീകരണം തുടരുകയും ചെയ്യുന്നു. ദൈവത്തിന്റെ ഏകത്വത്തിന് പകരമായി വിഗ്രഹങ്ങൾ സ്ഥലം പിടിക്കുന്നു. ദൈവത്തിന്റെ ആരാധനാലയങ്ങളിൽ ബിംബങ്ങൾ വന്നു നിറയുകയും അത് അമ്പലങ്ങളായി രൂപാന്തരമെടുക്കുകയും ചെയ്യുന്നു. അത്തരത്തിലുള്ള വിനാശകരമായ പ്രതിഭാസത്തിനു പിന്നിൽ സത്യസന്ധതയില്ലായ്മയുടെ ബീജങ്ങൾ കണ്ടെത്താവുന്നതാണ്. നേതൃത്വത്തിൽ സത്യസന്ധതയില്ലായ്മ വാഴുമ്പോൾ അത് മാരകമായ വിഷമായി മാറുന്നു. എന്നാൽ മതനേതൃത്വത്തിൽ സത്യസന്ധയില്ലായ്മ പ്രവർത്തിക്കുമ്പോൾ അതിനേക്കാൾ കൊടിയ വിഷം വഹിക്കപ്പെടുന്നതായി മറ്റൊന്നില്ല. ദൈവത്തിന്റെ ശാന്തമായ സൃഷ്ടിയിൽ അത് ദൈവത്തിന്റെ പേരുപറഞ്ഞ് നാശം വിതയ്ക്കുന്നു. മനുഷ്യരുടെ കാര്യത്തിൽ ദൈവത്തിന്റെ പ്രവർത്തനങ്ങളുടെ പങ്ക് അവസാനിക്കുന്നു. അവന്റെ ശൂന്യമായ സിംഹാസനത്തിൽ മതശ്രേണിയിലെ വ്യാജദൈവങ്ങൾ പ്രതിഷ്ഠിക്കപ്പെടുന്നു.

അതുകൊണ്ട് മതത്തിന്റെ പിൽക്കാലഘട്ടം വിലയിരുത്തുന്നതിനേക്കാൾ നല്ലത് ആ മതം ആരംഭിച്ച പ്രാഥമിക ഘട്ടത്തെ വിലയിരുത്തുകയാണ്. മനുഷ്യന്റെ കൈകടത്തലുകൾ കൊണ്ട് അതിന്റെ പ്രാക്തന വിശുദ്ധിക്ക് നാശം സംഭവിക്കുന്നു. മതങ്ങളുടെ ആരംഭം മഹത്തരമാണ്, എന്നാൽ എളിയതുമാണ്. മതങ്ങളോട് അവയുടെ പ്രാരംഭ വിശുദ്ധിയിൽ സമൂഹത്തിനുണ്ടായിരുന്ന സമീപനം കഠിനമായ ശത്രുതയുടെയും തിരസ്ക്കാരത്തിന്റെതുമാണ്. മതങ്ങളുടെ ഏറ്റവും മഹിതമായ ജീവിത മാതൃകകൾ ആ മതങ്ങളുടെ പ്രവാചകൻമാർ തന്നെയാണ്. അവരാണ് തിരസ്കാരങ്ങളുടെയും പരിഹാസങ്ങളുടെയും നിർദയമായ ശത്രുതയുടെയും കുറിമാനമായി ത്തീരുന്നത്.

സത്യത്തിന്റെ മാർഗത്തിൽ ആദ്യകാല വിശ്വാസികൾ കാഴ്ചവെച്ച ആർജവം, സമർപ്പണം, ത്യാഗമനോഭാവം എന്നിവ പിൽക്കാലത്ത് മറ്റാരിലും കാണാത്ത വിധം സമാനതകളില്ലാത്തതാണ്. അത്തരത്തിലുള്ള മഹാത്മാക്കളെ അവർ ജീവിച്ചിരുന്ന കാലമത്രയും സമൂഹം സ്വീകരിച്ചിട്ടില്ല എന്നത് എത്രമാത്രം വിരോധാഭാസമാണ്. ഭൂമിയിലെ ജീവിത വേദിയിൽ നിന്ന് അവർ എന്നെന്നേക്കുമായി തിരോഭവിച്ചപ്പോൾ അവർ ബഹുമാനിതരാ

യി. അവർ യഥാർഥത്തിൽ അർഹിച്ചിരുന്ന സ്ഥാനത്തേക്കാൾ ഉപരിയായി അവർ പ്രതിഷ്ഠിക്കപ്പെട്ടു. അവർ ദൈവസമാനൻമാരായി. അവർ ആരാധ്യ പുരുഷൻമാരുടെ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു. അവരുടെ മൃതകുടീരങ്ങൾ ആരാധനാലയങ്ങളായി മാറി. സമൂഹത്തിന്റെ സമീപനത്തിലുള്ള ഈ വിചിത്രമായ അസാംഗത്യം ത്യാഗത്തിന്റെ വില നൽകാതെ വിശ്വാസം മാത്രം പാരമ്പര്യമായി ലഭിച്ച സമൂഹങ്ങളിലാണ് ക്രമേണ പടർന്നു പന്തലിക്കുന്നത്. വഞ്ചനാപരമായി മതത്തിന്റെ മഹിതമായ മൂല്യങ്ങളെ അവർ ജീർണിപ്പിക്കുന്നു. ഉപരിതലത്തിനടിയിൽ കീടങ്ങളെപ്പോലെ അവർ പ്രവർത്തിക്കുന്നു. ദൈവത്തിന്റെ ഏകത്വം രണ്ട് വിധത്തിലാണ് പ്രവർത്തിക്കുന്നത്. ദൈവത്തിന്റെ ഏകത്വത്തിന്റെ വക്താക്കൾ ദൈവവുമായി അഭേദ്യമാം വിധം ബന്ധിതരാണ്; അപ്രകാരം അവർ തമ്മിലും പരസ്പരം ബന്ധിതരാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഏകത്വം ഏകദൈവവിശ്വാസത്തിന്റെ വക്താക്കളെ സ്രഷ്ടാവുമായും സ്രഷ്ടാവിന്റെ സൃഷ്ടികളുമായും ബന്ധിപ്പിച്ചു നിറുത്തുന്നു.

പ്രവാചകത്വത്തിന്റെ വ്യവസ്ഥാപിതചരിത്രം പരിശോധിച്ചാൽ ഒരു പ്രവാചകനും തന്റെ മുൻഗാമിയായ മറ്റൊരു പ്രവാചകനെ തിരസ്കരിക്കുകയോ അപകീർത്തിപ്പെടുത്തുകയോ ചെയ്യുന്നില്ല. ഏകത്വത്തെ സംബന്ധിച്ച അതേ സമീപനം ഭാവികാലത്തേക്കും ബാധകമാണ്. തീർച്ചയായും വ്യാജ പ്രവാചകൻമാരെക്കുറിച്ച് താക്കീതും അവരാൽ നൽകപ്പെടുന്നു. വ്യാജ പ്രവാചകൻമാരാകട്ടെ അവരുടെ ദൈവവിരുദ്ധമായ സ്വഭാവത്താൽ എളുപ്പത്തിൽ തിരിച്ചറിയപ്പെടുന്നു. പക്ഷേ ഭാവിയിൽ അവതരിക്കുന്ന സത്യ പ്രവാചകനെക്കുറിച്ച് വളരെ സ്നേഹവായ്പ്പോടും ബഹുമാനത്തോടുംകൂടി എപ്പോഴും പരാമർശിക്കപ്പെടുന്നു. ഇത് എല്ലാകാലത്തും ഏകദൈവ വിശ്വാസം ഉയർത്തിപ്പിടിച്ചവർക്കെല്ലാം ഒരുപോലെ ബാധകമാണ്. ദൈവത്തിന്റെ ഏകത്വം അവരെയെല്ലാവരേയും ഒരു സാഹോദര്യത്തിനു കീഴിൽ ഒന്നിപ്പിക്കുന്നു. ദുഷിച്ച മതപുരുഷൻമാർക്ക് ഒരിക്കലും ഇത്തരത്തിലുള്ള ഗുണങ്ങൾ സ്വായത്തമാക്കാൻ സാധ്യമല്ല.

ഏകത്വത്തിൽ പെരുമ്പറ മുഴുക്കുമ്പോഴും അവർ വിഭാഗീയത വളർത്തുന്നു. ഏകത്വത്തിന്റെ സ്നേഹം ദൈവത്തിന്റെ പ്രവാചകസമൂഹത്തെ ഗാഢമായി ഒന്നിപ്പിച്ചു നിറുത്തുന്നു. അതിൽ ഒരാളെ ആക്രമിക്കുന്നത് എല്ലാവരേയും ആക്രമിക്കുന്നതിന് തുല്യമാണ്. ദൈവത്തിന്റെ ഏകത്വം ദൈവത്തിനും അവന്റെ തിരഞ്ഞെടുക്കപ്പെട്ട ദാസൻമാർക്കുമിടയിലുള്ള ഐക്യത്തിന്റെ ശക്തമായ പ്രതീകമാണ്. അതുപോലെ ദൈവദൂതൻമാർക്കിടയിലെ ഐക്യത്തിന്റെ പ്രതീകവുമാണ്.

ഏകത്വം എന്നത് സ്രഷ്ടാവുമായും അതുപോലെ സർവ ചരാചരങ്ങളുടെയും അസ്തിത്വവുമായുള്ള വിശൈ്വക ബന്ധത്തിന്റെ സ്വയം പ്രകടനമാണ്. സ്രഷ്ടാവിന്റെ ഏകത്വം അവന്റെ സൃഷ്ടി ജാലങ്ങളുമായുള്ള ബന്ധത്തെ ഐക്യപ്പെടുത്തുന്നു. പ്രത്യക്ഷവും സൂക്ഷ്മവുമായ വഴികളിലൂടെ സ്രഷ്ടാവും സൃഷ്ടികളുമായി ഐക്യപ്പെടുത്തുന്നു. എന്നാൽ, കഷ്ടമെന്നു പറയട്ടെ ഈ ഏകത്വത്തിന്റെ സമഗ്രമായ ബന്ധത്തിൽ കാലക്രമേണ വിഘടനം സംഭവിക്കുന്നു. അന്തിമമായി ഇത് തിന്മയുടെ വൃക്ഷം വളരാനുള്ള മണ്ണൊരുക്കുന്നു.

ഐക്യത്തിന്റെ അലങ്കോലപ്പെടൽ ആദ്യം ആരംഭിക്കുന്നത് പിൽക്കാലത്തെ അഹങ്കാരികളായ പൗരോഹിത്യത്തിൽ നിന്നാണ്. അവർ ഏകത്വത്തിന്റെ അലംഘനീയമായ രേഖയെ അതിവർത്തിച്ചുകൊണ്ട് തങ്ങളുടെ മനുഷ്യരായ പ്രവാചകൻമാരെ ചില ദിവ്യമായ അധികാരങ്ങൾ നൽകി ഉയർത്തുമ്പോഴാണ് അത് സംഭവിക്കുന്നത്. ആ പ്രവാചകന്മാരാകട്ടെ ഒരിക്കലും അപ്രകാരം വാദിക്കാത്തവരാണ്. പൂർവ പ്രവാചകൻമാരെപ്പറ്റി ഊതിപ്പെരുപ്പിച്ച സ്നേഹം വിശ്വാസശൈഥില്യം ബാധിച്ച പുതിയ മതസമൂഹത്തിന്റെ വിശ്വാസമായി മാറുന്നു. അതിശയോക്തിപരമായ സ്തുതികൾ അവർക്ക് മേൽ ചൊരിയപ്പെടുന്നു. അങ്ങനെ പുതിയ ആൾദൈവങ്ങൾ രൂപപ്പെടുന്നു. പുതിയ നശ്വരൻ അനശ്വര പദവിയിലേക്കുയർത്തപ്പെടുന്നു. ഈ പുരോഹിതൻമാരും, പിൽക്കാലത്ത് മുഴുവൻ സമൂഹവും അവരുടെ ശ്രദ്ധമുഴുവൻ ശബ്ദജടിലമായ ഈ അനൗചിത്യത്തിലാണ് അർപ്പിച്ചിരിക്കുന്നത് എന്ന യാഥാർഥ്യം കുറച്ചു മാത്രമേ അവർ മനസ്സിലാക്കുന്നുള്ളൂ. പൂർവ പ്രവാചകൻമാരോടുള്ള അന്ധമായ ഭക്തിയാണ് അവരുടെ മതത്തിന്റെ ജീവാത്മാവും പരമാത്മാവും. ഈ വ്യാജ ഭക്തൻമാരുടെ അഭിനവ വർഗം ആ പ്രവാചകൻമാരുടെ സന്ദേശത്തിന്റെ ആത്മാവും ചൈതന്യവും നശിപ്പിക്കുകയും തകർക്കുകയും ചെയ്യുന്നു.

പാപത്തെ വിപാടനം ചെയ്യാനാണ് പ്രവാചകൻമാർ ആഗതരാവുന്നത്. പക്ഷേ, പ്രവാചകൻമാരോടുള്ള സ്നേഹം പാപം ചെയ്യാൻ വേണ്ടി ചൂഷണം ചെയ്യപ്പെടുകയാണ് ചെയ്യുന്നത്. പ്രവാചകൻമാരോടുള്ള സ്നേഹാതിരേകത്താൽ അവരുടെ അനുയായികൾ ചെയ്യുന്ന ഏതൊരു പാപത്തിൽ നിന്നും തങ്ങൾ രക്ഷിക്കപ്പെടുമെന്ന് അവർ കരുതുന്നു. മരിച്ചു പോയ പ്രവാചകൻമാരോടുള്ള അവരുടെ സ്നേഹം മരണത്തെക്കാൾ മോശമായ ഒരു ജീവിതത്തിലേക്ക് അവരെ ആനയിക്കുന്നു. ദൈവത്തിന്റെ ഏകത്വത്തെ മനുഷ്യരായ ദൈവ പങ്കാളികൾക്ക് മുമ്പിൽ തലകുനിച്ച് അവർ ഭഞ്ജിക്കുകയും തങ്ങൾ ദൈവത്താൽ സുരക്ഷിതരാണെന്ന് കരുതുകയും ചെയ്യുന്നു. ഇത് ധാർമികമായ അപചയങ്ങളുടെ പ്രളയ കവാടങ്ങൾ തുറക്കാൻ കാരണമാകുന്നു. ഒരിക്കൽ അത് തുറക്കപ്പെട്ടാൽ പിന്നീട് മനുഷ്യ ശ്രമങ്ങളാൽ അത് ബന്ധിക്കാൻ സാധ്യമല്ല. പാപരഹിതമായ പ്രവാചകൻമാ

രോടുള്ള സ്നേഹത്താൽ പാപം നിരന്തരമായി പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്യുന്നു. ജീർണത മുറ്റിയ ഇതേ മത പൗരോഹിത്യം ദൈവത്തോട് അവർക്കുള്ള സ്നേഹത്തിന്റെ പേരിൽ വിദ്വേഷം, രക്തച്ചൊരിച്ചിൽ, ഭീകരത, അടിസ്ഥാനപരമായ മനുഷ്യാവകാശ ധ്വംസനങ്ങൾ എന്നിവ പ്രബോധനം ചെയ്യുന്നു. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിൽ മതപൗരോഹിത്യം ഒരു വിടവ് സൃഷ്ടിക്കുന്നു. ദൈവത്തിന്റെ ഈ ശൂന്യസ്ഥലത്ത് പൗരോഹിത്യമാണ് കയറി നിന്ന് ആജ്ഞകൾ നൽകുന്നത്. ഉപരിലോകത്ത് നിന്ന് യാതൊരു അറിയിപ്പും ലഭിക്കാതെ അവർ കൽപനകൾ പുറപ്പെടുവിക്കുന്നു. അവരത് സമ്മതിക്കുകയില്ലെങ്കിലും നിരവധി വാക്കുകളിലൂടെ അവർ ദൈവം ചമയുകയാണ്. അവരെ സംബന്ധിച്ചിടത്തോളം ദൈവത്തിന്റെ കാര്യങ്ങളൊന്നും പ്രസക്തങ്ങളല്ല. അവർ സ്വയം തന്നെയാണ് പരമ പ്രധാനമായിട്ടുള്ളത്. അവരുടെ കോപമാണ് സമൂഹം ഭയക്കേണ്ടത്. അവരുടെ സുഖമാണ് അവർ എപ്പോഴും അന്വേഷിച്ചു കൊണ്ടിരിക്കുക. ഇത് രക്ഷാ ശിക്ഷക്കുള്ള അഭിനവ മാനദണ്ഡമായി വരുന്നു. ഈ വ്യാജദൈവങ്ങളുമായി ആരെങ്കിലും വിയോജിച്ചാൽ അവർ നരകത്തിൽ തള്ളപ്പെടുമെന്ന് ആജ്ഞാപിക്കപ്പെടും. ആരെങ്കിലും അവരുമായി ഒത്തുപോകുകയാണെങ്കിൽ അവർക്ക് സ്വർഗം സമ്മാനിക്കപ്പെടും. അവർ നിർദേശിക്കുന്നതെന്തും ദൈവം നടപ്പാക്കണം. പൊതുജനങ്ങളുടെ ധാർമികതയെപറ്റി അവർ ശ്രദ്ധിക്കാറില്ല. അവരെപ്പോഴും ശ്രദ്ധിച്ചു കൊണ്ടിരുന്നത് അവരുടെ ഈഗോയും ജനങ്ങളുടെ മേൽ അവർക്കുള്ള അധീശാധികാരവുമാണ്. അവരുടെ സങ്കുചിതമായ സിദ്ധാന്ത ശാഠ്യത്തിനു മുമ്പിൽ മര്യാദ, സംസ്കാരം, നീതിബോധം, ന്യായം മുതലായവയെല്ലാം നിഷ്കരുണം ഹോമിക്കപ്പെടുന്നു. ഒരർഥത്തിലല്ലെങ്കിൽ മറ്റൊരർഥത്തിൽ ദൈവത്തിന്റെ ഏകത്വം ലംഘിക്കപ്പെടുമ്പോൾ സമൂഹം എപ്പോഴും നൽകപ്പെടുന്ന വിലയാണിത്.

മുറിവേറ്റ സർപ്പത്തെപ്പോലെ ദിവ്യമായ ഇടപെടലിനെതിരെ പകയുടെ ശിരസ്സുമായി അവർ വീണ്ടും ഉത്ഥാനം ചെയ്യാൻ ശ്രമിക്കും. പൂർവികരായ പ്രവാചകൻമാരോടുള്ള അവരുടെ ആരാധന ഒരു തന്ത്രമാണ്. ഈ പൊയ്മുഖത്തിനു പിന്നിൽ അവരുടെ സ്വന്തം അഹംബോധത്തോടുള്ള ആരാധനയാണ്. പക്ഷേ, പ്രശ്നമിതാണ്, അത്തരം ദൈവരഹിതമായ ഒരു സമൂഹത്തിൽ അവരെപോലെയുള്ള വ്യാജ ദൈവങ്ങളുടെ പെരുപ്പമുണ്ടാകുന്നു. ദൈവത്തിന്റെ ഏകത്വമില്ലാതെ യാതൊരു ഏകത്വവുമില്ല. പുരോഹിത വർഗത്തിൽ നിന്നുതന്നെയുള്ള ചെറിയ ഏതിരാളികൾ അവരുടെ വിഹിതം എടുക്കാൻ തുടങ്ങുന്നു. അങ്ങനെ അവർ വിഭജിക്കപ്പെടുകയും പുതിയ കക്ഷികളായിത്തീരുകയും ചെയ്യുന്നു. അവരുടെ ഭിന്നത സൈദ്ധാന്തികമായ വ്യത്യസ്തതകളുടെ പുതിയ കൊടിക്കൂറകൾ ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നു.

തുടർന്ന് ജനങ്ങൾക്കുമേൽ മേധാവിത്വം സ്ഥാപിക്കാനുള്ള ഹീനമായ ശ്രമം ആരംഭിക്കുന്നു. അവരുടെ പിന്നിലുള്ള ആളുകളുടെ ജനസംഖ്യയിലാണ് അവരുടെ യഥാർഥ ശ്രദ്ധ. അവരാൽ നയിക്കപ്പെടുന്ന ജനങ്ങളുടെ ധാർമികതയെപ്പറ്റി അവർക്ക് തീരെ ശ്രദ്ധയില്ല. സമൂഹത്തിന്റെ ദൈനം ദിന ജീവിതത്തിലോ ധാർമികതയിലോ ക്രിയാത്മകമായ യാതൊരു സ്വാധീനവും അവർക്കില്ല. തങ്ങളുടെ എതിർ വിഭാഗത്തിനെതിരെ വിദ്വേഷത്തിന്റെ ഭ്രാന്തമായ ഒരു വിതാനത്തിലേക്ക് വികാരാവേശങ്ങൾ ഉത്തേജിപ്പിക്കുക എന്ന പണി മാത്രമേ അവർക്കറിയൂ. സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും വിത്തു വിതയ്ക്കാൻ അവരുടെ അനുയായികളുടെ ഹൃദയങ്ങളെ അവർ ഒരിക്കലും പാകപ്പെടുത്താറില്ല. ഇത്തരത്തിലുള്ള ഒരു സമൂഹം വിഗ്രഹാരാധന വേരുപിടിക്കാൻ അനുയോജ്യമായ ഒരു മാതൃകാ ഭൂമികയാണ്. വിശ്വാസ കാര്യത്തിലുള്ള വിശ്വാസ സിദ്ധാന്തങ്ങളിലും ഉപാധിയില്ലാതെ കീഴടങ്ങാനാണ് അവർ ആവശ്യപ്പെടുന്നത്. ഈ കീഴടങ്ങലിന്റെ അനന്തരഫലമായി അവർ നയിച്ചു വരുന്ന ജീവിതത്തെ ദൈവത്തിന്റെ ഇച്ഛക്ക് മുമ്പിൽ സമർപ്പിക്കുക എന്നത് സംഭവിക്കുന്ന കാര്യമല്ല. അവർക്ക് കൊള്ളയും കൊള്ളിവെപ്പും നടത്താം. അവർക്ക് അംഗഛേദം വരുത്തുകയോ കൊല്ലുകയോ ചെയ്യാം. അവർക്ക് സമ്പത്ത് കുന്നുകൂട്ടാം. കളവിന്റെയും വഞ്ചനയുടെയും ചതിയുടെയും വ്യാജത്തിന്റെയും കൊട്ടാരങ്ങൾ പടുത്തുയർത്താം. അവരുടെ സ്വന്തം പുരോഹിതൻമാരോട് കൂറ് പുലർത്തുകയും പുരോഹിതൻമാരുടെ എതിരാളികളുടെ മുമ്പിൽ കീഴടങ്ങാതെ നിൽക്കുകയും ചെയ്യുന്നിടത്തോളം കാലം ഈ അനുയായി സമൂഹത്തിന് ഇഷ്ടമുള്ളതെല്ലാം ചെയ്യാം. അതെല്ലാം സ്വീകാര്യവും നീതിയും നന്മയുമാണ്. അവരുടെ വിശ്വാസത്തിന്റെ കേന്ദ്രം ദൈവത്തിൽ നിന്ന് പ്രവാചകൻമാരിലേക്കും അവിടെ നിന്ന് അവരുടെ ദുഷിച്ച ഈഗോയിലേക്കും മാറുന്നു. അങ്ങനെ ദുഷിച്ച മനുഷ്യൻ ഈ പുതിയ അർധ ദൈവങ്ങളുടെ സ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെടുന്നു. അവരെ പിൻപറ്റുന്ന അജ്ഞാനികളായ പൊതുജനങ്ങളുടെ സ്ഥിതി സഹതാപാർഹമാണ്. ഭൂമിയിൽ ദൈവം പുരോഹിതനാണെന്നും പുരോഹിതൻ ദൈവമാണെന്നുമാണ് അവരെല്ലാം മനസ്സിലാക്കിയിട്ടുള്ളത്. വിശ്വാസകാര്യത്തിൽ പുരോഹിതൻമാരുടെ അധികാരത്തെ ചോദ്യം ചെയ്യാൻ അവർക്ക് ശക്തിയില്ല. യഥാർഥത്തിൽ കീഴ്വണങ്ങേണ്ടുന്ന ശക്തിക്ക് നേർവിപരീതമായ ഒരു കീഴ്വണക്കമാണ് ഇവിടെ സംഭവിക്കുന്നത്. അതിന്റെ വ്യത്യാസം ഗ്രഹിക്കാനുള്ള കഴിവ് അവർക്കില്ല. അവരെ സംബന്ധിച്ചിടത്തോളം പുരോഹിതന്റെ ഇച്ഛയാണ് ദൈവത്തിന്റെ

ഇച്ഛ. അവരുടെ സ്വന്തം താൽപര്യങ്ങളെ പുരോഹിതൻ അതിക്രമിക്കാത്തിടത്തോളം കാലം അതങ്ങനെ തുടരുന്നു. ഏത് നിമിഷം മുതലാണോ പുരോഹിതൻ ജനങ്ങളുടെ താൽപര്യത്തിനെതിരായി പ്രവർത്തിക്കുന്നത് ആ നിമിഷം മുതൽ പുരോഹിതൻമാർക്ക് അവരുടെ മേലുള്ള അധികാരം നഷ്ടപ്പെടുന്നു. അതുമുതൽ അവർ പുരോഹിതൻമാരെ കീഴ്‌വണങ്ങാൻ അർഹതയുള്ളവരായി കരുതുകയില്ല. ഇത്തരം അധാർമിക സമൂഹത്തിലെ ഒരു വ്യക്തി തന്റെ സ്വകാര്യ ലോകത്ത് താനൊഴിച്ച് മറ്റൊരു ദൈവത്തേയും കാണുന്നില്ല. സമൂഹത്തിലെ വ്യക്തികൾ അവരുടെ ഈഗോയുമായി സംഘട്ടനമില്ലാത്തിടത്തോളം കാലം അവർ പുരോഹിതൻമാരുടെ വ്യാജ ദൈവങ്ങൾക്ക് പ്രണാമങ്ങളർപ്പിക്കുന്നു. അങ്ങനെ ഏകദൈവ വിശ്വാസത്തിൽ നിന്ന് ബഹുദൈവ വിശ്വാസത്തിലേക്കുള്ള പ്രയാണം പൂർണമാകുന്നു. ഒരു സമൂഹം ജീർണിക്കുമ്പോൾ അതിന്റെ യുക്തിപരമായ പതിത സ്ഥാനം ആത്മപൂജയാണ്.

മേൽ പ്രസ്താവിച്ച വിധം താറുമാറായ എല്ലാ സമൂഹങ്ങളിലും ദൈവത്തിന്റെ പക്കൽ നിന്നുള്ള ഒരു താക്കീതുകാരന്റെ പെട്ടെന്നുള്ള പ്രത്യക്ഷപ്പെടൽ സ്വൈരം കെടുത്തുന്ന ഇടപെടലായി കണക്കാക്കപ്പെടുന്നു. ഇസ്രായേൽ ഗൃഹത്തിലെ ആട്ടിൻ ഗോത്രങ്ങൾക്കിടയിലേക്ക് യേശു പ്രത്യക്ഷനായപ്പോൾ അത്തരത്തിലുള്ള ഒരു അനുഭവമായിരുന്നു യേശുവിനു സഹിക്കേണ്ടി വന്നത്. പക്ഷേ അദ്ദേഹത്തോട് ആട്ടിൻകുട്ടികൾ എന്ന് വിശേഷിപ്പിക്കപ്പെട്ട ആ സമൂ ഹത്തിന്റെ സമീപനം ആട്ടിൻ കുട്ടി എന്നതിനേക്കാൾ ചെന്നായയുടെതായിരുന്നു. എന്നിരുന്നാലും ആട്ടിൻ പറ്റങ്ങളെ പരിപാലിക്കുന്ന ഇടയന്റെ ആട്ടിൻ കുഞ്ഞിനോടുള്ള സ്നേഹമായിരുന്നു അദ്ദേഹത്തിന് അവരോട് ഉണ്ടായിരുന്നത്.

എത്ര വഞ്ചനാത്മകമായിട്ടാണ് അവരുടെ വഴി ശാശ്വതമായി തടയപ്പെട്ടതെന്ന് ഏതൊരാൾക്കും എളുപ്പത്തിൽ ദർശിക്കാവുന്നതാണ്. വാസ്തവത്തിൽ പ്രവാചകൻമാരുടെ പ്രവർത്തനങ്ങളുടെ ബിംബവത്ക്കരണം പിൽക്കാലത്ത് സാധാരണ മനുഷ്യരായി വരുന്ന പ്രവാചകൻമാരുടെമാർഗത്തിൽ ഘോരവും സംഭ്രമജനകവുമായ തടസ്സങ്ങളാണ് സൃഷ്ടിക്കപ്പെടുന്നത്. ബിംബവത്ക്കരണങ്ങളില്ലാതെ തന്നെ പ്രവാചകൻമാർക്ക് മേൽ ചൊരിയുന്ന അതിശയോക്തിപരമായ സ്തുതികളും അവരുടെ മേൽ പറയപ്പെടുന്ന അമാനുഷിക സിദ്ധികളും പിൽക്കാലത്ത് ഇത്തരം പ്രൗഢ ഗംഭീരമായ ഭാവത്തിൽ അവതരിക്കപ്പെടാത്ത എല്ലാ സത്യ പ്രവാചകൻമാരേയും നിഷേധിക്കാൻ മതിയായ കാരണമായിത്തീരുന്നു. ആയതിനാൽ ഒരു തിരിച്ചറിവിന്റെ പ്രതിസന്ധി അവരുടെ മാർഗത്തിൽ ഒരു തടസ്സമായി നിലകൊള്ളുന്നു.

പ്രവാചകനെ കൂടാതെയുള്ള ദൈവത്തിൽ മാത്രം വിശ്വസിക്കുക എന്നത് നിരീശ്വരവാദത്തിന്റെ മറ്റൊരു പേരാണ്. പ്രവാചകൻമാരുടെ ദൈനംദിന ജീവിത വൃത്തികളും സ്വഭാവങ്ങളും എല്ലാം ദൈവത്തെ പ്രതിഫലിപ്പിക്കുന്നു. ഇത്തരത്തിലുള്ള പ്രവാചകന്മാരെ ദൈവം ഉപേക്ഷിക്കുകയാണെങ്കിൽ ഒരിക്കലും തിരിച്ചു വരാത്ത വിധം കിളി പറന്നു പോയ കൂട് പോലെയായിരിക്കുമത്.

അത്തരത്തിലുള്ള ഒരു വെല്ലുവിളിയായിരുന്നു യേശുക്രിസ്തു(അ) നേരിട്ടത്. അദ്ദേഹത്തിന്റെ കാലത്തുള്ള യഹൂദ സമുദായം അത്തരത്തിലുള്ള ധാർമികവും ആത്മീയവുമായ ഒരു പ്രതിസന്ധിയെ നേരിടുകയായിരുന്നു. റബ്ബിമാരും സെദുക്യരും പരീഷികളുമെല്ലാം വ്യാജ ദൈവങ്ങളായി മാറി. ഈ ശ്രേണിയിൽ ഒരു ദിവ്യാത്മാവിന് നിൽക്കാനുള്ള സ്ഥലമില്ലായിരുന്നു. അതുകൊണ്ട് ദൈവത്തിന്റെ നാമത്തിൽ ഏകനായി വിനീത സ്വരത്തിൽ സംസാരിച്ച യേശുവിന്റെ ശബ്ദം ശത്രുതയുടെ ക്ഷുഭിതമായ ആരവങ്ങളിൽ മുങ്ങിപ്പോയത് അത്ര വലിയ അദ്ഭുതമൊന്നുമായിരുന്നില്ല.

ചുരുക്കത്തിൽ മതങ്ങളുടെ ഉദ്ഭവത്തിന്റെയും ഉത്ഥാനപതനങ്ങളുടെയും ചരിത്രമിതാണ്. പക്ഷേ, ഏതൊരു പതനത്തിന് ശേഷവും ദൈവത്തിന്റെ ഏകത്വം പുനഃസ്ഥാപിക്കാൻ വീണ്ടും ഒരാരംഭമുണ്ടാവുന്നു. അത് ഉപരിലോകത്ത് നിന്ന് ആരംഭം കുറിക്കുകയും വെളിപാട് മുഖേന ഭൂമിയിലേക്ക് ഇറക്കപ്പെടുകയും ചെയ്യുന്നു. ആ ആരംഭം ഒരിക്കലും താഴെ ഭൂമിയിൽ നിന്നുമല്ല തുടക്കം കുറിക്കുന്നത്. അത് മനുഷ്യന്റെ ആശയക്കുഴപ്പങ്ങളിൽ നിന്ന് ഉടലെടുത്ത് ആകാശത്തെ ഭേദിച്ച് മുകളിലോട്ടുയരുന്നതിലേക്ക് നയിക്കില്ല. അതിനു പകരം ഏകദൈവ വിശ്വാസം പതിതനായ മനുഷ്യനെ ദൈവ സന്നിധാനമുള്ള വാനലോകത്തേക്ക് ആരോഹിതനാക്കാൻ ഉപരിലോകത്ത് നിന്ന് ഇറക്കപ്പെടുന്നതാണ്.

## നിശബ്ദത പാലിക്കുക

ഹദ്റത്ത് സ്വഫ്‌വാൻ ബിൻ സലീം(റ) നിവേദനം ചെയ്യുന്നു. നബി (സ) പറഞ്ഞു: ചെയ്യാൻ വളരെ എളുപ്പമുള്ള ഒരു ആരാധനയെക്കുറിച്ച് പറഞ്ഞു തരട്ടെയോ? നിശ്ശബ്ദത പാലിക്കുക. അനാവശ്യമായി സംസാരിക്കരുത്. നല്ല സ്വഭാവങ്ങൾ സ്വായത്തമാക്കുക. (ഹദീസ്)

# മലക്കുകൾ

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)

ഇന്ന് ഞാൻ വിവരിക്കാൻ പോകുന്ന വിഷയം വിശ്വാസ കാര്യങ്ങളിൽ ഉൾപ്പെട്ടതാണെങ്കിലും മനുഷ്യനെ നിരന്തരം സ്വാധീനിക്കാത്ത ഒന്നാണ്. വിശ്വാസ കാര്യങ്ങളിൽ അതിനെ ഉൾപ്പെടുത്തിയത് എന്തിനാണെന്നു പോലും ജനങ്ങൾ അറിയുകയോ മനസ്സിലാക്കുകയോ ചെയ്യുന്നില്ല. അതുകൊണ്ട് ഈ വിഷയത്തി ലേക്ക് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടത് അനിവാര്യമാണ്. മലക്കുകളുടെ അസ്തിത്വത്തെ സംബന്ധിച്ച വിഷയമാണത്.

**മലക്കുകൾ വിശ്വാസകാര്യങ്ങളിൽപെട്ടതാണ്.**

മലക്കുകളെ അല്ലാഹു വിശ്വാസ കാര്യങ്ങളിൽ ഉൾപ്പെടു ത്തിയിരിക്കുന്നു. മലക്കുകളിൽ വിശ്വാസമില്ലാത്തവൻ ഗ്രന്ഥങ്ങളിലോ പ്രവാചകരിലോ അന്ത്യദിനത്തിലോ വിശ്വസി ച്ചാൽ പോലും അവൻ മുസ്‌ലിം ആവുകയില്ല. മറിച്ച്, അവൻ അവിശ്വാസിയായിത്തീരുന്നതാണ്. നബി(സ)യെ നിഷേധിക്കുന്നവൻ അവിശ്വാസിയാകുന്നതുപോലെത്തന്നെ ജിബ്രീലി (അ) നെ നിഷേധിക്കുന്നവനും അവിശ്വാസിയാണ്. അല്ലാഹുവിന്റെ ഗ്രന്ഥങ്ങളെ നിഷേധിക്കുന്നവൻ അവിശ്വാസി യാകുന്നതു പോലെ മലക്കുകളെ നിഷേധിക്കുന്നവനും അവിശ്വാ സിയായിത്തീരും. പരലോകനിഷേധി അവിശ്വാസിയാകുന്നതു പോലെ മാലാഖമാരെ നിഷേധിക്കുന്നവനും അവിശ്വാസിയാണ്. എന്നാൽ മുസ്‌ലിംകൾ മലക്കുകളുടെ വിഷയത്തിലേക്ക് വളരെ കുറച്ച് മാത്രമേ ശ്രദ്ധ പതിപ്പിച്ചിട്ടുള്ളൂവെന്നതാണ് ഏറെ ദു:ഖകരം. എന്താണ് മലക്കുകൾ? അവയുടെ അസ്തിത്വത്തിൽ വിശ്വസിക്കാൻ നാം കല്പിക്കപ്പെട്ടിരിക്കുന്നത് എന്ത് കൊണ്ട്? അവയിൽ വിശ്വസിക്കുന്നത് കൊണ്ടുള്ള പ്രയോജനമെന്ത്? ഇത്യാദികാര്യങ്ങളെക്കുറിച്ച് അവർ അജ്ഞരാണ്.

നബി(സ)യിലും വിശുദ്ധഖുർആനിലും വിശ്വസിക്കുന്നത് കൊണ്ട് നല്ല കാര്യങ്ങളെ സംബന്ധിച്ച് മാർഗദർശനം ലഭിക്കുകയും അതിലൂടെ ആത്മീയോന്നതി കരഗതമാവുകയും ചെയ്യുന്നു. അന്ത്യദിനത്തിലു ള്ള വിശ്വാസം നിമിത്തം മനുഷ്യൻ പാപം ഉപേക്ഷിക്കുകയും സത്കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നു. എന്തെന്നാൽ, പരലോകത്ത് ചീത്ത കർമങ്ങൾക്ക് ശിക്ഷയും സത്കർമങ്ങൾക്ക് പ്രതിഫലവും ലഭിക്കുമെന്ന് അവനറിയാം. ദൈവത്തിൽ വിശ്വസിക്കുന്നത് കൊണ്ടുള്ള പ്രയോജനവും പ്രകടമാണ്. ദൈവം അന്നദാതാവും സ്രഷ്ടാവും കരുണാമയനും ഔദാര്യ വാനുമൊക്കെയാണ്. അവനിൽ വിശ്വസിച്ചുകൊണ്ട് അവന്റെ ഈ ഗുണങ്ങളിൽ നിന്നൊക്കെ പ്രയോ ജനമുൾ ക്കൊള്ളാവുന്നതാണ്. എന്നാൽ മലക്കുകളിൽ വിശ്വസിക്കണമെന്ന് പറയുന്നത് എന്തുകൊണ്ടാണ്? അവയിൽ വിശ്വസിക്കു ന്നത് കൊണ്ടുള്ള പ്രയോജന മെന്താണ്?

**മലക്കുകളെ സംബന്ധിച്ച പൊതുജന വിശ്വാസം**

മലക്കുകളെ സംബന്ധിച്ച് സാധാരണ ജനങ്ങളുടെ വിശ്വാസം എന്താണെന്നും അവയിലുള്ള വിശ്വാസം ഇല്ലാതായിപ്പോയാൽ ഈമാന് എന്ത് കുറവാണ് വരിക എന്നതും ചിന്തയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. ആലോചിച്ചു നോക്കൂ,



നബി(സ) പ്രവാചകനല്ലെന്ന് ആരെങ്കിലും പറഞ്ഞാൽ ആ വ്യക്തി തിരുമേനി (സ) യുടെ അധ്യാപനങ്ങളിൽ നിന്ന് ദൂരപ്പെട്ട് പോകും. വിശുദ്ധ ഖുർആനെ സംബന്ധിച്ച് അത് ദൈവവചനമല്ല എന്ന് പറയുന്ന വനും അതിൽ നിന്ന് അകന്നുപോകുന്നതാണ്. എന്നാൽ മലക്കുകളെ നിഷേധിക്കുന്നവന് വല്ലനഷ്ടവും സംഭവിക്കുമോ?

മലക്കുകളിൽ വിശ്വസിക്കുന്ന കാര്യത്തിൽ തൊണ്ണൂറ്റിയൊമ്പത് ശതമാനം ആളുകളുടെയും സമീപനം നിഷേധാത്മകമാണ്. എത്രത്തോളമെന്നാൽ, അതിൽ വിശ്വാസമില്ലെങ്കിൽ തന്നെയും ഇപ്പോഴുള്ള അവരുടെ വിശ്വാസത്തിൽ വല്ല കുറവും ഉണ്ടാവുകയോ അതിൽ വിശ്വസിക്കുന്നതു കൊണ്ട് അവരുടെ വിശ്വാസത്തിൽ വർധനവ് കാണുകയോ ചെയ്യുകയില്ല. വാസ്തവത്തിൽ, വിശ്വാസകാര്യങ്ങളിലെ ഓരോന്നും വളരെ പ്രാധാനപ്പെട്ടതാണ്. അതിന്റെ മേന്മകൾ വളരെ വലുതാണ്. അതുപേക്ഷിച്ചാലുണ്ടാകുന്ന നഷ്ടവും ഭീമമാണ്. ഇന്ന കാര്യം ഞങ്ങൾ വിശ്വസിക്കുന്നു എന്ന് വായ് കൊണ്ട് പറഞ്ഞാൽ മതിയാവുകയില്ല. അത്

മതിയെങ്കിൽ അതിൽ വിശ്വസിക്കുകയോ അവിശ്വസിക്കുകയോ ചെയ്യുന്നത് കൊണ്ട് നേട്ടമോ കോട്ടമോ ഉണ്ടാവുകയില്ല. ഈ രീതിയിൽ നമുക്ക് ഹിമാലയ പർവതത്തിലും വിശ്വസിക്കാമല്ലോ. എന്നാൽ ഹിമാലയത്തിൽ വിശ്വസിക്കുന്നതു കൊണ്ട് നമുക്ക് വല്ലമേന്മയോ അതിനെ നിഷേധിക്കുന്നതു കൊണ്ട് വല്ല നഷ്ടമോവരുന്നില്ല.അതുകൊണ്ട് തന്നെ അതിനെ വിശ്വാസകാര്യങ്ങളിൽ ഉൾപ്പെടുത്തിയിട്ടുമില്ല. മലക്കുകളിലുള്ള വിശ്വാസം,പക്ഷേ, ഈമാൻ കാര്യങ്ങളിൽ പെട്ടതാണ്. ആയതിനാൽ അവയിൽ വിശ്വസിക്കന്നതു കൊണ്ട് നേട്ടവും നിഷേധിക്കുന്നതു കൊണ്ട് നഷ്ടവും ഉണ്ടായിരിക്കേണ്ടതാണ്.

**മലക്കുകളിൽ വിശ്വസിക്കുന്നത് എന്തുകൊണ്ട്?**

ചുരുക്കത്തിൽ, മലക്കുകളിൽ എന്തുകൊണ്ട് വിശ്വസിക്കണം? അവയ്ക്ക് നമ്മളുമായി എന്താണ് ബന്ധം?അവയിൽ നിന്ന് നമുക്ക് എന്ത് നേട്ടമാണ് ലഭിക്കുന്നത്? നമുക്ക് അവയെക്കൊണ്ട് ഒരു പ്രയോജനവുമില്ലെങ്കിൽ പിന്നെ അവയിൽ വിശ്വസിക്കേണ്ട ആവശ്യകതയെന്ത്? എന്നീ ചോദ്യങ്ങൾ വളരെ പ്രാധാന്യ മർഹിക്കുന്നവയാണ്. നബി(സ)ക്ക് അധ്യപനങ്ങൾകൊണ്ടുവന്ന് നൽകിയത് മലക്കുകളാണെന്നും അതുകൊണ്ട് അവയിൽ വിശ്വസിക്കേണ്ടത് അനിവാര്യമാണെന്നും ആരെങ്കിലും പറയുകയാണെങ്കിൽ അവയുമായി നമുക്കെന്ത് ബന്ധം എന്ന ചോദ്യം പിന്നെയും അവശേഷിക്കുന്നു. വഹ്യ് ഇറങ്ങുന്നത് അവർ മുഖേനയാണെന്ന കാര്യം നമുക്ക് അറിവില്ലെങ്കിൽ തന്നെയും നമ്മുടെ വിശ്വാസത്തിലും കർമത്തിലും വല്ല കോട്ടവും സംഭവിക്കുമോ?

അല്ലാഹു തന്റെ വചനങ്ങൾ റസൂൽ തിരുമേനി(സ)ക്ക് നേരിട്ട് ഇറക്കി എന്ന് വിശ്വസിച്ചാൽ എന്തെങ്കിലും കുഴപ്പമുണ്ടോ? അങ്ങനെ വിശ്വസിക്കുന്നത് കൊണ്ട് ഖുർആനിൽ കുറവൊന്നും വരാനില്ലല്ലോ. പിന്നെന്തിനാണ് മലക്കുകളിൽ വിശ്വസിക്കാൻ നാം കൽപിക്കപ്പെട്ടിരിക്കുന്നതും അവയിൽ വിശ്വസിക്കുന്നവൻ മുസ്‌ലിമും നിഷേധിക്കുന്നവൻ അവിശ്വാസിയുമാകത്തക്ക വിധം ഊന്നൽ നൽകിയിരിക്കുന്നതും?

ഇത്തരത്തിലുള്ള ചിന്തകൾകാരണം ഈ വിഷയം പ്രയാസമുള്ളതാണ്. ഒരുപാട് പേർക്ക് ചിലപ്പോൾ ഈ വിഷയം അപ്രസക്തമായി തോന്നി യേക്കാം. അവർ ഇതിലേക്ക് ശ്രദ്ധിച്ചില്ലെന്നും വരാം. കാരണം, മലക്കുകൾ അഗോചരങ്ങളും ബാഹ്യദൃഷ്ടിയിൽ ബന്ധമില്ലാത്തവരുമാണ്. വിധിവിശ്വാസത്തെ സംബന്ധിച്ച വിഷയവും പ്രയാസമുള്ളതായിരുന്നു. എന്നാൽ, ദൈവം ആർക്കുവേണ്ടിയും തഖ്ദീർ(വിധി) മുഖേന ശിക്ഷ നിശ്ചയിച്ചുറപ്പിച്ചിട്ടില്ലെന്നും മനുഷ്യന് ശിക്ഷയിൽ നിന്ന് രക്ഷപ്പെടാമെന്നും പറഞ്ഞപ്പോൾ തഖ്ദീറിനെ സംബന്ധിച്ച് പൊതുവേ പ്രചരിച്ചിരുന്ന ചിന്തകൾ മൂലം അനുഭവപ്പെട്ടിരുന്ന വിചാരം ഒഴിഞ്ഞു പോയി. അക്കാരണത്താൽ ആ വിഷയത്തിലേക്ക് ശ്രദ്ധ പതിയുകയും ജനങ്ങൾ സഗൗരവം അത് കേൾക്കുകയും ചെയ്തു. എന്നാൽ മലക്കുകളുടെ പ്രസക്തിയും അതിന്റെ ആവശ്യകതയും മനസ്സിലാക്കാൻ സാധിക്കാത്തതിനാൽ ജനങ്ങളുടെ ശ്രദ്ധ ഒരു പക്ഷേ ഇതിലേക്ക് തിരിഞ്ഞില്ലെന്നു വരാം.

മറ്റൊരുകാര്യം, മുസ്‌ലിം ഗ്രന്ഥകാരന്മാർ മലക്കുകളെ സംബന്ധിച്ച് ഒന്നും എഴുതിയിട്ടില്ല എന്നതാണ്. അവയുടെ അവസ്ഥ കളെക്കുറിച്ച് അവർ മനസ്സിലാക്കിയിട്ടേയില്ല. മലക്കുകളെക്കൊണ്ട് മനുഷ്യന് ഒരുപാട് നേട്ടങ്ങളുണ്ട്. ആ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് ജനങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ മലക്കുകളെക്കുറിച്ച് വിവരിക്കുന്ന ഗ്രന്ഥങ്ങൾ ആവേശപൂർവം അവർ വായിച്ചേനെ. സൂഫികൾ അവയെക്കുറിച്ച് പറയുകയും തങ്ങളുടെ ഗ്രന്ഥങ്ങളിൽ പ്രതിപാദിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ, വളരെ കുറച്ചേ അവർ പ്രതിപാദിച്ചിട്ടുള്ളൂ. നബി(സ)ക്ക് ശേഷം വാഗ്ദത്ത മസീഹ്(അ) മാത്രമാണ് ഈ വിഷയം ഏറ്റവുംകൂടുതൽ കൈകാര്യം ചെയ്തിട്ടുള്ളത്. ഇതിന്റെ യാഥാർഥ്യം വെളിവായതും അദ്ദേഹത്തിന്റെ വരവോടെയാണ്. നബി(സ)ക്കും വാഗ്ദത്ത മസീഹിനുമിടയിൽ മറ്റാരും തന്നെ ഈ വിഷയത്തിൽ വെളിച്ചം വീശിയിട്ടില്ല. വിശുദ്ധ ഖുർആനിലും തിരുവചനങ്ങളിലും മലക്കുകളെ സംബന്ധിച്ച പരാമർശം കാണാം. മറ്റു സൂഫികൾ കുറച്ചൊക്കെ പറയുന്നുണ്ടെങ്കിലും മുസ്‌ലിം ഗ്രന്ഥകാരന്മാർ ഈ വിഷയത്തെക്കുറിച്ച് പ്രതിപാദിക്കുന്നേയില്ല. നിസ്സാരമായ കാര്യങ്ങളെ സംബന്ധിച്ച് നൂറുകണക്കിന് കെട്ടുകഥകൾ മെനയുമ്പോഴും മലക്കുകളെക്കുറിച്ച് പ്രതിപാദിക്കേണ്ടി വരുമ്പോൾ അതൊരു വിഷയമേയല്ല എന്ന വിധത്തിൽ അവർ നിശ്ശബ്ദം കടന്നു പോകുന്നതായി കാണാം. കാരണമെന്തെന്നാൽ, വളരെ പ്രയാസമേറിയ ആ വിഷയത്തിന്റെ യാഥാർഥ്യം വിവരിക്കാൻ അവർക്കാകുമായിരുന്നില്ല. എന്നാൽ എല്ലാ കാര്യങ്ങളുടെയും യാഥാർഥ്യം വെളിപ്പെട്ടു കൊണ്ടിരിക്കുന്ന ഇക്കാലഘട്ടത്തിൽ ഒരുത്തനും ഇസ്‌ലാമിക വിശ്വാസങ്ങളെ ആക്രമിക്കാൻ ധൈര്യപ്പെടാതി രിക്കാൻ അല്ലാഹു മലക്കുകളുടെ യാഥാർഥ്യം ലോകത്തിന് ബോധ്യപ്പെടുത്തിക്കൊടുക്കാനുള്ള ഏർപ്പാടുചെയ്തിരിക്കുകയാണ്.

മുസ്‌ലിംകൾക്ക് ഇസ്‌ലാമിൽ വിശ്വാസം നഷ്ടപ്പെട്ട്കൊണ്ടിരിക്കുന്നു എന്ന് ഒരു ആര്യസമാജക്കാരൻ ഏതാനും ദിവസം മുൻപ് പറഞ്ഞി രുന്നു. ഇതിന് തെളിവായി അദ്ദേഹം പറഞ്ഞത് മുസ്‌ലിമായ സയ്യിദ് അമീർ അലി സാഹിബ് മലക്കുകളെ സംബന്ധിച്ച് അവ വെറും സങ്കൽപമാണെന്നും യാഥാർഥ്യവുമായി അതിന് യാതൊരു ബന്ധവുമില്ലെന്നും എഴുതിയിരിക്കുന്നു എന്നാണ്. ഇന്ന് മുസ്‌ലിംകൾ എന്ന് വിളിക്ക പ്പെടുന്നവരുടെ മനസ്സിൽ മലക്കുകൾ വെറും സങ്കൽപം മാത്രമാണ് എന്നതിൽ

സംശയമില്ല. കാരണം, മലക്കുകൾ എന്താണെന്നോ അവയിൽ വിശ്വസിക്കേണ്ട ആവശ്യ മെന്താണെന്നോ അവയുടെ പ്രയോജനങ്ങൾ എന്തൊക്കെയാണെന്നോ അവർക്കറിയില്ല. എന്നാൽ, ഞാൻ പറഞ്ഞതു പോലെ, വിശ്വാസകാര്യ ങ്ങളിൽ പെട്ട ഒട്ടൊരു കാര്യവും വ്യർഥമായതല്ല. മറിച്ച് അതിൽ ഒരുപാട് പ്രയോജനങ്ങൾ ഉണ്ട്.

ആയതിനാൽ ഈ വിഷയം സാധാരണ ജനങ്ങളെ ആകർഷിക്കാത്ത ഒന്നായതിനാൽ ഇതിലേക്ക് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ആധുനിക വിദ്യാഭ്യാസത്തിന്റെ സ്വാധീനം മൂലം മലക്കുകളെ സംബന്ധിച്ചും ആക്ഷേപങ്ങൾ ഉന്നയിക്കപ്പെടാറുണ്ട്. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ മറ ഞ്ഞിരിക്കുന്ന മറ്റു വസ്തുക്കളുടെ അസ്തിത്വം തെളിയിക്കുന്നതു പോലെ തന്നെ മലക്കുകളുടെ അസ്തി ത്വവും തെളിയിക്കാൻ എനിക്ക് കഴിയും. മറ്റുള്ളവർക്ക് ഗ്രാഹ്യമായ വിധത്തിൽ തെളിവ് നിരത്താൻ എനിക്ക് സാധിക്കും. പക്ഷേ വിദ്വേ ഷത്താൽ കണ്ണടച്ച് ഇരുട്ടാക്കരു തെന്ന് മാത്രം

(തുടരും)

വിവ: ബി. എം. ആരിഫ് മുഹമ്മദ് *ശാഹിദ്*

## ദരിദ്രനെ ഭയപ്പെടുക

അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബിതിരുമേനി(സ) അരുൾ ചെയ്തു. പ്രാകൃതരെന്നു തോന്നത്തക്ക വിധം ചീകാതെ പൊടി പാറിയ മുടിയോടു കൂടിയ എത്രയോ ആളുകളുണ്ട്. അവ ജ്ഞയാൽ വാതിലുകൾ അവരുടെ നേരെ കൊട്ടിയടക്കപ്പെടുന്നു. എന്നാലും (അവർക്ക് അല്ലാഹുവിന്റെ അടുത്ത് സ്ഥാനമുണ്ട്. അതിനാൽ) അല്ലാഹുവിന്റെ പേരിൽ അവർ ആണയിട്ടാൽ അല്ലാഹു അവരുടെ വാക്കുകൾ സാക്ഷാൽകരിക്കും.

**(മുസ്‌ലിം)**

പേജ് 6 ൽ നിന്ന് തുടർച്ച

നിന്നും ഖൈബർ പാസ്സിലേക്ക് 500 നാഴികയാണ് ദൂരം.

**യേശു കശ്മീരിലേക്ക്**

ശൽമൻസർ രാജാവ് മേദ്യയിലേക്ക് തടവുകാരായി നാടുകടത്തിയ ഇസ്റയേൽകാരെ കണ്ടുമുട്ടുകയായിരുന്നു കശ്മീരിലേക്കുള്ള യാത്രയുടെ ഉദ്ദേശ്യം. ക്രിസ്ത്യാനികൾ പ്രസിദ്ധപ്പെടുത്തിയ ഭൂപടങ്ങളിൽ മേദ്യ ഖിസർ കടലിന് (Azov)തെക്കുള്ള പ്രദേശമായിട്ടാണ് കാണിച്ചിരിക്കുന്നത്. ഈ പ്രദേശം ഇപ്പോൾ പേർഷ്യ (ഇറാൻ) ആയി അറിയപ്പെടുന്നു. പേർഷ്യയുടെ കിഴക്കൻ അതിർത്തി അഫ്ഘാനിസ്ഥാനോട് തൊട്ടുകിടക്കുന്നു. തെക്കു ഭാഗത്ത് കടലും പടിഞ്ഞാറൻ തുർക്കി സാമ്രാജ്യവും സ്ഥിതി ചെയ്യുന്നു. റൌളത്തു സ്സ്സഫായിലെ വിവരണം ശരിയാണെങ്കിൽ നാസിബെന്നിൽ നിന്നും പേർഷ്യയിലൂടെ അഫ്ഘാനിസ്ഥാനിലേക്ക്വരാനും അഫ്ഘാനികൾ എന്ന പേരിൽ അറിയപ്പെട്ടു പോന്നിരുന്നകാണാതായ ജൂതന്മാരെ സത്യത്തിലേക്ക് ക്ഷണിക്കാനും ആണ് യേശു ഉദ്ദേശിക്കുന്നതെന്നാണ് മനസ്സിലാവുന്നത്. അഫ്ഘാൻ എന്ന പദം ഹിബ്രുവിൽ നിന്നും നിഷ്പന്നമാണ്. ധീരൻ എന്ന അർഥമുള്ള വാക്കാണ് ഇതിന്റെ മൂലം. തങ്ങളുടെ പ്രഭാവകാലത്ത് അവർ സ്വീകരിച്ചതായിരിക്കണം ഈ പേര്.

ചുരുക്കത്തിൽ പഞ്ചാബും ഹിന്ദുസ്ഥാനും സന്ദർശിച്ച ശേഷം കശ്മീരിലേക്ക് പോകാനുള്ള ലക്ഷ്യത്തോടുകൂടി അഫ്ഘാനിസ്താനിലൂടെ യേശു പഞ്ചാബിൽ വന്നെത്തി. ചിത്രാൾ സ്റ്റേറ്റും പഞ്ചാബിന്റെ ഒരു ഭാഗമാണ്. അഫ്ഘാനിസ്താനിൽ നിന്നും കശ്മീരിലൂടെ ഒരാൾ പഞ്ചാബിലൂടെ യാത്ര ചെയ്യുമ്പോൾ 80 നാഴികയോ 135 കിലോ മീറ്ററോ സഞ്ചരിക്കേണ്ടി വരും.

യേശു അഫ്ഘാനിസ്താൻ വഴി സഞ്ചരിക്കാൻ തീരുമാനിച്ചത് ബുദ്ധിപൂർവമായിരുന്നു. അഫ്ഘാനികൾ എന്നറിയപ്പെടുന്ന കാണാതെ പോയ യഹൂദ ഗോത്രങ്ങൾക്ക് അത്കൊണ്ട് ഗുണമുണ്ടാകുമെന്ന് അദ്ദേഹം കരുതി. കശ്മീരിന്റെ കിഴക്കൻ അതിർത്തി തിബത്തിനോട് ചെന്ന് മുട്ടുന്നു. കശ്മീരിൽ നിന്ന് അദ്ദേഹത്തിന് നിഷ്പ്രയാസം തിബത്തിലെത്താം. പഞ്ചാബിൽ പ്രവേശിച്ചതിന് ശേഷം കശ്മീരി ലേക്കോതിബത്തിലേക്കോ പോകുന്നതിന് മുമ്പ് ഹിന്ദുസ്ഥാനത്തിലെ പ്രധാന സ്ഥലങ്ങളിലും ചുറ്റി സഞ്ചരിക്കാൻ അദ്ദേഹത്തിന് പ്രയാസമുണ്ടായിരുന്നില്ല. ആകയാൽ ഈ രാജ്യത്തിലെ ചില പുരാതന ചരിത്രരേഖകളിൽ കാണപ്പെടുന്ന പ്രകാരം യേശു നേപ്പാൾ, ബനാറസ്സ് തുടങ്ങിയ സ്ഥലങ്ങൾ കണ്ടിരിക്കാൻ വളരെ സാദ്ധ്യതയുണ്ട്. ജമ്മു വഴിയോ റാവൽ പിണ്ടി മാർഗത്തിലോ കശ്മീരിലേക്ക് പോയിരിക്കണം. അദ്ദേഹം ഒരു ശീതരാജ്യത്തിലെ ആളായതിനാൽ ഈ പ്രദേശങ്ങളിൽ ശൈത്യകാലത്ത് മാത്രം താമസിക്കുകയും മാർച്ച് ഒടുവിലോ ഏപ്രിൽ ആദ്യത്തിലോ കശ്മീരിലേക്ക് യാത്രയാവുകയും ചെയ്തിരിക്കണം. കാശ്മീർ ശാമിന് (സിറിയയും ചുറ്റു വട്ടവും) സദൃശമായ ഒരു പ്രദേശമാകയാൽ അദ്ദേഹം അവിടെതന്നെ സ്ഥിരം കേന്ദ്രമാക്കിട്ടുണ്ടാവും. അദ്ദേഹം അഫ്ഘാനിസ്താനിലും കുറച്ച് നാൾ താമസിച്ചിരുന്നിരിക്കാം. അവിടെ വിവാഹം ചെയ്തിട്ടുണ്ടെങ്കിൽ അതും സംഭവിച്ചു കൂടായ്കയില്ല. അഫ്ഘാനികളിൽ ഒരു ഗോത്രത്തിന്റെ പേര് തന്നെ 'ഇസാഖേൽ' എന്നാണ്. അവർ ഈസാനബി (അ) യുടെ സന്താന പരമ്പരയാണെന്ന് വന്നാലും അദ്ഭുതപ്പെടേണ്ടതില്ല. അഫ്ഘാനികളുടെ ചരിത്രം വളരെ കുഴഞ്ഞു മറിഞ്ഞാണുള്ളതെന്നത് ഒരു ദുഃഖ സത്യമത്രെ. അവരുടെ ഗോത്ര വിവരണങ്ങൾ മാത്രം വായിച്ച് ഖണ്ഡിതമായ ഒരു തീരുമാനത്തിലെത്തുക വിഷമമാണ്. എന്നാൽ അഫ്ഘാനികൾ കശ്മീരികളെ പോലെ തന്നെ ഇസ്രായേലികളാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

തങ്ങളുടെ ഗ്രന്ഥങ്ങളിൽ ഇതിനെതിരായ അഭിപ്രായങ്ങൾ സ്വീകരിച്ചിട്ടുള്ളവർ അങ്ങേയറ്റം തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നു. വസ്തുതകളെക്കുറിച്ചുള്ള സൂക്ഷ്മ പഠനം അവർ നടത്തിയിട്ടില്ല. തങ്ങൾ ഖൈസിന്റെ സന്തതികളാണെന്ന് അഫ്ഘാനികൾ തന്നെ സമ്മതിക്കുന്നുണ്ട്. ഖൈസ് ഇസ്രയേല്യരാണ്. ഇവിടെ ഈ ചർച്ച ഏതായാലും നീട്ടികൊണ്ടുപോകേണ്ട ആവശ്യമില്ല. എന്റെ ഒരു ഗ്രന്ഥത്തിൽ ഇക്കാര്യം വിശദമായി പ്രതിപാദിച്ച് കഴിഞ്ഞിട്ടുണ്ട്. യേശു നാസിബെൻ അഫ്ഘാനിസ്താൻ പഞ്ചാബ് എന്നിവിടങ്ങളിലൂടെ കശ്മീരിലും തിബറ്റിലും നടത്തിയ യാത്രകളെക്കുറിച്ചാണ് ഞാൻ വിവരിക്കുന്നത്. ഈ സുദീർഘമായ പ്രയാണങ്ങൾ കാരണം യേശു സഞ്ചാരി പ്രവാചകൻ എന്നു വിളിക്കപ്പെട്ടിരുന്നു. അല്ലാ, സഞ്ചാരികളുടെ നേതാവ് എന്ന് തന്നെ. ആരിഫ് ബില്ലാ അബൂബക്കർ മുഹമ്മദ് ഇബ്നുൽ വലീദ് അൽ ഫഹ്രി അത്തർതൂശി അൽ മലിക്കി എന്ന മുസ്‌ലിം ജ്ഞാനി തന്റെ സിറാജുൽ മുലൂക്ക് (മക്തബെ ഖൈരിയ്യ, ഈജിപ്ത് 1306 ഹി) എന്ന ഗ്രന്ഥത്തിൽ ആറാം ഭാഗത്ത് ഇപ്രകാരം പറയുന്നു:

സാത്വികരുടെ നേതാവും സഞ്ചാരികളുടെ തലവനുമായിരുന്ന റൂഹുല്ലായും കലിമത്തുല്ലായും ആയ ഈസ എവിടെ? എന്നു വെച്ചാൽ അദ്ദേഹം മരിച്ചു പോയി എന്നും അദ്ദേഹത്തെ പോലെ മഹാനായ ഒരാൾ പോലും ഈ ലോകം വിട്ടു പിരിയേണ്ടി വന്നിട്ടുണ്ടെന്നും തന്നെ.

ഈ മഹാ പണ്ഡിതൻ യേശുവിനെ പറ്റി സഞ്ചാരി എന്ന് മാത്രമല്ല സഞ്ചാരികളുടെ തലവൻ എന്നും കൂടിവിളിക്കുന്നുണ്ടെന്ന കാര്യവും ശ്രദ്ധാർഹമാണ്.

എല്ലായ്പോഴും ചുറ്റി സഞ്ചരിക്കുകയും ഒരു സ്ഥലത്ത് സ്ഥിരമായി പാർക്കാതിരിക്കുകയും ചെയ്തിരുന്നതിനാലാണ് യേശുവിന് മസീഹ് എന്ന നാമകരണം ചെയ്യപ്പെട്ടിരുന്നത്. എന്ന് ലിസാനുൽ അറബ് എന്ന ഗ്രന്ഥത്തിൽ 461-ാം ഭാഗത്ത് രേഖപ്പെടുത്തി കാണുന്നു. താജുൽ ഉറൂസ് എന്ന ശറഹ് ഖാമൂസിലും ഇപ്രകാരം തന്നെ രേഖപ്പെടു ത്തിയിട്ടുണ്ട്. നന്മയും അനുഗ്രഹവും നൽകപ്പെട്ടയാളാണ് മസീഹ് എന്ന് വെച്ചാൽ അദ്ദേഹത്തിന്റെ സ്പർശനം പോലും അനുഗൃഹീതമായിരിക്കുമാറ് അത്ര അധികം ഈ ഗുണങ്ങൾ അദ്ദേഹത്തിന് നൽകപ്പെട്ടിരുന്നു. അല്ലാഹു അവൻ ഇഷ്ടപ്പെടുന്നവർക്ക് ഈ നാമം നൽകുന്നതിനാലാണ് യേശുവിനും ഈ നാമം നൽകപ്പെട്ടത്. ഇതിനെതിരിൽ മറ്റൊരു മസീഹ് കൂടിയുണ്ട്. ആ മസീഹിന്റെ സ്പർശം ശപിക്കപ്പെട്ടതത്രെ. എന്നു വെച്ചാൽ തിന്മയും ശാപവുമാണ് ആ മസീഹിന്റെ പ്രകൃതിയിൽ അടങ്ങിയിരിക്കുന്നത്. അവന്റെ സ്പർശനം തിന്മയുടെയും ശാപത്തിന്റെയും അന്ധകാരം പരത്തും. ദജ്ജാലിനും അവനെ പോലെയുള്ളവർക്കുമാണ് ഈ പേർ നൽകപ്പെട്ടിരിക്കുന്നത്. സഞ്ചാരിയായ മസീഹ് എന്നതും അനുഗ്രഹിക്കപ്പെട്ട മസീഹ് എന്നുമുള്ള പേരുകൾ പരസ്പര വിരുദ്ധമല്ല. ഒന്നു മറ്റെതിന്റെ മൂല്യം നശിപ്പിക്കുന്നില്ല. ദൈവം ഒരാൾക്ക് ഒന്നിലധികം പേർ നൽകുന്നതും അവയെല്ലാം ആ ആൾക്ക് യോജിച്ചിരിക്കുന്നതും ദൈവികമായ പ്രവർത്തന രീതിയിൽ പ്പെട്ട താകുന്നു. ചുരുക്കത്തിൽ യേശു ഒരു സഞ്ചാരിയെന്ന നിലയിൽ ഇസ്‌ലാമിക ചരിത്രത്തിൽ തെളിഞ്ഞു കഴിഞ്ഞിരിക്കുന്നു. അത്തരം ഗ്രന്ഥങ്ങളിൽ നിന്നെല്ലാം ആ വിവരം പകർത്താമെന്നു വെച്ചാൽ അതു തന്നെ ഒരു കൂറ്റൻ ഗ്രന്ഥമാകും. ഞാൻ ഇത്രയും പ്രതിപാദിച്ചിട്ടുള്ളത് തന്നെ വസ്തുത തെളിയിക്കാൻ ധാരാളം മതി.


**ഇതിഹാസവത്കരിക്കപ്പെട്ട യേശുവിന്റെ ജീവിതം നിഗൂഢതകൾ നിറഞ്ഞതാണ്. കുരിശു സംഭവത്തിൽ നിന്നും രക്ഷപ്പെട്ട യേശു കാണാതെ പോയ ഇസ്രയേൽ ഗോത്രങ്ങളെതേടി ഇന്ത്യയിലേക്ക് വരികയാണുണ്ടായത്. അനിഷേധ്യവും വിസ്മയകരവുമായ ഈ സത്യം വാഗ്ദത്ത മസീഹിന്റെ ദിവ്യതൂലികയാൽ വിവരിക്കപ്പെടുന്നു.**

**യേശു മിശിഹാ ഇന്ത്യയിൽ**

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

**ഒരു ഇസ്‌ലാം ഇന്റർനാഷണൽ പ്രസിദ്ധീകരണം**

അന്യഗ്രഹങ്ങളിൽ ജീവികളുണ്ടോ? 2

# അന്യഗോള ജീവികളുമായി നാം കണ്ടുമുട്ടുമോ?

അന്യഗോള ജീവികളുമായി നാം ഒരിക്കൽ കണ്ടുമുട്ടുമെന്നാണ് വിശുദ്ധ ഖുർആൻ പറയുന്നത്. അന്യഗ്രഹ ജീവികളെ അന്വേഷിച്ചു പോകുന്നത് അങ്ങേയറ്റം അപകട മാണെന്ന ഭീതിയാണ് പ്രശസ്ത ഭൗതിക ശാസ്ത്രജ്ഞൻ സ്റ്റീഫൻ ഹോക്കിൻസ് പരത്തുന്നത്.
(ഫെബ്രവരി ലക്കത്തിലെ തുടർച്ച)

എ.എം മുഹമ്മദ് സലീം

**'ആകാശങ്ങളുടെയും ഭൂമിയുടെയും അതു രണ്ടിലും അവൻ വ്യാപിപ്പിച്ച ജീവികളുടെ സൃഷ്ടിപ്പും അവന്റെ അടയാള ങ്ങളിൽ പെട്ടതാണ്. അവനുദ്ദേശി ക്കുമ്പോൾ അവയെ ഒരുമിച്ചു കൂട്ടാൻ അവൻ കഴിവുള്ളവന ത്രെ'(അശ്ശൂറ42:32)**

പ്രപഞ്ചത്തിന്റെ അതി വിശാല മായ വിസ്തൃതിയും പ്രപഞ്ച നിയമ ങ്ങളിലെ എല്ലായിടത്തുമുള്ള ഏക താ നതയും കണക്കിലെടുക്കു മ്പോൾ ഈ ബൃഹദ് പ്രപഞ്ചത്തി ലെവിടെയെങ്കിലും ജീവന്റെ തുടി പ്പുകളോ ബുദ്ധിയുള്ള ജീവികളോ ഉണ്ടാകാനുള്ള സാദ്ധ്യത വളരെയ ധികമാണെന്നായിരുന്നു 1996 ൽ അന്തരിച്ച വിശ്വപ്രസിദ്ധ വാനശാ സ്ത്ര ജ്ഞനും കോസ്മോള ജിസ് റ്റും ശാസ്ത്രനോവലെഴുത്തുകാ രനും സമാധാന പ്രേമിയുമൊക്കെ യായിരുന്ന കാൾ സാഗന്റെയും പ്രഗല്ഭ ബ്രിട്ടീഷ് ഭൗതിക ശാസ്ത്ര ജ്ഞനായ സ്റ്റീഫൻ ഹോക്കിൻ സു മടക്കം മറ്റു നിരവധി ശാസ്ത്രജ്ഞ ന്മാരുടെയും അഭിപ്രായം.

**വാഗ്ദത്ത മസീഹിന്റെ ശുഭാപ്തി വിശ്വാസവുംസ്റ്റീഫൻ ഹാക്കിൻസിന്റെ ഭീതിയും**

ആകാശ ഗോളങ്ങളിൽ ജീവി കളുണ്ടാകാമെന്ന് നിരവധി വചന ങ്ങളിൽ ഖുർആൻ സൂചന നൽ കുന്നു. ഒരു ഖുർആൻ വചനം ഉദ്ധരിച്ചുകൊണ്ട് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) വിശദീക രിക്കുന്നത് കാണുക. '***അവൻ ശരീര ങ്ങളെ സൃഷ്ടിക്കുന്നവനും ആത് മാക്കളെ ഉദ്പാദിപ്പിക്കുന്നവനും ഗർഭത്തിലുള്ള കരുക്കളെ ഭാഷ പ്പെടുത്തുന്നവനും ആയ ദൈവ മത്രെ. സകല ഉത്കൃഷ്ട നാമ ങ്ങളും അവനുള്ളതാകുന്നു. ആ കാശ മണ്ഡലങ്ങളിലും ഭൂമി യിലു മുള്ളവർ അവന്റെ മഹത്വം പ്രകീർ ത്തിക്കുകയും അവന്റെ പരിശു ദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നു. അവൻ സർവ വല്ലഭനും സർവ ജ്ഞനുമത്രെ' (59: 25)*** ഈ വാക്യം ആകാശഗോളങ്ങളിലും പാർപ്പു കാരുണ്ടെന്നും അവർ ദൈവത്തി ന്റെ മാർഗദർശനത്തിൽ വർത്തിക്കു ന്നവരാണെന്നും സൂചിപ്പിക്കു ന്നുണ്ട് (***ഇസ്ലാംമത തത്ത്വജ്ഞാ നം-ഹദ്റത്ത് അഹ്മദ്(അ)***

വാഗ്ദത്ത മസീഹ് ഖുർആൻ വചനത്തിന് നൽകിയ വ്യാഖ്യാ നത്തിൽ അന്യഗോളജീവികളെ പറ്റി പ്രപഞ്ച സ്രഷ്ടാവായ ദൈവത്തെ വാഴ്ത്തുന്നവരും ദൈവിക മാർ ഗദർശനത്തിൽ വർത്തിക്കുന്നവരു മാണെന്നാണ് പറഞ്ഞിരിക്കുന്നത്. അന്യഗോള ജീവികളെ പറ്റി വാഗ്ദ ത്ത മസീഹ് പ്രകടിപ്പിച്ച ഈ സദ്ഭാ



ഹദ്റത്ത് അഹ്മദ്(അ)

വനയും ശുഭാപ്തി വിശ്വാസവും ശ്രദ്ധേയമാണ്. എന്നാൽ ഇന്ന് ലോ കത്ത് ജീവിച്ചിരിക്കുന്നവരിൽ വെച്ച് ഏറ്റവും പ്രശസ്തനായ ബ്രിട്ടീഷ് ഭൗതിക ശാസ്ത്രജ്ഞൻ സ്റ്റീഫൻ ഹാക്കിൻസ് അന്യഗ്രഹ ജീവികളെ സംബന്ധിച്ച് ഭയവും ആശങ്കയും സ്വയം വെച്ച് പുലർത്തുകയും അത് പ്രചരിപ്പിക്കുകയുമാണ് ചെയ്യുന്നത്. സ്റ്റീഫൻ ഹോക്കിൻസ് ഡിസ്ക്ക വറി ചാനലിന് വേണ്ടി 2010 ൽ നട ത്തിയ ഒരഭിമുഖത്തിൽ 'ഭൗമേതര ജീവികളെക്കുറിച്ച് മനുഷ്യൻ അന്വേ ഷിക്കാതിരിക്കുന്നതാണ് നല്ലത് എന്ന് താക്കീതായി പറയുകയുണ്ടാ യി. ക്രിസ്റ്റഫർ കൊളംബസ് അമേ രിക്ക കണ്ടു പിടിച്ചപ്പോൾ തദ്ദേശീ യരെ കൊന്നൊടുക്കി അവിടെ

കോളനി സ്ഥാപിച്ചത് പോലെയുള്ള ദുരന്തമായിരിക്കും സംഭവിക്കുക എന്നാണ് അദ്ദേഹം താക്കീത് നൽകയത് (The Telegraph,25 April 2010) ശാസ്ത്ര സമൂഹത്തെ യടക്കം മാനവരാശിയെ ആകെ ഭയവിഹ്വലരാക്കി അവരുടെ ശാസ്ത്രാന്വേഷണത്തെയും അഭിരുചിയേയും ഹോക്കിൻസ് നിരുത്സാഹപ്പെടുത്തുമ്പോൾ വാഗ്ദത്ത മസീഹിന്റെ വാക്കുകളിൽ സ്ഫുരിക്കുന്ന ശുഭപ്രതീക്ഷയും സദ്ഭാവനയും കാണുക. ഇതിൽ ഏത് പ്രസ്താവനയാണ് ശാസ്ത്രാന്വേഷണത്തെ പ്രോത്സാഹിപ്പിക്കുന്നത്?! അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ നാലാം ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) തന്റെ '***വെളിപാട് യുക്തി ജ്ഞാനം സത്യം***' എന്ന പുസ്തകത്തിൽ പറഞ്ഞ കാര്യവും ഇവിടെ ശ്രദ്ധേയമാണ്. '**ആകാശങ്ങളുടെയും ഭൂമിയുടെയും അതു രണ്ടിലും അവൻ വ്യാപിപ്പിച്ച ജീവികളുടെയും (ദാബ്ബ) സൃഷ്ടിപ്പും അവന്റെ അടയാളങ്ങളിൽ പെട്ടതാണ്. അവനുദ്ദേശിക്കുമ്പോൾ അവയെ ഒരുമിച്ചുകൂട്ടാൻ അവൻ കഴിവുള്ളവനത്രെ' (അശ്ശൂറ42:32)** എന്ന ഖുർആൻ വചനത്തെ വ്യാഖ്യാനിച്ചു കൊണ്ട് ഖലീഫത്തുൽ മസീഹ് പറയുന്നു:

'ദാബ്ബ എന്നത് ഭൂമിയുടെ ഉപരിതലത്തിൽ ഇഴയുകയും നടക്കുകയും ചെയ്യുന്ന എല്ലാ ജീവികൾക്കുമുള്ള പേരാണ്. നീന്തുകയും പറക്കുകയും ചെയ്യുന്ന എല്ലാ ജീവികളും അതിൽ പെടുന്നില്ല. ഏതെങ്കിലും തരത്തിലുള്ള ആത്മീയ ജീവികളേയും ആ പദം കൊണ്ട് വിശേഷിപ്പിക്കാറില്ല. അറബിയിൽ അരൂപിയായ ഒരു പ്രേതത്തെ ഒരിക്കലും 'ദാബത്ത്' എന്ന് പറയാറില്ല. ആ അർഥത്തിൽ മലക്കുകളും ദാബത്ത് എന്ന പദത്തിന്റെ പരിധിയിൽ വരുന്നില്ല. ഈ വചനത്തിന്റെ അവസാന ഭാഗത്ത് ഭൗമേതര ജീവികളുടെ സാധ്യത പറയുക മാത്രമല്ല അവ നിലനിൽക്കുന്നുവെന്ന് അസന്ദിഗ്ധമായി പ്രഖ്യാപിക്കുകയും ചെയ്യുന്നു. ആധുനിക ശാസ്ത്രീയ



സ്റ്റീഫൻ ഹോക്കിൻസ്

ഗവേഷകന്മാർക്ക് പോലും ഇത് വരെ ഉറപ്പിച്ചു പറയാൻ കഴിഞ്ഞിട്ടില്ലാത്ത ഒരു അവകാശ വാദമാണിത്. ഇക്കാര്യം മാത്രമല്ല ഈ വചനം വ്യക്തമാക്കുന്നത്. അദ്ഭുതകരമെന്ന് പറയട്ടെ ഈ വചനത്തിന്റെ അവസാന ഭാഗത്ത് അല്ലാഹു ഉദ്ദേശിക്കുമ്പോൾ ആകാശത്തും ഭൂമിയിലുമുള്ള ജീവികളെ ഒരുമിച്ചു കൂട്ടുമെന്നും നാം വായിക്കുന്നു. **'അവനുദ്ദേശിക്കുമ്പോൾ അവയെ ഒരുമിച്ചുകൂട്ടാൻ അവൻ കഴിവുള്ളവനത്രെ'**

'ജം ഇഹിം' എന്ന അറബി പദം ഭൂമിയിലെവിടെയെങ്കിലോ മറ്റെവിടെയെങ്കിലുമോ ഉള്ള ജീവികളെ ഒരുമിച്ചു ചേർക്കുന്ന തിനെക്കുറിച്ചുള്ള വ്യക്തമായ പരാമർശമാണ്. ഈ രണ്ടു കൂട്ടരുടെയും സമാഗമനം നടക്കുന്ന സന്ദർഭം എപ്പോഴാണെന്നോ അത് ഇവിടെ ഭൂമിയിൽ വെച്ചോ അല്ലെങ്കിൽ മറ്റെവിടെ വെച്ചങ്കിലുമോ എന്ന് വ്യക്തമാക്കിയിട്ടില്ല. ദൈവം ഇച്ഛിക്കുമ്പോഴാണ് ഇത് സംഭവിക്കുക എന്ന കാര്യം ഇവിടെ ഉറപ്പിച്ചു പറഞ്ഞിരിക്കുന്നു. ശാരീരിക കൂടിച്ചേരലിനോ ആശയ വിനിമയ ത്തിലൂടെയുള്ള സമ്പർക്കത്തിനോ 'ജമാ' എന്ന പദം ഉപയോഗിക്കുമെന്ന കാര്യം നാം പ്രത്യേ കം ഓർക്കേണ്ടതുണ്ട്. ഭാവി കാലത്തിന് മാത്രമേ ഇത് എപ്പോൾ എങ്ങനെ സംഭവിക്കുമെന്ന് വ്യക്തമായി പറയാൻ സാദ്ധ്യമാകു. പക്ഷേ പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പേ അത്തരമൊരു സാദ്ധ്യതയെ പറ്റി പ്രവചിക്കുക എന്നത് പോലും അദ്ഭു തകരമാണെന്നതാണ് വസ്തുത. (വെളിപാട് യുക്തി ജ്ഞാനം സത്യം - ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്)

**ഗോളങ്ങളുടെ അതിദൂരം**

ഒരു മനുഷ്യന് അതൊരു കൊച്ചു കാൽവെപ്പാണ് എന്നാൽ മനുഷ്യവംശത്തിന്ന് ഒരു വമ്പിച്ച കുതിച്ചു ചാട്ടവും. (That's one small step for men but one giant leapfor mankind) ചാന്ദ്ര യാത്രികനായ നീൽ ആംസ്ട്രോങ്ങ് ചന്ദ്രനിൽ കാലു കുത്തി ഭൂവാസികൾക്ക് നൽകിയ ആദ്യസന്ദേശമായിരുന്നു ഇത്. അതിന് ശേഷം പ്രപഞ്ചത്തിലെ കൂടുതൽ വിദൂരതകളിലേക്ക് പ്രയാണം മനുഷ്യൻ തുടരുകയാണ്. ഗോളാന്തര യാത്രക്കുള്ള ഏറ്റവും വലിയ തടസ്സം ഗോളങ്ങൾ തമ്മിലുള്ള തലചുറ്റിക്കുന്ന അകലമാണ്. ഗോളങ്ങൾ തമ്മിലുള്ള അകലം പ്രകാശ വർഷം അകലത്തിലാണ് കണക്കാക്കപ്പെടുന്നത്. പ്രകാശം ഒരു സെക്കന്റിൽ ഏകദേശം മൂന്ന് ലക്ഷം കിലോ മീറ്ററാണ് സഞ്ചരിക്കുക. നമ്മുടെ ഏറ്റവും അടുത്ത ഗ്രഹം ഭൂമിയുടെ ഉപഗ്രഹമായ ചന്ദ്രനാണ്. ഭൂമിയിൽ നിന്നും ചന്ദ്രനിലേക്കുള്ള ശരാശരി അകലം 3,84,400 കിലോ മീറ്ററാണ് പ്രകാശ വർഷത്തിൽ ഈ ദൂരം കണക്കാക്കിയാൽ കേവലം 1.3 സെക്കന്റാണ്. നിലവിലുള്ള ഏറ്റവും വേഗമുള്ള റോക്കറ്റ് പ്രൊപ്പൽഷൻ ടെക്നോളജി കൊണ്ടുള്ള സ്പേസ് ക്രാഫ്റ്റ് ഉപയോഗിച്ച് 8 മണിക്കൂർ കൊണ്ട് ചന്ദ്രനിലെത്താം. അതിനർഥം പ്രകാശം ഏറ്റവും ആധുനികമായ റോക്കറ്റിനെക്കാൾ 30,000 ഇരട്ടി വേഗത്തിലാണ് സഞ്ചരിക്കുക എന്നാണ്. നമ്മുടെ സൗരയൂഥത്തിലെ മറ്റു ഗോളങ്ങളിലേക്കുള്ള ദൂരം പ്രകാശ സമയക്കണക്കിൽ 3 പ്രകാശ മിനുറ്റ് മുതൽ നാല് പ്രകാശ മണിക്കൂർ വരെ ആണ്. സൗരയൂഥത്തിന് പുറത്ത് സൂര്യന്റെ ഏറ്റവും അടുത്ത

നക്ഷത്രമാണ് പ്രോക്സിമാ സെന്റർ. ആ നക്ഷത്രം നമ്മിൽ നിന്നും 4.23 പ്രകാശവർഷം അകലെയാണ്. അതായത് സെക്കന്റിൽ മൂന്നു ലക്ഷം കിലോ മീറ്റർ സഞ്ചരിക്കുന്ന പ്രകാശം ഏകദേശം നാലര വർഷം സഞ്ചരിച്ചാൽ മാത്രമേ സൂര്യന്റെ ഏറ്റവും അടുത്ത നക്ഷത്രത്തിലെത്താൻ സാദ്ധ്യമാവുകയുള്ളു. 1977 ൽ അമേരിക്കയിലെ കേപ്പ്കാനവറിയിൽ നിന്നും വിക്ഷേപിച്ച വോയേജർ ദൗത്യമാണ് മനുഷ്യൻ നിർമിച്ച ബഹിരാകാശ യാനങ്ങളിൽ വെച്ച് ഏറ്റവും അകലെ പോയിക്കൊണ്ടിരിക്കുന്നത്. പ്രകാശത്തിന്റെ 1/18000 (പതിനെട്ടായിരത്തിലൊന്ന്) വേഗതയിൽ വോയേജർ മുപ്പത് വർഷം പിന്നിട്ടപ്പോൾ ഒരു പ്രകാശ വർഷത്തിന്റെ 1/16000 (പതിനാറായിരത്തിൽ ഒരു ഭാഗം) മാത്രമാണ് വോയേജർ താണ്ടിയത്. ഈ വേഗതയിൽ തന്നെ വോയേജർ സഞ്ചരിക്കുകയാണെങ്കിൽ സൂര്യന് തൊട്ടടുത്ത പ്രോക്സിമാ സെന്റർ നക്ഷത്രത്തിലെത്താൻ 80,000 വർഷം വേണ്ടി വരും. ഇനി പ്രകാശ വേഗത്തിൽ തന്നെ മനുഷ്യൻ സഞ്ചരിക്കാമെന്ന് വെച്ചാൽ മിക്കവാറും മറ്റു നക്ഷത്രങ്ങളിലെത്താൻ മനുഷ്യന് 40 പ്രകാശ വർഷം എങ്കിലും സഞ്ചരിക്കേണ്ടി വരും കാരണം നമ്മുടെ സൗരയൂഥ വ്യവസ്ഥയിൽ നിന്നും അത്ര അകലത്താണ് നക്ഷത്ര സമൂഹങ്ങളുള്ളത്. 10 മുതൽ 20 വരെ പ്രകാശ വർഷ പരിധിയിൽ വളരെ ചുരുങ്ങിയ നക്ഷത്രങ്ങൾ മാത്രമേയുള്ളൂ. ബാക്കിയെല്ലാം അതിനപ്പുറമാണ്. 20 വയസ്സുള്ള ഒരാൾ പ്രകാശ വേഗത്തിൽ നക്ഷത്ര യാത്രക്ക് പുറപ്പെട്ടാൽ ഏകദേശം 60 ലധികം വയസ്സായാൽ മാത്രമേ ഉദ്ദിഷ്ട സ്ഥാനത്തെത്തു എന്നതാണവസ്ഥ.

**വേം ഹോൾ (Wormhole) പുഴു ദ്വാരം**


ഇത്ര വലിയ നക്ഷത്ര ദൂരം സഞ്ചരിച്ച് തീർക്കാൻ നിലവിൽ മനുഷ്യന് സാദ്ധ്യമല്ല. നക്ഷത്രങ്ങൾ തമ്മിലുള്ള പ്രകാശ വർഷത്തോതിലുള്ള ദൂരം മനുഷ്യന്റെ ഗോളാന്തരയാത്രക്ക് മുമ്പിൽ വമ്പിച്ച തടസ്സമായി നിൽക്കുന്നു. ഇത് മറികടക്കാൻ പരമ്പരാഗതമായ റോക്കറ്റ് ടെക്നോളജിയിൽ നിന്നും മൗലികമായി തന്നെ വ്യത്യസ്തമായ മറ്റൊരു മാർഗം കണ്ടെത്തേണ്ടിയിരിക്കുന്നു. ഈ പ്രശ്നത്തിന് സൈദ്ധാന്തികതലത്തിൽ പുതിയ ഒരു പരിഹാരമാർഗം ശാസ്ത്ര സമൂഹം മുന്നോട്ട് വെക്കുന്നുണ്ട്. നക്ഷത്ര ദൂരങ്ങൾ ഞൊടിയിടകൊണ്ട് താണ്ടാൻ കഴിയുന്ന 'വേംഹോൾ' (Wormhole) അഥവാ പുഴു ദ്വാരം എന്ന സമയാതീത തുരങ്ക ങ്ങളിലൂടെയുള്ള സഞ്ചാരമാണത്. സ്ഥലകാലത്തിലെ വ്യത്യസ്തമായ രണ്ട് വിദൂര ബിന്ദുക്കളെ യോജിപ്പിച്ചുകൊണ്ട് പുഴുദ്വാരം പോലെയുള്ള തുരങ്കങ്ങൾ പ്രപഞ്ചത്തിൽ നിലനിൽക്കുന്നുണ്ടെന്ന് ആധുനിക ഭൗതിക ശാസ്ത്രം കരുതുന്നു. ഐൻസ്റ്റീന്റെ പൊതു ആപേക്ഷികതാസിദ്ധാന്ത പ്രകാരം ഗണിത ശാസ്ത്രപരമായി വേം ഹോളിന്റെ സാദ്ധ്യത സൈദ്ധാന്തിക ശാസ്ത്രം അംഗീകരിക്കുന്നു. ഇതിന് ഐൻസ്റ്റീൻ-റോസൺ ബ്രിഡ്ജ് (Einstein–Rosen bridge) എന്നും പറയുന്നു. അതിഭീമമായ ഗുരുത്വബലമുള്ള രണ്ട് ബ്ളാക്ക് ഹോളുകൾ വിപരീത ദിശകളിൽ കറങ്ങുമ്പോൾ അതിനിടയിലുള്ള സ്ഥലകാലത്തിന് വിരൂപണം സംഭവിക്കുകയും തുരങ്കരൂപത്തിൽ സ്ഥലകാലത്തിനതീതമായ പുഴുദ്വാരം അഥവാ വേം ഹോൾ രൂപപ്പെടുകയും ചെയ്യുന്നു. നക്ഷത്രാന്തര പ്രാപഞ്ചിക ദൂരം താണ്ടാൻ വേം ഹോൾ മാർഗം ഉപയോഗിക്കാമെന്നാണ് നിരവധി സൈദ്ധാന്തിക ശാസ്ത്രജ്ഞന്മാർ വിശ്വസിക്കുന്നത്. ഒരു കാര്യം നാം പ്രത്യേകം ഓർക്കേണ്ടതുണ്ട്. വേം ഹോൾ എന്ന മഹത്തായ ഈ ഊർജതന്ത്ര ഭാവന ഇന്നും സൈദ്ധാന്തികമായ ഒരു സാദ്ധ്യത മാത്രമാണ്. വേം ഹോൾ ഉണ്ട് എന്നത് സംബന്ധിച്ച് പ്രകടമായ യാതൊരു തെളിവും ഇന്ന് വരെ ലഭിച്ചിട്ടില്ല, എങ്കിലും ശാസ്ത്ര നോവലുകളിലെ വെറുമൊരു ഭാവന എന്ന മാനം വിട്ട് സൈദ്ധാന്തിക ശാസ്ത്രം ഗൗരവ



കിപ് സ്റ്റീഫൻ തോൺ

പൂർവം ചർച്ചചെയ്യുന്ന ഒരു വിഷയമായി ഇത് തീർന്നിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ വിശുദ്ധഖുർ ആനിലെ ഒരുപരാമർശം വളരെ ശ്രദ്ധേയമാണ്. ഖുർആൻ പറയുന്നു: ***'നക്ഷത്രമാർഗങ്ങളുള്ള (ഹുബുക്ക്) ആകാശത്തെ ക്കൊണ്ടു സത്യം' (51:8) 'ആകാശം തുറക്കപ്പെടുകയും അപ്പോൾ അത് പല കവാടങ്ങളായിത്തീരുകയും ചെയ്യും' (78:20)***

അമേരിക്കയിലെ കാലിഫോർണിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ (കാൾ ടെക് ) തിയററ്റിക്കൽ ഫിസിസ്റ്റായ കിപ് സ്റ്റീഫൻ തോണും (Kip Stephen Thorne) അദ്ദേഹത്തിന്റെ ഗ്രാജുവേറ്റ് സ്റ്റുഡന്റ് ആയ മൈക്ക് മോറിസുമാണ് 1988ൽ കുറുകെ കടക്കാൻ പറ്റിയ വേം ഹോളിനെ (Traversable Wormhole) പറ്റി ശാസ്ത്രീയമായ രീതിയിൽ മുന്നോട്ട് വെച്ചത്. അതി ഭീമമായ ഗുരുത്വബലമുള്ള രണ്ട് ബ്ലാക്ക് ഹോളുകൾ സൃഷ്ടിക്കുന്ന സ്ഥലകാലത്തിലുള്ള വിരൂപണമാണല്ലോ വേം ഹോൾ രൂപികരണത്തിന് കാരണം. അത്തരം രണ്ടു ബ്ലാക്ക് ഹോളുകൾക്കിടയിലെ വേം ഹോളിന് രണ്ട് ചോർപ്പുകളുടെ നാളീദ്വാരങ്ങൾ പരസ്പരം യോജിപ്പിച്ചു വെച്ചാലുണ്ടാകുന്ന ആകൃതിയാണ് ഉണ്ടാകുക എന്നാണ് സങ്കൽപ്പിക്കപ്പെടുന്നത്. വേം ഹോളുകൾക്കകത്ത് മറ്റൊരു സ്ഥലകാലമായതി




നാൽ അൽപ്പ സമയം കൊണ്ട് പ്രകാശ ദൂരം മറികടക്കാനാകുമെന്നാണ് ശാസ്ത്രത്തിന്റെ ഊഹം. സമയവൈചിത്ര്യത്തെക്കുറിച്ചും ആപേക്ഷിക സമയത്തെക്കുറിച്ചും ഖുർആനിൽ നിരവധി പ്രതിപാദനങ്ങളുണ്ട് ശ്രദ്ധേയമായ ഒരു പരാമർശം ഇങ്ങിനെയാണ്: ***ആകാശങ്ങളിലെയും ഭൂമിയിലെയും അദൃശ്യകാര്യങ്ങൾ അല്ലാഹുവിന് മാത്രമുള്ളതാണ്. ആ പ്രത്യേക സമയത്തെകുറിച്ചുള്ള (അംറുസ്സാഅ:) കാര്യം കണ്ണിമക്കുന്നത് പോലെ മാത്രമാകുന്നു. അല്ലെങ്കിൽ അതിനെക്കാൾ വേഗത്തിൽ സമീപസ്ഥമാവുന്നതാണ് (അഖ്റബ്). അല്ലാഹു എല്ലാ കാര്യത്തിനും പൂർണമായും കഴിവുള്ളവനാകുന്നു (6:79)*** വസ്തുതകളുടെ യാഥാർഥ്യം അല്ലാഹുവിന് മാത്രമേ അറിയൂ. അസ്തിത്വത്തിൽ വന്നപാടെ തകർന്നു പോകുന്നതിനാൽ സാധാരണ വേം ഹോളിന് അൽപ്പായുസ്സേ ഉണ്ടാവൂ. എന്നാൽ നെഗറ്റീവ് ഗുരുത്വബലമുള്ള പ്രതിദ്രവ്യം അഥവാ എക് സോട്ടിക്ക് മെറ്റീരിയൽ (Exotic Materials) കൊണ്ടുണ്ടാക്കിയ കവചവും വാഹനവുമുണ്ടാക്കിയാൽ വേം ഹോളിന്റെ കഴുത്ത് ശക്തമാക്കി സഞ്ചാരയോഗ്യമായ വേം ഹോൾ (Traversable Wormholes) ആക്കിതീർക്കാൻ സാധിക്കും. അത്തരം ഒരു വേം ഹോളിലൂടെ അതിവേഗ സമയയാത്ര സാധിക്കുമെന്നാണ് സൈദ്ധാന്തികമായി കിപ്തോൺ പറയുന്നത്. അത്യധികം സങ്കീർണമായ ഒരു സൈദ്ധാന്തിക ഗണിതമാതൃകയാണിത്. വൻഗുരുത്വാകർഷണ ബലത്താൽ സൃഷ്ടിക്കപ്പെടുന്ന വേം ഹോളിന്റെ സാന്നിദ്ധ്യം കണ്ടെത്താൻ ഭൂമിയിലെത്തുന്ന അസാധാരണമായ ഗുരുത്വ തരംഗങ്ങളെ നിരീക്ഷിക്കാൻ ഒരു വൻ ഗവേഷണ പദ്ധതിക്ക് കിപ്ത്തോണിന്റെ നേതൃത്വത്തിൽ രൂപം നൽകിയിട്ടുണ്ട്. ലിഗോ LIGO (Laser Interferometer Gravitational Wave Observatory) എന്നാണ് അതിന്റെ പേര്.

മനുഷ്യന്റെ തലക്ക് മുകളിൽ അനന്ത വിസ്തൃതമായി നിൽക്കുന്ന ആകാശം എന്നും മനുഷ്യനെ മാടി വിളിക്കുന്ന ഒരു അദ്ഭുത ലോകമാണ്. വിജ്ഞാനവും ശാസ്ത്രജ്ഞാനവും ആർജിച്ച് കൊണ്ട് ആകാശ ലോകത്തേക്ക് കുതിക്കാൻ അല്ലാഹു മനുഷ്യനെ പ്രോത്സാഹിപ്പിക്കുന്നു. വിശുദ്ധഖുർആനിലെ ഒരു വചനം ഉദ്ധരിച്ച് കൊണ്ട് ഈ ലേഖനം അവസാനിപ്പിക്കാം.

***'ജിന്നിന്റെയും ഇൻസിന്റെയും സമൂഹമേ! ആകാശങ്ങളുടെയും ഭൂമിയുടെയും മേഖലകളെ അതിലംഘിച്ച് കടന്നു പോകാൻ നിങ്ങൾക്ക് കഴിയുമെങ്കിൽ നിങ്ങൾ കടന്നു പോയ്ക്കൊള്ളുക സുൽത്വാനോടു (ശക്തി, ജ്ഞാനം, ബലം) കൂടിയല്ലാതെ നിങ്ങൾക്ക് പ്രക്ഷേപിച്ച് മുന്നോട്ട് പോകാൻ സാദ്ധ്യമല്ല.' (55:34)***

(അവസാനിച്ചു)

## അല്ലാഹുവിന്റെ കാരുണ്യം

അബൂഹുറൈറ(റ)യിൽ നിന്ന് നിവേദനം: നബി (സ) അരുളി: അല്ലാഹു പറയുന്നു. എന്റെ അടിമ ഒരു തിന്മ ചെയ്യുവാൻ ഉദ്ദേശിച്ചാൽ അവനതു പ്രവർത്തിക്കുന്നത് വരെ അവന്റെ പേരിൽ അത് നിങ്ങൾ എഴുതരുത്. പ്രവർത്തിച്ചു കഴിഞ്ഞാലോ ഒരു തിന്മ മാത്രമായി പ്രവർത്തിച്ചതായി രേഖപ്പെടുത്തിക്കൊള്ളുക. പ്രവർത്തിക്കാൻ തീരുമാനിച്ച ശേഷം എന്നെ ഓർമ്മിച്ചു ആ തിന്മയെ അവൻ വിട്ടു കളഞ്ഞാലോ അത് അവന്റെ നന്മയായി രേഖപ്പെടുത്തിക്കൊൾക എന്നും ഞാൻ നിർദ്ദേശിക്കും. (ബുഖാരി)

# മജ്‌ലിസെ അഹ്‌റാറിന്റെ വികൃതമുഖം

മൗലവി മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ

**അ**ഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ രണ്ടാമത്തെ ഖലീഫ ഹദ്‌റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ജമാഅത്തിന് നേരിടേണ്ടി വരുന്ന ഭയാനകമായ പരീക്ഷണത്തെ സംബന്ധിച്ച് 1927 മുതൽ മുന്നറിയിപ്പ് നല്കുകയും അതിനെ നേരിടാൻ ജമാഅത്തിനെ സജ്ജമാക്കുകയും ചെയ്തു കൊണ്ടിരുന്നു. ആ മഹാത്മാവ് പറഞ്ഞു: 'റഹ്മാനും ശയ്ത്വാനും തമ്മിലുള്ള അവസാന പോരാട്ടത്തിന്റെ സമയം അടുത്തിരിക്കുന്നു...നമ്മൾ ഉണരണം, ജാഗരൂകരാകണം...ത്യാഗം വരിക്കണം...അടുത്ത പത്ത് വർഷത്തിനുള്ളിൽ ഇന്ത്യയിൽ സത്യവും അസത്യവും തുറന്നു കാണിക്കുന്ന രീതിയിലുള്ള മാറ്റമുണ്ടാകും....ഇന്ത്യയിൽ ഏതു ജമാഅത്ത് നിലനില്ക്കണം ഏത് ഉന്മൂലനം ചെയ്യപ്പെടണം എന്ന കാര്യത്തിൽ തീരുമാനമാകും...' ആ മഹാത്മാവ് ജമാഅത്തിന് ആവേശം പകർന്നുകൊണ്ട് പറഞ്ഞു: ''വാഗ്ദത്ത മസീഹ് ഹദ്‌റത്ത് മിർസാ ഗുലാം അഹ്മദ്(അ) നമ്മളിൽ സൃഷ്ടിച്ചിട്ടുള്ള കരുത്ത് നിലനില്ക്കുമ്പോൾതന്നെ നാം ലോകത്തെ വിജയിച്ചടക്കണം. മരിച്ചു കഴിഞ്ഞാൽ നമുക്കെന്താണ് ചെയ്യാൻ കഴിയുക. വാഗ്ദത്ത മസീഹ്(അ)നിങ്ങളിൽ സൃഷ്ടിച്ചിട്ടുള്ള ശക്തിയോടും ആത്മാവോടുംകൂടി പ്രവർത്തിക്കുകയും മുഴുലോകത്തേയും ഒരറ്റം മുതൽ മറ്റേഅറ്റം വരെ ഇളക്കിമറിക്കുകയും ലോകത്തെ കീഴടക്കാൻ ഇപ്പോൾ മുതൽതന്നെ തയ്യാറാകുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾ നിങ്ങളുടെ നാശത്തെ വിളിച്ചു വരുത്തുകയായിരിക്കും ചെയ്യുന്നത്'' (മജ്‌ലിസെ മുശാവറത്ത് 1927 ഏപ്രിൽ 15-17)

ഈ പ്രഖ്യാപനത്തിനുമുമ്പേ അഹ്മദിയ്യാമുസ്‌ലിം ജമാഅത്തിന്നെതിരെ വ്യക്തിപരമായ എതിർപ്പുകളാണുണ്ടായിരുന്നത്. ഇതിന് നാലു വർഷത്തിനു ശേഷമാണ് സംഘടിതമായ എതിർപ്പുകൾ തുടങ്ങുന്നത്. ജമാഅത്തിനെ ഭൂലോകത്തുനിന്ന് തുടച്ചുനീക്കുന്നതിനുവേണ്ടി രാഷ്ട്രീയമായും മതപരമായുമുള്ള നീക്കങ്ങൾക്ക് ശത്രുക്കൾ ആരംഭം കുറിച്ചു. ആഞ്ഞുവീശിയ എതിർപ്പിനു പിന്നിൽ മുഖ്യമായും പ്രവർത്തിച്ചത് മജ്‌ലിസെ അഹ്‌റാർ ആയിരുന്നു. (താരീഖെ അഹ്മദിയ്യത്ത് വാള്യം 6 പേജ് 316)

**ആരാണ് മജ്‌ലിസെ അഹ്‌റാർ?**

"സമീന്ദാർ പത്രത്തിന്റെ എഡിറ്ററായിരുന്ന മൗലവി സഫർ അലി ഖാൻ സാഹിബിന്റെ ''മുത്തഹദ ഖൗമിയത്ത്'' എന്ന ഫോർമുലയെ മുസ്‌ലീംകളിൽ സ്വീകാര്യമാക്കുന്നതിനും കോൺഗ്രസ്സിന്റെ എല്ലാ പരിപാടികളും പ്രയോഗത്തിൽ കൊണ്ടുവരുന്നതിനുംവേണ്ടി മൗലാനാ അബുൽകലാം ആസാദ് 1929 ഡിസംബറിൽ 'പഞ്ചാബിലെ മുൻഖിലാഫത്തി ഉലമായുടെ ഒരു പുതിയ മജലിസ്സിന് അടിത്തറയിട്ടു. അതിന് പേരിട്ടത് 'മജ്‌ലിസെ അഹ്‌റാർ' എന്നായിരുന്നു...

ആൾ ഇന്ത്യാ കോൺഗ്രസ്സ് കമ്മിറ്റിയുടെ മീറ്റിംഗ് ലാഹോറിൽ സംഘടിപ്പിച്ചപ്പോൾ ഇമാമുൽഹിന്ദ് ഹദ്‌റത്ത് മൗലാനാ അബുൽകലാം ആസാദിന്റെ സാന്നിധ്യത്തിൽ, മുസ്‌ലിംകൾക്ക് ഒരു സ്വതന്ത്രചിന്താ സംഘടന രൂപീകരിക്കണമെന്ന അഭിപ്രായം ഉയർന്നുവന്നു. മതപരമായ അധ്യാപനങ്ങൾ മുസ്‌ലീംകൾക്ക് നല്കുന്നതോടൊപ്പം മുസ്‌ലിം ജനതയെ മറ്റുള്ളവരുടെ കബളിപ്പിക്കലിൽനിന്നും ചതിയിൽനിന്നും രക്ഷിക്കണമെന്ന അഭിപ്രായത്തോടു എല്ലാവരും യോജിച്ചു. ആ സംഘടനയുടെ പേരെന്തായിരിക്കണമെന്നതിനെക്കുറിച്ച് ചർച്ച നടന്നു. അവസാനം 'മജ്‌ലിസെ അഹ്‌റാരെ ഇസ്‌ലാം' എന്ന് പേരിടുകയും എല്ലാവരും സന്തോഷത്തോടെ സ്വീകരിക്കുകയും ചെയ്തു."

"1929 ഡിസംബർ 29ന് ചേർന്ന കോൺഗ്രസ്സിന്റെ യോഗത്തിൽ മൗലാനാ അബുൽകലാം ആസാദിന്റെ അഭിപ്രായമനുസരിച്ച് ആൾ ഇന്ത്യാ കോൺഗ്രസ്സിന്റെ സ്റ്റേജിൽ ചൗധരി അഫ്സൽഹഖിന്റെ അധ്യക്ഷതയിൽ മജ്‌ലിസെ അഹ്‌റാറിന്റെ ആദ്യ മീറ്റിംഗ് നടന്നു. മൗലാനാ സയ്യിദ് അത്വാഉല്ലാഹ് ശാഹ് ബുഖാരിയായിരുന്നു മജ്‌ലിസെ അഹ്‌റാറിന്റെ ആദ്യത്തെ പ്രസിഡന്റ്.

**ഖാദിയാനിൽ അഹ്‌റാരികളുടേയും ഭരണകൂടത്തിന്റേയും പ്രകോപനപരമായ പ്രവർത്തനങ്ങൾ**

അഹ്മദിയ്യാജമാഅത്ത് ഒരു പരിശുദ്ധ വ്യവസ്ഥിതിയുള്ള ജമാഅത്താണ്. നിർബന്ധമായും അനുസരിക്കപ്പെടുന്ന ഒരു നേതാവ് അതിനുണ്ട്. പ്രവർത്തനനിരതമായ ഒരു കേന്ദ്രവുമായി അത് ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് അഹ്‌റാരികളും ഭരണകൂടവും ജമാഅത്തിനെ തകർത്തെറിയുന്നതിനു

വേണ്ടി നേരിട്ട് ഖാദിയാനെത്തന്നെ തങ്ങളുടെ പ്രകോപനങ്ങളുടെ ലക്ഷ്യസ്ഥാനമാക്കിയത്. അവർ അതിനുവേണ്ടി കിണഞ്ഞു പരിശ്രമിച്ചു. അഹ്മദികൾക്കെതിരെ വെറുപ്പിന്റേയും വിദ്വേഷത്തിന്റേയും വൈരാഗ്യത്തിന്റേയും ഒരു അന്തരീക്ഷം സൃഷ്ടിച്ചു. അഹ്മദികൾ എങ്ങനേയും വീർപ്പുമുട്ടി ക്ഷമകൈയൊഴിച്ച് സമാധാനത്തിന്റെ കോന്തല കൈവിട്ട് തെരുവിലിറങ്ങാൻ നിർബന്ധിതരാവണം എന്നതായിരുന്നു അവരുടെ ലക്ഷ്യം. അങ്ങനെ അഹ്മദികൾ രാജ്യത്തിന്റെ ഭരണഘടനയുമായി ഏറ്റുമുട്ടുന്ന ഒരു അവസ്ഥ ഉണ്ടാക്കണം. അപ്പോൾ ഭരണകൂടത്തിന് ആദ്യം ഖലീഫയ്ക്കെതിരിലും പിന്നീട് ഖാദിയാനെതിരിലും അതിനുശേഷം സംസ്ഥാനത്ത് മുഴുവനുമുള്ള അഹ്മദികൾക്കെതിരിലും നടപടിയെടുക്കാൻ എളുപ്പമായിരിക്കും. ഇൻസ്പെക്ടർ ജനറൽ സി. ഐ. ഡി മിർസാ മിഅ്റാജുദ്ദീൻ സാഹിബ് പ്രസിദ്ധനായ ഒരു അഹ്മദിയോടു പറഞ്ഞ ഈ വാക്കുകൾ ശ്രദ്ധിക്കുക:

''കഴിഞ്ഞ വർഷങ്ങളിൽ സർക്കാർ താങ്കളുടെ ജമാഅത്തിനെതിരെ തയ്യാറാക്കിയ പദ്ധതി എത്രമാത്രം ഭയാനകവും ഭയങ്കരവുമായിരുന്നുവെന്നാൽ, അതു ചിന്തിക്കുമ്പോൾ മനുഷ്യന്റെ ഹൃദയം വിറകൊളളുന്നു. എന്നാൽ, ജമാഅത്തിന്റെ ശക്തമായനേതൃത്വം അതിനെയെല്ലാം പരാജയപ്പെടുത്തി. അതുകൊണ്ടാണ് ഞാൻ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ഇമാമിൽ ആസക്തനായത്'' (താരീഖ് അഹ്മദിയ്യത്ത് വാല്യം 6 പേജ് 414)

അഹ്മദിയ്യാ കേന്ദ്രം ആക്രമിക്കുന്നതിനും അവരുടെ ഗൂഢപദ്ധതി നടപ്പിൽ വരുത്തുന്നതിനുംവേണ്ടി അവർ ചെയ്ത ആദ്യനടപടി 1933 ഒക്ടോബർ 6ന് രണ്ടു യുവാക്കളെ ഖാദിയാനിൽ പരിശോധനയ്ക്കായി അയക്കുകയായിരുന്നു. ആ യുവാക്കൾ വന്നപ്പോൾ ഖാദിയാനിലെ അഹ്ലുസുന്നത്തി വൽജമാഅത്തും ഹിന്ദുക്കളും ചേർന്ന് അൽഫദ്ൽ പത്രത്തിൽ ഒരു പ്രസ്താവന നടത്തി: "1933 ഒക്ടോബർ 6 ന് രണ്ടു യുവാക്കൾ വന്നു. തങ്ങളെ അയച്ചത് അഹ്റാരെ ഇസ്‌ലാമാണെന്ന് അവർ പറഞ്ഞു. ഖാദിയാനിലെ അഹ്ലുസുന്നത്ത് വൽജമാഅത്തിന്റെ പള്ളിയിലാണ് അവർ താമസിച്ചത്. ഞങ്ങൾ അഹ്റാരികളുടെ പ്രവർത്തനങ്ങളെ മുസ്‌ലീംവിരുദ്ധമായിട്ടാണ് മനസ്സിലാക്കിയിരുന്നത്. ഞങ്ങൾ അവരോടു പറഞ്ഞു, 'മസ്ജിദ് ആരാധനയ്ക്കുളള സ്ഥലമാണ്. ഇത്തരം പ്രവർത്തനങ്ങൾകൊണ്ട് കുഴപ്പവും കലഹവുമുണ്ടാകും. അതുകൊണ്ട് നിങ്ങൾ പള്ളിയിൽനിന്ന് പോകുക. അങ്ങനെ അവർ രണ്ടുപേരും അവിടെന്ന് പോയി. ഇതല്ലാതെ മറ്റൊരു സംഭവവും അവിടെ ഉണ്ടായിട്ടില്ല. അഹ്റാറിന് ഖാദിയാനിൽ ഒരു ഓഫീസില്ല. ധർമ ഭോജന ശാലയുമില്ല. ജമാഅത്തുമില്ല."

അഹ്റാറാണെങ്കിൽ കളള പ്രചാരണത്തിൽ വൈദഗ്ധ്യം നേടിയവരായിരുന്നു. അവർ ഈ നിസാര കാര്യത്തെ ശരിക്കും ആയുധമാക്കി. മുസ്‌ലിംകളെ പ്രകോപിപ്പിക്കാൻവേണ്ടി ഒരു കളളക്കഥ കെട്ടിച്ചമച്ചു. അവർ പറഞ്ഞു, "അഹ്മദികൾ തങ്ങളുടെ ആധിപത്യത്തിന്റെ ലഹരിയിൽ ഈ അഹ്റാരി യുവാക്കളെ ലാത്തികൊണ്ടടിച്ചടിച്ച് ജീവച്ഛവമാക്കി.'' അഹ്റാർ ചിന്തകനായ ചൗധരീ അഫ്ദൽ ഹഖ് സാഹിബ് 'താരീഖെ അഹ്റാർ' എന്ന ഗ്രന്ഥത്തിൽ ഈ സംഭവത്തെ തികച്ചും കോലംമാറ്റി എഴുതിയിട്ടുള്ളത് ഇപ്രകാരമാണ്:

''കുറച്ചു യുവാക്കളായ വാളന്റിയർമാരെ ഖാദിയാനിൽ അയച്ചു. മുസ്‌ലീകളുടെ പളളികളിൽപോയി നമസ്കരിക്കാനാണ് അയച്ചത്. അറിയാതെ ഖാദിയാനികളുടെ പള്ളികളിൽ പ്രവശിക്കേണ്ട എന്നു കരുതിയാണ് അങ്ങനെ നിർദേശിച്ചത്. അങ്ങനെ മിർസായികൾക്ക് നിങ്ങളുടെമേൽ ആക്രമണം നടത്തിയിട്ട് ഉചിതമായ ഒഴികഴിവ് പറയാൻ അവസരം കിട്ടണ്ട. പക്ഷേ, ഖാദിയാനീമിർസായികൾക്ക് മുസ്‌ലിം പള്ളികളിൽനിന്നുയരുന്ന ബാങ്കിന്റെ ശബ്ദം എങ്ങനെ സഹിക്കാനാണ്. പണ്ടേ മുസ്‌ലിംകളുടെ മേൽ അവരുടെ ലാത്തി വീണുകൊണ്ടിരുന്നതാണ്. അവർ വന്നു, ലാത്തിയുടെ ശക്തി കാണിക്കാൻ തുടങ്ങി. നിർദയരായ അവർ ലാത്തി കൊണ്ട് അഹ്റാരികളേയും വാളന്റിയർമാരേയും എത്രമാത്രം മർദിച്ചുവെന്നാൽ, അല്ലാഹുവിൽ അഭയം! ഭീരുവായ ശത്രുവിനെ കൈയിൽ കിട്ടിയാൽ നിന്ദ്യമായിട്ട് അങ്ങനെ തന്നെയാണ് കാണിക്കാറുള്ളത്."

ഖാദിയാനിൽ വന്ന അഹ്റാരികളുടെ ഈ ആദ്യ സംഘത്തിനുശേഷം ഇനായത്തുല്ലാഹ് എന്നൊരാൾ അഹ്റാരികളുടെ മുബല്ലിഗ് എന്നനിലയിൽ ഇവിടെ എത്തി. അയാൾ ചില സൂത്രശാലികളേയും തെമ്മാടികളേയും ആയുധമാക്കി അഹ്മദികൾക്കെതിരിൽ ഗൂഢാലോചന നടത്താൻ തുടങ്ങി. എങ്ങനെയെങ്കിലും തദ്ദേശ അഹ്മദികളുമായി ഏറ്റുമുട്ടുകയും അങ്ങനെ തങ്ങളുടെ കരച്ചിലും നിലവിളിയും കൊണ്ട് മുസ്‌ലിംകളുടെ സഹതാപം പിടിച്ചുപറ്റുക മാത്രമല്ല അമുസ്‌ലീംകളുമായിട്ട് സുദൃഢ ബന്ധം ഉണ്ടാക്കുകയും ചെയ്യുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. അഹ്മദികൾക്കെതിരെ സർക്കാർ എന്ത് നടപടിയെടുത്താലും അതവരുടെ പിന്തുണയോടെയാണെന്ന് വരുത്തിതീർക്കാനായിരുന്നു അവർ ഇങ്ങനെ ചെയ്തത്.

'പേഗാമെ ഹഖ്' എന്ന പത്രംമുഖേന അഞ്ചുമൻ 'അഹ്റാറുൽ മുസ്‌ലിമീൻ' 1929–ൽഖാദിയാനിലെ അനഹ്മദികളുടേയും അമുസ്‌ലിംകളുടേയുംമേൽ അഹ്മദികൾ അക്രമം അഴിച്ചുവിടുന്നുവെന്നുള്ള കിംവദന്തി പരത്തിയിരുന്നു. ഇപ്പോഴത്തെ അവരുടെ പ്രചാരണം അതായത് ഖാദിയാനിൽ ഇംഗ്ലീഷ് സർക്കാർ നിശ്ചലമായി കഴിഞ്ഞിരിക്കുന്നു, മിർസായികൾ സമാന്തര ഭരണം സ്ഥാപിച്ച് തദ്ദേശ ഹിന്ദുക്കളുടേയും മുസ്‌ലിംകളുടേയും ജീവിതകാലം ദുരിതത്തിലാക്കിയതുകൊണ്ട് അവിടെത്തെ ജനങ്ങളുടെ

വിളികേട്ട് അഹ്റാറിന് ഖാദിയാനിൽ പോകേണ്ടിവന്നിരിക്കുന്നു, ഇനി അവരെ മോചിപ്പിച്ചേ അടങ്ങൂ എന്നുള്ള പ്രചാരണം എരിതീയിൽ എണ്ണ ഒഴിച്ചതുപോലെയായി. 'അഹ്റാർ ചിന്തക'നായ ചൗധരീ അഫ്ദൽ ഹഖ് സാഹിബ് ഖാദിയാനിൽ അഹ്റാരികൾ പ്രവേശിച്ചതിനുള്ള മറ്റൊരു കാരണവും എഴുതി. അഹ്റാരികളുടെ ഈ നടപടിയെ ഒരു ദൈവികപദ്ധതിയാണെന്ന് വിശേഷിപ്പിച്ചുകൊണ്ട് അദ്ദേഹം എഴുതുന്നു:

"കശ്മീരിലെ നിരാലംബരായ സാധുജനങ്ങളുടെ വിപത്തുകൾ കണ്ടിട്ട് വിലപിക്കുകയായിരുന്നവരുടെ വേദനാജനകമായ ആവലാതികേട്ട് എഴുന്നേറ്റതുപോലെ ഞങ്ങൾ ഖാദിയാനിലെ ദുരിതങ്ങളിൽ കഴിയുന്ന ഹിന്ദുക്കളുടേയും മുസ്‌ലിംകളുടേയും നിലവിളികേട്ട് ഉണർന്നിരിക്കുകയാണ്. ഭൂമിയിലെ വേദനാജനകമായ ആവലാതികൾ ആകാശത്തിലെ ദൈവംവരെ എത്തുകയില്ലെന്നാണ് ഖാദിയാനിലെ മുതലാളിമാർ വിശ്വസിച്ചത്.....പക്ഷേ, നോക്കൂ! ആകാശത്തിലെ ദൈവം പറയുന്നതുപോലെ തോന്നി,' അഹങ്കാരികളായ യജമാനന്മാരേ, നിങ്ങളുടെ ഈ അക്രമപരമായ ജീവിതത്തിന്റെ ബൈബിളിന്റെ പേജുകൾ മടക്കിവയ്ക്കേണ്ടതാണ്. അതുകൊണ്ട് അവൻ കള്ള മസീഹിന്റേയും അയാളുടെ അനുയായികളുടേയും അക്രമങ്ങളെ തടയാൻ സാധുക്കളുടെ ജമാഅത്തിനോട് പറഞ്ഞിരിക്കുകയാണ്.'

'ഖാദിയാനികളുടെ മർദനം' അവസാനിപ്പിക്കാൻ അഹ്റാരികൾ 1933ലെ ജൽസാ സാലാന (വാർഷിക സമ്മേളനം) അവസരമാണ് തീരുമാനിച്ചത്. രാജ്യത്തിന്റെ വിവിധ സ്ഥലങ്ങളിൽനിന്ന് ആയിരക്കണക്കിന് അഹ്മദികൾ തങ്ങളുടെ വിശുദ്ധ കേന്ദ്രത്തിൽ സംഘടിച്ചിരുന്നപ്പോൾ അവർ അഹ്മദികളെ പീഢിപ്പിക്കാൻവേണ്ടി മാത്രം സമ്മേളനം സംഘടിപ്പിച്ചു. പ്രകോപനമായപരമായ നോട്ടീസുകൾ വിതരണം ചെയ്തു. ആ അവസരത്തിൽ തദ്ദേശപോലീസ് ഒരു ഭാഗത്ത് കലഹത്തെ പ്രോത്സാഹിപ്പിച്ചു. മറുഭാഗത്ത് അഹ്മദികളിൽനിന്ന് ആക്രമണത്തിന്റെ ഭീഷണിയുണ്ടെന്ന് പറഞ്ഞ് ഉന്നത ഉദ്യോഗസ്ഥനെ തെറ്റു ധരിപ്പിച്ച് വൻപോലീസ് സംഘത്തെ വരുത്തിച്ചു. സ്ഥലത്തെ മജിസ്ട്രേട്ട്, ജമാഅത്തിന്റെ ഉത്തരവാദപ്പെട്ട അംഗങ്ങളോട് ആരും അവരുടെ സമ്മേളനത്തിൽ പങ്കെടുക്കരുതെന്ന് നിർദേശിച്ചു. അറിയാതെ ആരെങ്കിലും അങ്ങോട്ടു പോകുന്നതു കണ്ടാൽ അവരെ തിരിച്ചയക്കുന്നതിനുവേണ്ടി അഹ്റാരികളുടെ സമ്മേളന സ്ഥലത്തേക്കുള്ള എല്ലാ വഴികളിലും ആളുകളെ നിറുത്തി. വളരെ സൂക്ഷ്മതയോടെ അഹ്റാരികൾക്ക് ഒരു തരത്തിലുള്ള പരാതിയ്ക്കും ഇടം നല്കാതിരിക്കാനുള്ള ശ്രമമാണ് നടത്തിയത്. പക്ഷേ, അക്കൂട്ടരുടെ ഉദ്ദേശ്യം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനെതിരിൽ ബഹളമുണ്ടാക്കുക എന്നതു മാത്രമായിരുന്നു. അതിന് തദ്ദേശപോലീസുകാർ അവരെ സഹായിക്കുകയും ചെയ്തു. അതുകൊണ്ട് കുഴപ്പമുണ്ടാക്കാൻ ഒരു കാര്യവും കിട്ടാതെ വന്നപ്പോൾ അവരുടെ സമ്മേളനനഗറിന്റെ കുറച്ചകലെ ഒരു അഹ്മദി വീട്ടിൽ ഒന്നുരണ്ട് അഹ്മദി അതിഥികൾ പദ്യം ചൊല്ലുന്ന ശബ്ദം തങ്ങൾ കേൾക്കുന്നുവെന്ന് പറഞ്ഞ് ബഹളമുണ്ടാക്കാൻ തുടങ്ങി. കുഴപ്പമുണ്ടാകാൻ സാധ്യതയുണ്ട്, അതിനാൽ അഹ്മദി പദ്യം ചൊല്ലുന്നത് ഉടനെ നിറുത്താൻ തദ്ദേശപോലീസ് അധികാരി കല്പന പുറപ്പെടുവിച്ചു. അങ്ങനെ പദ്യ പാരായണം നിറുത്തി. പിന്നീട് ഒരു അഹ്മദിയുടെ വീടിന്റെ ഭിത്തിയിൽ അഹ്റാരികൾ (അദ്ദേഹം പതിക്കരുതെന്ന് വിലക്കിയിട്ടും) ഒരു പോസ്റ്റർ പതിച്ചു. ആ പോസ്റ്റർ ആ സമ്മേളനത്തെ കുറിച്ചുള്ളതായിരുന്നില്ല. അതിൽ ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനി(റ)യെ കുറിച്ചും അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിനെ കുറിച്ചും പ്രകോപന പരമായ അസഭ്യകാര്യങ്ങളാണ് എഴുതിയിരുന്നത്. അഹ്മദി ആരും അറിയാതെ അത് കീറിക്കളഞ്ഞു. അപ്പോൾ തങ്ങളുടെ പോസ്റ്റർ കീറി എന്നും ഇനി കുഴപ്പമുണ്ടാകുമെന്നും അഹ്റാരികൾ പോലീസിനോട് പറഞ്ഞു. ഞങ്ങൾ അതു ചെയ്യും ഇതുചെയ്യും എന്ന് പറഞ്ഞ് ബഹളംവച്ചു. ഇത് കണ്ടിട്ട് ഇൻചാർജ് പോലീസ് (അദ്ദേഹത്തിന്റെ കൺമുമ്പിലാണ് അവർ ആ പോസ്റ്റർ പതിച്ചത്)അഹ്റാരികളെ തടയുന്നതിനു പകരം അഹ്മദിയെ വഴക്ക് പറയാൻ തുടങ്ങി.

### ഖാദിയാനിൽ മജ്‌ലിസെ അഹ്റാരിന്റെ ഓഫീസ്

അക്രമത്തിന്റെ പരസ്യമായ ആദ്യത്തെ പരിശ്രമമായിരുന്നു ഇത്. ഇത് വിപുലമാക്കുന്നതിനുവേണ്ടി 1934 ന്റെ തുടക്കത്തിൽ ഖാദിയാനിൽ മജ്‌ലിസെ അഹ്റാറിന്റെ ഒരു ഓഫീസ് തുറക്കപ്പെട്ടു.

സയ്യിദ് അത്വാ ഉല്ലാഹ് ശാഹ് ബുഖാരിയുടെ ജീവിത ചരിത്രത്തിൽ ഈ ഓഫീസിനെ കുറിച്ചു പറയുന്നു: "ഖാദിയാനിൽ മജ്‌ലിസെ അഹ്റാറിന്റെ ഓഫീസ് 1934 മുതലുള്ളതാണ്.... മുബല്ലിഗുമാർ ഖാദിയാനിയ്യത്തിനെ ഖണ്ഡിക്കുന്ന ജോലി ഭംഗിയായനിലയിൽ നിർവഹിച്ചു വരുന്നു. ഓഫീസ് ഒരു വലിയകെട്ടിടത്തിലാണ് നിലകൊള്ളുന്നത്. അത് ഖാദിയാന്റെ ഒത്തനടുവിലാണ്.....ഖാദിയാനിലെ മദ്രസയുടേയും മുബല്ലിഗുമാരുടേയും ഓഫീസിന്റേയും ഒരു മാസത്തെ ചെലവ് 300 രൂപയിലധികമാണ്."

ഈ ഓഫീസിന്റെ ചെലവുകൾ എവിടെനിന്നാണ് സംഘടിപ്പിച്ചിരുന്നത്? അതിന്റെ വിശദീകരണത്തിലേക്ക് നമുക്ക് പോകേണ്ടുന്ന ആവശ്യമില്ല. ശാഹ് സാഹിബിന്റെ ചരിത്രമെഴുതിയ ആൾ ഇത്രമാത്രം എഴുതി പിന്മാറുകയാണ് ചെയ്തിട്ടുള്ളത്: 'ഈ എല്ലാ ചെലവുകളുടേയും ഉത്തരവാദിത്തം അമീറെ ശരീഅത്തിന്റേതായിരുന്നു. അദ്ദേഹത്തിന്റെ പരിശ്രമമൊന്നുകൊണ്ടു മാത്രം ഇപ്പോഴും അത് നിലച്ചിട്ടില്ല.'

ഈ ഓഫീസിന്റെ വലിയ കെട്ടിടം അതിന്റെ 'മദ്രസ' യുടേയും

'മുബല്ലിഗുമാരു' ടേയും അവസ്ഥ കാണുന്നവർക്ക് നല്ലവണ്ണം അറിയാം. എന്നാൽ ശാഹ് സാഹിബ് തന്റെ ശക്തമായ പ്രസംഗങ്ങളിൽ എങ്ങനെയാണ് ഈ ഓഫീസിന്റെ പ്രവർത്തനങ്ങളെ പ്രചരിപ്പിച്ചിരുന്നതിനുള്ള മാതൃക അദ്ദേഹമെഴുതിയ താഴെ കാണുന്ന പരസ്യത്തിൽനിന്ന് ലഭിക്കുന്നുണ്ട്:

"ഖാദിയാനിൽ പ്രത്യേകം തുറക്കപ്പെട്ടിട്ടുള്ള നമ്മുടെ ഓഫീസ് ഈ ഫിത്നയുടെ വളർച്ചയെ ഒരു പരിധിവരെ തടഞ്ഞു നിറുത്തിയിട്ടുണ്ട്. എന്നല്ല എല്ലാ മിർസായികൾ ജമാഅത്തിനേയും ഇല്ലാതാക്കിക്കളഞ്ഞിരിക്കുന്നു. നൂറുക്കണക്കിന് മിർസായി പശ്ചാത്തപിച്ച് മടങ്ങിക്കഴിഞ്ഞു. ആയിരക്കണക്കിന് തയ്യാറായി കഴിഞ്ഞിട്ടുണ്ട്. അവർ നിങ്ങളിലേക്ക് നോക്കുന്നു. ഇസ്‌ലാം നിങ്ങളെ ഏല്പിച്ചിട്ടുള്ള മജ്‌ലിസെ അഹ്റാറിന്റെ പ്രബോധന വിഭാഗത്തെ ശക്തിപെടുത്താൻ പൂർണ മനക്കരുത്തോടും തികഞ്ഞ ഉത്തരവാദത്തോടുംകൂടി ശ്രമിക്കുകയും നിർബന്ധംകൊണ്ട് അവിടെ കുടുങ്ങിക്കിടക്കുന്ന അവരിലെ വലിയവലിയ ആളുകളെ ഇങ്ങോട്ടു ക്ഷണിക്കാൻ നാം പ്രാപ്തരാകുകയും ചെയ്യുകയാണെങ്കിൽ നമ്മുടെ കൺമുമ്പിൽ ഈ ഫിത്ന ലോകത്ത് നിന്ന് ഇല്ലാതാകുന്നത് അകലെയല്ല. അതുകൊണ്ട് നിങ്ങൾക്കും നിങ്ങളുടെ സുഹൃത്തുക്കൾക്കും മജ്‌ലിസെ അഹ്റാറിന്റെ പ്രബോധന വിഭാഗത്തെ ശക്തിപെടുത്താൻ കഠിനപ്രയത്നം ചെയ്യേണ്ടത് നിർബന്ധമാണ്......ഞാൻ നിങ്ങൾക്ക് ഉറപ്പു നല്കുന്നു, ഖാദിയാനികൾക്കെതിരെ പണം ചെലവഴിക്കുന്നത് ഇക്കാലത്തെ ജിഹാദാകുന്നു,"

അഹ്റാരികൾ ഖാദിയാനിൽ താവളമടിക്കുകയും ഓഫീസ് തുറക്കുകയും ചെയ്തതോടെ സമാധാനലംഘനത്തിനുള്ള പരിപാടികളും തുടങ്ങി. ഇക്കാരണത്താൽ ഖാദിയാനിൽ മാത്രമല്ല അതിന്റെ പരിസരവാസികളിലും ഉഗ്രമായ പിരിമുറുക്കമുണ്ടായി. ഇതു വർധിപ്പിക്കുന്നതിനു വേണ്ടി ഒരു ഭാഗത്ത് അഹ്മദികളെക്കുറിച്ചുള്ള കള്ള റിപ്പോർട്ടുകൾ ഭരണകർത്താക്കൾക്കു നല്കി അവരെ പ്രകോപിതരാക്കി. മറുഭാഗത്ത് എല്ലാ പള്ളികളിലും അങ്ങേയറ്റം പ്രകോപനപരവും ഹൃദയത്തെ വ്രണപ്പെടുത്തുന്നതുമായ പ്രസംഗപരമ്പര ആരംഭിച്ചു. ഇതിൽ അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ വന്ദ്യനായ ഇമാമിനേയും മറ്റു പുണ്യാത്മാക്കളേയും അധിക്ഷേപിക്കാൻ തുടങ്ങി. അഹ്മദികൾ വധാർഹരാണെന്നും അവരെ കൊല്ലേണ്ടതാണെന്നും പരസ്യപ്രസ്താവനകൾ നടത്തി. വിവിധ രീതിയിൽ സാധാരണക്കാരെ കലഹങ്ങൾക്ക് പ്രേരിപ്പിച്ചുകൊണ്ടിരുന്നു. ചീത്ത പറയാനും അസഭ്യങ്ങൾ പുലമ്പാനും ലാഹോർ, അമൃതസർ, ലുധിയാന, മറ്റു നഗരങ്ങളിൽനിന്നും കടിഞ്ഞാണില്ലാത്തവരും വിധ്വംസകപ്രവർത്തകരുമായ പ്രസംഗകരുടേയും മൗലവിമാരുടേയും ഒരു പടതന്നെ അണിനിരന്നു. നിർഭയമായും ചീത്തപറയൽ, വിഷംചീറ്റുന്ന പ്രസംഗങ്ങൾ, പരിഹാസങ്ങൾ, അസഭ്യവാക്കുകൾ, കളവ് കൂടാതെ ഹീനമായ മറ്റുള്ള സകല ആയുധങ്ങളും അവർ ഉപയോഗിച്ചു. ഇതെല്ലാം അരങ്ങേറിയത് പോലീസിന്റേയും മറ്റു ഉത്തരവാദപ്പെട്ട ഭരണാധികാരികളുടേയും കൺമുമ്പിലായിരുന്നു. എന്നല്ല, അവരുടെ മേൽനോട്ടത്തിലായിരുന്നു. ഇവർ സാധാരണക്കാരുടെ വികാരങ്ങളെ ഇളക്കിവിടാൻ ചെയ്യാത്ത പണികളൊന്നുമില്ല. അതിനോടൊപ്പം തങ്ങളാണ് സമാധാനകാംക്ഷികളെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമങ്ങളും അവർ നടത്തിയിരുന്നു. ഈ നയം പൊതുവെ എല്ലാ പ്രസംഗകരും സ്വീകരിച്ചിരുന്നു. ഇതിനായി അവർ പുതിയ പുതിയ രീതികൾ അവലംബിച്ചിരുന്നു.

1934 മാർച്ച് 23ന് മജ്‌ലിസെ അഹ്റാറിന്റെ ദേശീയ അധ്യക്ഷൻ മൗലവി ഹബീബുർറഹ്മാൻ ലുധിയാനവി ഖാദിയാനിൽ വന്നു. അദ്ദേഹത്തിന് ഖാദിയാൻവാസികൾ ഒരു മെമ്മോറാണ്ടം കൊടുത്തു. അതിൽ പറഞ്ഞിരുന്നതിപ്രകാരമാണ്:

"അങ്ങയോട് ഞങ്ങൾ സത്യം പറയുന്നു. ഖാദിയാനിൽ ബ്രിട്ടീഷ് സർക്കാറിന്റെ ഭരണമാണെന്ന് ഞങ്ങൾ കരുതുന്നില്ല. ഞങ്ങളെ ഭരിക്കുന്നത് ഖാദിയാനി ജമാഅത്താണ്. ഖാദിയാനിൽ ബ്രിട്ടീഷ് ഭരണം തകിടം മറിഞ്ഞു കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് ഞങ്ങളുടെമേൽ മർദനമാണ് നടക്കുന്നത്. ചെവിപിടിച്ച് ഖാദിയാനിൽനിന്ന് പുറത്താക്കൽ നിത്യക്കാഴ്ചയാണ്. പിഴകൾ ചുമത്തുകയും തടവിലിടുകയും ചെയ്യുന്നു. കൊലപാതകംവരെ നടക്കുന്നുണ്ട്. മുഹമ്മദ് അമീൻ മുജാഹിദ് ബുഖാറയെ പട്ടാപ്പകൽ കൊലചെയ്തിട്ട് കുറച്ചുകാലമേ ആയിട്ടുള്ളു. അതിനുശേഷം കൊലപാതകി ഇഖ്ബാൽ കുറ്റകൃത്യം ചെയ്തുകൊണ്ടേപോകുന്നു. പക്ഷേ, കേസുകളൊന്നുമില്ല. ഉമൂറെ ആമ, ഉമൂറെ ഖാരിജ, ഉമൂറെ ദാഖല എല്ലാം കൃത്യമായി പ്രവർത്തിച്ചു വരുന്നു. ഹൈക്കോടതിയും അതിനു വിധേയമായി കീഴ്ക്കോടതിയുമുണ്ട്. ഖാദിയാനിൽനിന്ന് മുസ്‌ലിംകളെ ഒന്നടങ്കം പുറത്താക്കുക എന്നതാണ് അവരുടെ പോളിസി. അത് അവരുടെ മതപരമായ വിശ്വാസവുമാണ്. ഖാദിയാനിലെ സമാൻടൗണിലെ നിലവിലുള്ള പ്രസിഡന്റിന്റെ കോടതിയിൽ അതവർ ബോധിപ്പിച്ചിട്ടുള്ളതാണ്. ഖാദിയാനിലെ അനഹ്മദികൾക്ക് രണ്ടു വഴികളാണുള്ളതെന്ന് അദ്ദേഹം പരസ്യമായി പറഞ്ഞിട്ടുണ്ട്; ഒന്നുകിൽ മുഹമ്മദു(സ)ന്റെ കോന്തലവിട്ട് ഖാദിയാനിയാകുക, അല്ലെങ്കിൽ ഖാദിയാനിൽനിന്ന് ഒഴിഞ്ഞുപോകുക."

പിന്നീട് പഞ്ചാബ് ഹൈക്കോടതിയിൽ സവിസ്തരം വാദത്തിൽവന്ന ആരോപണങ്ങളാണ് ഇതിലധികവും. കോടതി അവയെല്ലാം അടിസ്ഥാനരഹിതവും അസത്യപരവുമാണെന്ന് വിധിക്കുകയുണ്ടായി. ആദ്യം മുതൽ അവസാനം വരെ കളവിന്റെ സമുച്ചയമായ ഈ മെമ്മോറാണ്ടത്തിന് മറുപടി നല്കിക്കൊണ്ട് മൗലവി ഹബീഹുർറഹ്മാൻ സാഹിബ് അതിതീവ്രമായ ഒരു പ്രസംഗം ചെയ്തു.

അതിൽ ഖാദിയാനിലെ അനഹ്മദികളെ പ്രകോപിപ്പിച്ചുകൊണ്ടു പറഞ്ഞു:

'മഹ്മൂദിനേയും അയാളുടെ കൂട്ടാളികളേയും സമാധാനത്തോടെ നേരായ പാതയിലേക്ക് വിളിക്കേണ്ടത് നിങ്ങളുടെ നിർബന്ധ കടമയാണ്. ഇരുലോകങ്ങളുടെ നേതാവിന്റെ സത്യദീൻ അവരുടെ മുമ്പിൽ അവതരിപ്പിക്കുക. അതിനുപകരം നിങ്ങളുടെ തലതല്ലിപൊളിപ്പിക്കേണ്ടി വന്നാൽ പൊളിപ്പിക്കുക. വെടിയേല്ക്കേണ്ടി വന്നാൽ വിരിമാറ് കാണിച്ചുകൊടുക്കുക. ഒരു ചാഞ്ചല്യവും കൂടാതെ മരണത്തെ ആലിംഗനം ചെയ്യുക. ഖാദിയാനിലെ ഇടവഴികളിൽ അഹ്റാരി പ്രവർത്തകരുടെ രക്തത്തിന്റെ പുഴകളൊഴുകിയാൽ ഞാൻ മനസ്സിലാക്കും, ഞാനെന്റെ ലക്ഷ്യം പ്രാപിച്ചുവെന്ന്. അല്ലാഹുവാണ! അതു ഞാൻ കാത്തിരിക്കുകയാണ്. എന്റെ മതദൗത്യം പൂർത്തിയാക്കുന്നതിനിടയിൽ മഹ്മൂദിന്റെ ഹവാരികളുടെ കൈയാൽ ഞാൻ വധിക്കപ്പെട്ടാൽ, ഞാൻ അത് ശഹാദത്തെ കുബ്റാ (ഏറ്റവും വലിയ വീരമൃത്യു) ആയി മനസ്സിലാക്കുന്നതാണ്."

ഈ ഉദ്ധരണത്തിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും അഹ്റാരി നേതാക്കന്മാരുടെ പ്രസംഗങ്ങൾ പ്രകോപനപരമായ എന്തെന്തെല്ലാം ചതികളാണ് നടത്താതിരുന്നതെന്ന്. ഈ തീപ്പൊരികളുടെ ഒരു ഭാഗം അൽഫദ്ൽ പത്രത്തിലും അഹ്മദിയ്യാമുസ്ലിം ജമാഅത്തിന്റെ റെക്കാർഡുകളിലും സുരക്ഷിതമാണ്. ഇൻശാഅല്ലാഹ്! വരും തലമുറയ്ക്കായി ഖിയാമത്തുനാൾവരെ അത് സുരക്ഷിതമായിരിക്കും.

**അഹ്റാറിന് പഞ്ചാബിലെ ചില ഉലമാക്കളുടെ പ്രോത്സാഹനം:**

ഇതായിരുന്നു ഖാദിയാനിലെ അവസ്ഥ. എന്നാൽ, ഖാദിയാനിൽ വരാൻ അവസരം ലഭിക്കാതിരുന്ന മറ്റു നഗരങ്ങളിലെ ഉലമാക്കൾ - അവരുടെ നാവുകളിൽനിന്നും തൂലികകളിൽനിന്നും കോപാഗ്നിയും കടുപ്പമായ ചിന്താഗതിയും ജ്വലിച്ചിരുന്നു-അഹ്റാറികളുടെ പരിശ്രമങ്ങളെ ജിഹാദ് എന്നു പറഞ്ഞു. അവർ അഹ്മദിയ്യത്തിനെതിരിൽ അന്തിമ തീരുമാനത്തിനായി യുദ്ധം ചെയ്യാൻ എല്ലാ മുസ്ലിംകളേയും പ്രേരിപ്പിച്ചുകൊണ്ടിരുന്നു. ആ നാളുകളിൽ മൗലവി സയ്യിദ് അൻവർ ശാഹ് സാഹിബ് കാശ്മീരി (സുപ്രസിദ്ധ ദേവബന്ദ് പണ്ഡിതൻ) ഒരു അഭ്യർഥന പ്രസിദ്ധീകരിച്ചു. അതിലെഴുതി:

"അല്ലാഹുവിനുവേണ്ടി ഖാദിയാനികൾക്കെതിരിൽ ഇപ്പോൾ യുദ്ധം നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് എന്നിൽനിന്ന് ഹദീഥു പഠിച്ചിട്ടുള്ളവരോട് പ്രത്യേകിച്ചും മുസ്ലിംകളോട് പൊതുവേയും, ദീനിനുവേണ്ടി അർപണം ചെയ്തിട്ടുള്ള ലാഹോറികളെപ്പോലെ മിർസായികളുടെ അടിത്തറയില്ലാത്ത കൊട്ടാരത്തെ തകർത്തെറിയാൻ സാധ്യമായതെല്ലാം ചെയ്യുന്നതിൽ ഒരു കുറവും വരുത്തരുതെന്ന് ഞാൻ അഭ്യർഥിക്കുകയാണ്."

ഇപ്രകാരംതന്നെ ലാഹോർ അഞ്ചുമൻ ഖുദ്ദാമുദ്ദീനിന്റെ അമീർ മൗലവി അഹ്മദ് അലി സാഹിബും സമീന്ദാർ പത്രത്തിന്റെ എഡിറ്റർ മൗലവി സഫർഅലി ഖാൻ സാഹിബും മുസ്ലിംകളോട് അഭ്യർഥിച്ചു: ''റസൂലുല്ലാഹി(സ) പ്രവചനം ചെയ്ത ആ അവസാന ഫിത്ന പൗരസ്ത്യ ദേശത്ത് ഖാദിയാനിയ്യത്തിന്റെ രൂപം പ്രാപിച്ച് വെളിപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് **ലം യലിദ് വലം യൂലിദായ** അല്ലാഹുവിന്റെ നാമത്തിൽ, ഖാത്തമുന്നബിയ്യീനായ മുഹമ്മദ് മുസ്തഫാ(സ)യുടെ നാമത്തിൽ, അല്ലാഹുവിന്റെ പക്കൽ സ്വീകാര്യമതമായ ഇസ്ലാമിന്റെ നാമത്തിൽ, വേദനതിങ്ങുന്ന മനസ്സോടെ പൊതുക്ഷണം നടത്തുകയാണ്, മുസ്ലീംകളായ നമ്മളെല്ലാവരും നമ്മുടെ ഭാഗികമായ എല്ലാ എതിർപുകളും മാറ്റിവച്ചുകൊണ്ട് ഈ ഫിത്നയെ(ഖാദിയാനിയ്യത്തിനെ)ഉന്മൂലനം ചെയ്യുന്നതിനുവേണ്ടി സാധ്യമായ എല്ലാ മാർഗങ്ങളും പ്രയോഗിക്കുന്നതിൽനിന്ന് ഒഴിഞ്ഞുമാറരുത്. ഒഴിഞ്ഞുമാറിയാൽ ദുൻയാവും ആഖിറത്തും നഷ്ടമായിപ്പോകുമെന്നല്ലാതെ ഒന്നും ലഭിക്കുകയില്ല."

അഹ്റാരി നേതാക്കൾ വിളംബരം ചെയ്തു: 'ഖാദിയാനിയ്യത്തിന്നെതിരിലുള്ള നമ്മുടെ യുദ്ധം മതപരമല്ല. വെറും രാഷ്ട്രീയപരമാണ്.' ഥനാഉല്ലാഹ് അമൃതസരി പറഞ്ഞു: 'അഹ്റാർ പരസ്യമായി പറയുന്നു, ഖാദിയാനീ സംഘവുമായിട്ടുള്ള പ്രശ്നങ്ങളുടെ തീരുമാനം ഉലമാക്കൾ എടുത്തു കഴിഞ്ഞിട്ടുള്ളതാണ്. അവരോടുള്ള നമ്മുടെ പോരാട്ടം രാഷ്ട്രീയ നിറത്തിലുള്ളതാണ്.'

അങ്ങനെ അവർ പ്രകോപനപരമായ പ്രസംഗങ്ങളിലൂടേയും എഴുത്തുകളിലൂടേയും സാധാരണ മുസ്ലിംകളെ അഹ്മദികൾക്കെതിരെ ഇളക്കിവിട്ട് കലാപം സൃഷ്ടിക്കാൻ തുടങ്ങി. ഏതു രീതിയിലും അഹ്മദിയ്യാ മുസ്ലിം ജമാഅത്തിനെ ഉന്മൂലനം ചെയ്യുക എന്നതു മാത്രമായിരുന്നു അവരുടെ ലക്ഷ്യം.

ഇഹ്സാൻ എന്ന പത്രം 1935 ഫെബ്രുവരി 5 ന് എഴുതി: "സിദ്ദീഖുൽ അക്ബറിന്റെ കാലത്ത് ജനിക്കാതിരുന്നതിന് മിർസായികൾ നന്ദി പറയേണ്ടതാണ്. ഇല്ലെങ്കിൽ അദ്ദേഹം സക്കാത്ത് കൊടുക്കാൻ കൂട്ടാക്കാതിരുന്ന നാമധാരികളായ മുസ്ലിംകൾക്കെതിരിൽ വാൾകൊണ്ടു യുദ്ധം ചെയ്തതുപോലെ മിർസായികളേയും വകവരുത്തുമായിരുന്നു.''.....''ഇന്നു മുസ്ലീംകളിൽ ഹദ്റത്ത് സിദ്ദീഖുൽ അക്ബർ ഉണ്ടായിരുന്നെങ്കിൽ ഉറകളിൽനിന്ന് വാൾ പുറത്തെടുക്കുകും ഖാദിയാനിയ്യത്ത് വേരോടെ പിഴുതെറിയപ്പെടുകയും ചെയ്തിട്ടുണ്ടാകുമായിരുന്നു."

ഗസ്നവീ കുടുംബത്തിലെ ഒരു അമൃതസരി മൗലവി 1935 ഫെബ്രുവരി 7ന് വീരാവൽ എന്ന സ്ഥലത്തു ചെയ്ത പ്രസംഗത്തിൽ പറഞ്ഞു: ''കുറച്ചു ദിവസങ്ങൾക്കുള്ളിൽ ഖാദിയാനിലെ ഖലീഫ വധിക്കപ്പെടും. മിനാരം തകർത്തെറിയപ്പെടും. പോലീസും സർക്കാരും കേട്ടുകൊള്ളുവിൻ! ഞങ്ങൾ എത്രയും വേഗം

ഖാദിയാനീ ഖലീഫയെ കൊല്ലുന്നതാണ്.”

**ഫിത്നയെ തടയാൻ ഒരു കമ്മിറ്റി:**

മിർസാ അബ്ദുൽഹഖ് സാഹിബിന്റെ (പ്ലീഡർ ഗുരുദാസ്പൂർ) വിവരണമാണ്. “അഹ്റാറിനെ നേരിടാൻ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അഥ്ഥാനീ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)ഒരു കമ്മിറ്റി രൂപീകരിച്ചു. അതിൽ അദ്ദേഹവും അംഗമായിരുന്നു. അപ്രകാരംതന്നെ ബഹുമാനപ്പെട്ട ശേയ്ഖ് ബശീർ അഹ്മദ് സാഹിബ് അഡ്വക്കേറ്റ് ലാഹോർ തുടങ്ങി മറ്റുചില സഹോദരന്മാരും അംഗങ്ങളായിരുന്നു. ഹുദൂർ തന്നെയായിരുന്നു കമ്മിറ്റിയുടെ അധ്യക്ഷൻ. കമ്മിറ്റിയിലെ അംഗങ്ങൾക്ക് ഒരുപാട് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. അവരുടെ മുമ്പിൽ സംഭവങ്ങളെല്ലാം വിശദമായി അവതരിപ്പിച്ചിരുന്നു. ഇതു സംബന്ധമായിട്ടുള്ള അത്യാവശ്യ കത്തിടപാടുകളും സാഹിത്യങ്ങൾ സുരക്ഷിതമാക്കി വെക്കാനുള്ള പ്രവർത്തികളുമെല്ലാം ഹുദൂർ നേരിട്ട് തന്റെ കീഴിലാണ് വെച്ചിരുന്നത്.” *(തുടരും)*

---

ഖുത്ബ പേജ് 11 ൽ നിന്ന് തുടർച്ച

കാലത്തിനുശേഷം അവൻ പൂർവ സ്ഥിതി പ്രാപിച്ചു.

എതിരാളികൾ നാശമടഞ്ഞ കാര്യങ്ങളാണ് ഇനി പറയുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: ‘‘സിർറുൽഖിലാഫ എന്ന പുസ്തകത്തിന്റെ 62-ാം പേജിൽ ഞാൻ എഴുതിയിട്ടുള്ള 71-ാത്തെ അടയാളം. ‘സന്മാർഗം പ്രാപിക്കാനിടയില്ലാത്ത ശത്രക്കളെ പ്ലേഗ് ബാധിക്കുന്നതിനുവേണ്ടി ഞാൻ ദുആ ചെയ്തിരുന്നു. ഈ ദുആയുടെ ഫലമായി വർഷങ്ങൾക്കു ശേഷം ഈ രാജ്യത്ത് പ്ലേഗ് ആധിപത്യം സ്ഥാപിച്ചു. എനിക്കെതിരിൽശക്തമായ ശത്രുത പുലർത്തിയിരുന്ന ചിലർ പ്ലേഗ് പിടിപെട്ട് ഈ ലോകത്ത് നിന്ന് വിടപറഞ്ഞു. അതിനു ശേഷം ഈ ഇൽഹാം ഉണ്ടായി: **‘ഏ ബസാ ഖാനയെ ദുശ്മൻ കെ തൂ വീറാൻ കർദി** (ഫാർസിയാണ്. അതായത് നീ ഒരുപാട് ശത്രുക്കളുടെ വീടുകൾ ജനശൂന്യമാക്കിക്കളഞ്ഞു.)ഈ ദുആ സ്വീകരിക്കപ്പെട്ട് പ്രവചനമനുസരിച്ച് പ്ലേഗിന്റെ ശിക്ഷ അവരുടെമേൽ അഗ്നിപോലെ വർഷിച്ചു. എന്നെ നിഷേധിക്കുകയും ചീത്തപറയുകയും ചെയ്തിരുന്ന ആയിരക്കണക്കിന് ശത്രുക്കൾ നശിച്ചൊടുങ്ങി. ഇവിടെ നാം ഉദാഹരണമെന്നോണം ചില കഠിന വിരോധികളെക്കുറിച്ച് പറയുകയാണ്.

ഒന്നാമതായി പറയപ്പെടാൻ അർഹൻ അമൃതസർക്കാരനായ മൗലവി റുസൂൽ ബാബയാണ്. അയാൾ എന്നെ ഖണ്ഡിച്ച് ഗ്രന്ഥമെഴുതി. കടുപ്പമായ ഭാഷ കാണിച്ചു. നശ്വരമായ ജീവിതത്തെ സ്നേഹിച്ചുകൊണ്ട് കളവ് പറഞ്ഞു. അവസാനം അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് പ്ലേഗ് ബാധിച്ച് മരിച്ചു. അതിനുശേഷമുള്ളത് ബട്ടാലയിൽ ഡപ്യൂട്ടി ഇൻസ്പെക്ടറായ മുഹമ്മദ് ബഖ്ശാണ്. ശത്രുതയിലും വേദനിപ്പിക്കുന്നതിലും അരമുറുക്കി അയാൾ ഇറങ്ങി. അവസാനം അയാളും പ്ലേഗ് ബാധിച്ച് മരിച്ചു. അതു കഴിഞ്ഞ് ജമ്മുവാസിയായ ചിരാഗ്ദീൻ എന്നയാൾ എഴുന്നേറ്റു. റസൂലാണെന്ന് അയാൾ വാദിച്ചിരുന്നു. എന്റെ പേര് അയാൾ ദജ്ജാലെന്ന് വെച്ചു. ഹദ്റത്ത് ഈസാ തനിക്ക് സ്വപ്നത്തിൽ ഒരു വടി തന്നുവെന്നും ആ വടികൊണ്ട് ഈ ദജ്ജാലിനെ കൊല്ലാനാണ് അതു തന്നതെന്നും അയാൾ പറഞ്ഞു. അയാളും എന്റെ പ്രവചനമനുസരിച്ച് -ആ പ്രവചനം അയാളെ സംബന്ധിച്ചുമാത്രം ‘ദാഫിഉൽബലാ വ മിഅ്യാറു അഹ്ലുൽ ഇസ്തഫാ’ എന്ന ഗ്രന്ഥത്തിൽ അയാളുടെ ജീവിതകാലത്ത് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളതാണ്,˝ 1906 ഏപ്രിൽ 4ന് തന്റെ രണ്ട് ആൺമക്കളോടൊപ്പം പ്ലേഗ് ബാധിച്ച് നാശമടഞ്ഞു. എന്നെ കൊല്ലാനുള്ള ഈസാ കൊടുത്ത ആ വടി എവിടെപ്പോയി? **ഇന്നീ ലമിനൽ മുർസലീൻ** എന്ന അയാളുടെ ഇൽഹാം എവിടെപ്പോയി? അഹോ കഷ്ടം! അധികമാളുകളും ആത്മാവിന്റെ ശുദ്ധീകരണത്തിനു മുമ്പേ മനസ്സിന്റെ ആഗ്രഹങ്ങളെ ഇൽഹാമായി കരുതുന്നു. (അതായത് ആത്മാവിനെ ശുദ്ധീകരിക്കുന്നതിനു മുമ്പേ തങ്ങൾ വലിയ പരിശുദ്ധരായിരിക്കുന്നുവെന്ന് കരുതുന്നു. അത വരുടെ മനസ്സിന്റെ ആഗ്രഹങ്ങളാണ്. അതാണ് ഇൽഹാമെന്ന് അവർ മനസ്സിലാക്കുന്നത്. അതുകൊണ്ട് അവസാനം നിന്ദ്യതയിലും എളിമയിലുമായി അവർ മരിക്കുന്നു.) ഇവർക്കു പുറമേ നിന്ദിക്കുന്നതിലും വേദനിപ്പിക്കുന്നതിലും അതിരുകടന്ന കുറേ ആളുകളുണ്ട്. അവർ അല്ലാഹുവിന്റെ കോപത്തെ ഭയപ്പെടുന്നില്ല. രാപകൽ പരിഹാസവും അവഹേളനവും ചീത്തവിളിക്കലുമാണ് അവരുടെ തൊഴിൽ. അവസാനം അവർ പ്ലേഗിന്റെ വേട്ടയായിത്തീരുന്നു.’’

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: ‘നബി(സ)തിരുമേനിയുടെ കളഞ്ഞുപോയ മഹത്വത്തെ വീണ്ടും സ്ഥാപിക്കുന്നതിനും വിശുദ്ധ ഖുർആനിന്റെ സത്യത ലോകത്ത് കാണിക്കുന്നതിനും വേണ്ടി ഞാൻ അയക്കപ്പെട്ടിരിക്കുന്നു. ഈ എല്ലാ ജോലികളും നടന്നുവരികയാണ്. പക്ഷേ, കണ്ണിൽ പ്ലാസ്റ്റർഒട്ടിച്ചുവെച്ചിരിക്കുന്നവർക്ക് ഒന്നും കാണാൻ കഴിയുകയില്ല. ഇപ്പോൾ ഈ ജമാഅത്ത് സൂര്യനെപ്പോലെ പ്രകാശമുള്ളതായി തീർന്നിരിക്കുകയാണ്. അതിനുവേണ്ടി വെളിപ്പെട്ടിട്ടുള്ള ദൃഷ്ടാന്തങ്ങൾക്കും അടയാളങ്ങൾക്കും എത്ര മാത്രമാളുകൾ സാക്ഷികളാണെന്നുവച്ചാൽ അവരെ ഒരിടത്ത് ഒരുമിച്ചുകൂട്ടുകയാണെങ്കിൽ അവരുടെ അംഗസംഖ്യയോടുകിടപിടിക്കാൻ ഭൂമിയിൽ ഒരു രാജാവിനും അത്ര മാത്രം പട്ടാളക്കാറുണ്ടാവുകയില്ല.’

ഹദ്റത്ത് മസീഹ് മൗഊദ്(അ) വീണ്ടും ഒരിടത്ത് പറയുന്നു: ‘അല്ലാഹു എന്നെ പരിഷ്കരണത്തിനായി നിശ്ചയിച്ചയച്ചിരിക്കുന്നു. എന്റെ കൈയാൽ കാണിക്കപ്പെട്ട അടയാളങ്ങളെ കുറിച്ച് പക്ഷപാത

മില്ലാത്തവരും അല്ലാഹുവിനെ ഭയപ്പെടുന്നവരും സൽബുദ്ധിയോടെ പ്രവർത്തിക്കുന്നവരും അറിയുകയാണെങ്കിൽ ആ അടയാളങ്ങളിൽനിന്ന് ഇസ്‌ലാമിന്റെ യാഥാർഥ്യം നല്ല വണ്ണം അവർക്ക് തിരിച്ചറിയാൻ കഴിയുന്നതാണ്. ആ അടയാളം ഒന്നോ രണ്ടോ അല്ല. പ്രത്യുത ആയിരക്കണക്കിനാണ്. അതിൽ ചിലത് നാം നമ്മുടെ ഗ്രന്ഥമായ ഹഖീഖത്തുൽ വഹിയിൽ എഴുതിയിട്ടുണ്ട്. ഹിജ്റ വർഷം 13 നൂറ്റാണ്ടു കഴിഞ്ഞപ്പോൾ അല്ലാഹു 14-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ എന്നെ തന്നിൽനിന്ന് നിശ്ചയിച്ച് അയച്ചു. ആദം മുതൽ അവസാനം വരെ എത്രത്തോളം നബി കഴിഞ്ഞു കടന്നിട്ടുണ്ടോ അവരുടെ എല്ലവരുടേയും പേരുകൾ എനിക്കു നല്കിയിരിക്കുന്നു. ഏറ്റവും അവസാനത്തെ പേര് വാഗ്ദത്ത ഈസാ എന്നും അഹ്മദ് എന്നും മുഹമ്മദ് മൗഹൂദ് എന്നുമാണ് വെച്ചിട്ടുള്ളത്. ഈ രണ്ടു പേരോടുകൂടി പലപ്രാവശ്യം എന്നെ സംബോധന ചെയ്തിട്ടുണ്ട്. ഈ രണ്ടുപേരുകളുടേയും മറ്റു വാക്കുകൾ മസീഹ് എന്നും മഹ്ദി എന്നും വിവരിക്കപ്പെട്ടിരിക്കുന്നു. എനിക്കു നല്കപ്പെട്ട മുഅ്ജിസത്തുകളിൽ ചിലത് വലിയവലിയ അദൃശ്യകാര്യങ്ങൾ അടങ്ങിയ പ്രവചനങ്ങളാണ്. അത് വിവരിക്കാൻ അല്ലാഹുവിനല്ലാതെ മറ്റാർക്കും അധികാരമോ കഴിവോ ഇല്ല. ചില ദുആകൾ സ്വീകരിക്കപ്പെട്ട് അതിന്റെ ഫലം അറിയിക്കപ്പെട്ടു. ചിലത് ശാപപ്രാർഥനകളാണ്. അതിന്റെ ഫലമായി ഉപദ്രവകാരികളായ ശത്രുക്കൾ നശിപ്പിക്കപ്പെട്ടു. ചില ദുആകൾ ശിപാർശയുടെ തരത്തിലുള്ളതാണ്. അതിന്റെ **മർത്തബ** ദുആയെക്കാൾ ഉയർന്നതാണ്. ചില മുബാഹലകൾ ഉണ്ട്. അതിന്റെ ഫലമായി അല്ലാഹു ശത്രുക്കളെ നിന്ദ്യരാക്കുകയും നശിപ്പിക്കുകയും ചെയ്തു. കാലഘട്ടത്തിലെ പുണ്യാത്മാക്കളുടെ സാക്ഷ്യങ്ങളാണ് ചിലത്. അവർ അല്ലാഹുവിൽനിന്ന് ഇൽഹാം പ്രാപിച്ച് എന്റെ സത്യത്തിന് സാക്ഷി പറഞ്ഞു. ഞാൻ ജനിക്കുന്നതിനെ മുമ്പേ മരിച്ചുപോയ ഇസ്‌ലാമിലെ ചില പുണ്യാത്മാക്കളുടെ സാക്ഷ്യങ്ങളുമുണ്ട്. അവർ എന്റേയും എന്റെ ഗ്രാമത്തിന്റേയും പേര് എടുത്ത് സാക്ഷ്യം പറഞ്ഞിരിക്കുന്നു; എത്രയും വേഗം വരാൻ പോകുന്ന വാഗ്ദത്ത മസീഹ് അദ്ദേഹം തന്നെയാണെന്ന്. ഞാൻ ജനിക്കുന്നതിനു മുമ്പേ ചിലർ എന്റെ വെളിപ്പെടലിനെക്കുറിച്ച് അറിയിപ്പ് നല്കിയിരുന്നു. എനിക്കു പത്തോ പന്ത്രണ്ടോ വയസ്സുള്ളപ്പോൾ ചിലർ എന്റെ വെളിപ്പെടലിനെക്കുറിച്ച് പറഞ്ഞിരുന്നു. നിങ്ങൾ അദ്ദേഹത്തെ കാണുന്നതുവരെ ജീവിച്ചിരിക്കുമെന്ന് അവർ തങ്ങളുടെ മുരീദന്മാരോട് പറഞ്ഞു. വാഗ്ദത്ത മഹ്ദിയുടെ കാലഘട്ടത്തിലുണ്ടാകുന്ന അടയാളങ്ങൾ നബി(സ)തിരുമേനി നിശ്ചയിച്ചിരുന്നതും പൂർത്തിയായി. ഇക്കാലഘട്ടത്തിലാണ് സൂര്യചന്ദ്ര ഗ്രഹണങ്ങൾ ഒരേ റമളാൻ മാസത്തിലുണ്ടായത്. അതുപോലെ പ്ലേഗ് ബാധിച്ചതും. ഈ എല്ലാ സാക്ഷ്യങ്ങളും എനിക്കു വേണ്ടി വെളിപ്പെട്ടു. ഇപ്പോഴാണെങ്കിൽ 14-ാം നൂറ്റാണ്ടിന്റെ നാലിലൊരു ഭാഗവും ഞാൻ പ്രാപിച്ചു കഴിഞ്ഞിരിക്കുന്നു. ഈ എല്ലാ തെളിവുകളും സാക്ഷ്യങ്ങളും എഴുതുകയാണെങ്കിൽ 1000 ഭാഗങ്ങളിലും അത് ഒതുങ്ങുകയില്ല.

ഹുദൂർ അയ്യദഹുല്ലാഹ് തആല ബിനസ്രിഹിൽ അസീസ് പറഞ്ഞു: ഇനി അഹ്മദിയ്യത്ത് സ്വീകരിച്ചതുമായി ബന്ധപ്പെട്ട ചില സംഭവങ്ങളാണ് ഞാൻ പറയുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ അല്ലാഹു എങ്ങനെയാണ് മാർഗദർശനം നല്കിയത്. ഹദ്റത്ത് ശേയ്ഖ് മുഹമ്മദ് അഫ്സൽ സാഹിബ് പറയുന്നു; എനിക്ക് 12 വയസ്സുള്ളപ്പോഴാണ് ഞങ്ങളുടെ കുടുംബത്തിൽ എന്റെ മൂത്താപ്പ ഹക്കീം ശേയ്ഖ് ഇബാദുല്ലാഹ് സാഹിബും മൂത്താപ്പായുടെ സഹോദരപുത്രൻ ശേയ്ഖ് കറം ഇലാഹി സാഹിബും ഹദ്റത്ത് സാഹിബിന് ബയ്അത്ത് ചെയ്തത്. എന്നാൽ, ഞാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ)നേയോ ഹുദൂറിന്റെ ഫോട്ടോയോ കണ്ടിരുന്നില്ല. ഞാനൊരു സ്വപ്നം കണ്ടു. എന്റെ ശരീരത്തിൽനിന്ന് ജീവനെല്ലാം പുറത്തുപോയി. എന്നാൽ ബുദ്ധിയിൽ മനസ്സിലാക്കാനും കണ്ണുകളിൽ കാണാനുമുള്ള കഴിവ് അവശേഷിച്ചിട്ടുണ്ട്. എന്റെ മുന്നിൽ ഒരു മഹാത്മാവ് ഇരിക്കുന്നു. അദ്ദേഹത്തിന്റെ മുട്ടുകളുടെ പിൻഭാഗംവരെ പരിശുദ്ധ പാദങ്ങൾ കാണുന്നുണ്ട്. (അതായത് ഒരു പുണ്യാത്മാവ് പിന്നിലിരിക്കുന്നു. അദ്ദേഹത്തിന്റെ മുട്ടുകൾവരെ പാദം കാണുന്നുണ്ട്.)എന്റെ മനസ്സിൽ ഇടപ്പെട്ടു, നിന്നെ നോക്കിക്കൊണ്ടിരിക്കുന്ന ആ പുണ്യാത്മാവ് മിർസാ സാഹിബാണ്. പിന്നിൽകാണുന്ന പരിശുദ്ധ പാദം നബി(സ)തിരുമേനിയാണ്. അങ്ങനെ ഞാൻ ഉണർന്നു. രാവിലെ ഞാൻ അക്കാലത്ത് ലാഹോർ ജമാഅത്തിൽപ്പെട്ട മൗലവി അബ്ദുല്ലാഹ് ഖാൻ സാഹിബിന്റെ മകൻ മുർത്തളാ ഖാൻ സാഹിബിനോട് വ്യാഖ്യാനം ചോദിച്ചു. അദ്ദേഹം പറഞ്ഞു, താങ്കൾക്ക് മിർസാ സാഹിബിന്റെ അനുഗ്രഹത്താൽ നബി(സ) തിരുമനിയുടെ അനുധാവനം ലഭിക്കുന്നതാണ്. അങ്ങനെ തന്നെ സംഭവിച്ചു. ഞാൻ അല്ലാഹുവിനെ സത്യംചെയ്തുകൊണ്ടെഴുതുന്നു, 1905 ൽ ഞാൻ ബയ്അത്ത് ചെയ്തപ്പോൾ എന്നെ നോക്കിക്കൊണ്ടിരുന്നതായി സ്വപ്നത്തിൽ ഞാൻ കണ്ട അതേ ഹുദൂർ തന്നെയായിരുന്നു അത്. ഇങ്ങനെ അല്ലാഹു അവനിഷ്ടപ്പെടുന്നവർക്ക് നേരായ മാർഗം കാണിച്ചുകൊടുക്കുന്നു.

ഹുദൂർ അയ്യദഹുല്ലാഹ് തആല ബിനസ്രിഹിൽ അസീസ് പറഞ്ഞു: ആ മഹാത്മാവിന്റെ പ്രവചനം ഇന്നും എത്ര പ്രൗഢിയോടെയാണ് പുലർന്നുകൊണ്ടിരിക്കുന്നത്. അല്ലാഹു എങ്ങനെയാണ് അടയാളങ്ങൾ കാണിച്ചുകൊണ്ടിരിക്കുന്നത്. ആയിരക്കണക്കിന് കിലോമീറ്റർ ദൂരത്ത് വസിക്കുന്നവരും അല്ലാഹു എങ്ങനെയാണ് തങ്ങൾക്ക് വഴി കാട്ടിയതെന്നതിന് സാക്ഷികളാണ്. അത്തരം ചില സംഭവങ്ങൾ പറയാം. 'മാലി നാട്ടിലെ ബാലായിൽ തേജാ

നിയ്യ കക്ഷിയിലെ വലിയൊരു ഇമാം സാഹിബുണ്ട്. അദ്ദേഹത്തിന്റെ പിതാവ് മുഖേന ഈ നാട്ടിലെ 93 ഗ്രാമങ്ങൾ ഇസ്‌ലാം സ്വീകരിച്ചു. തന്റെ പിതാവിന്റെ മരണശേഷം ഇദ്ദേഹം അനന്തരാവകാശിയായി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ കുറച്ചു നാൾ മുമ്പേ അദ്ദേഹത്തിന് അഹ്മദിയ്യത്ത് സ്വീകരിക്കാൻ ഭാഗ്യം കിട്ടി. ആദം സാഹിബ് പറയുന്നു: അദ്ദേഹം സ്വപ്നത്തിൽ കണ്ടു, ഹദ്റത്ത് മസീഹ് മൗഊദ്(അ)അദ്ദേഹത്തിന്റെ വീട്ടിൽ അദ്ദേഹത്തിന്റെ മുറിയിൽ വന്നിരിക്കുന്നു. അദ്ദേഹം ഹുദൂറിന്റെ കൂടെ മുറിയിലാണുള്ളത്. വെളിയിലാണെങ്കിൽ ഒരുപാട് ഉലമാക്കൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. അദ്ദേഹം പറയുന്നു: ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് പറഞ്ഞു, വെളിയിൽ ഉലമാക്കൾ അങ്ങയെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ ഹുദൂർ (അ) വെളിയിൽ വന്നു. എല്ലാ അനഹ്മദി ഉലമാക്കളുടേയും തലയിൽനിന്ന് തൊപ്പികൾ നീക്കി. എന്റെ തലയിൽനിന്ന് മാത്രം തൊപ്പി നീക്കിയില്ല. അഹ്മദിയ്യത്ത് സ്വീകരിച്ചതിനു ശേഷം ഇദ്ദേഹം നമ്മുടെ മുബല്ലിഗ്മാരോടൊപ്പം തന്റെ ശിഷ്യന്മാർ താമസിക്കുന്ന സ്ഥലങ്ങളിലെല്ലാം പോകുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇതുവരെ 40 ൽ പരം ഗ്രാമങ്ങൾ അഹ്മദിയ്യത്ത് സ്വീകരിച്ചു കഴിഞ്ഞു.

ബുർക്കിനോ ഫാസോയിലെ ഒരു ജയാര ബുഖാരിസാഹിബ് നമ്മുടെ റേഡിയോ നിലയത്തിലെ ഫോൺ ഇൻ പരിപാടിയിൽ പങ്കെടുത്തു. നമ്മുടെ പല റേഡിയോ നിലയങ്ങളും അവിടെ പ്രവർത്തിക്കുന്നുണ്ട്. അദ്ദേഹം പറയുന്നു: ഞാൻ നിങ്ങളുടെ തബ്‌ലീഗ് പരിപാടി കേട്ടു. അതിൽ പറഞ്ഞത്, വരാനുള്ള ഇമാം മഹ്ദി ഇദ്ദേഹമാണോ അല്ലേ എന്ന് നിങ്ങൾ കാണാനാഗ്രഹിക്കുന്നെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞ ഒരു മാർഗം സ്വീകരിക്കുക. അതായത് **ഇസ്തിഖാറ** ചെയ്യുക. അങ്ങനെ ആ ദിവസം മുതൽ ഞാൻ **ഇസ്തിഖാറ** ചെയ്യാൻ തുടങ്ങി. അങ്ങനെ ഒരാഴ്ച കഴിഞ്ഞതേയുള്ളു, സ്വപ്നത്തിൽ ഒരു ടെന്റിനു കീഴെ ജ്യോതിസ്സുറ്റ രണ്ടാളുകളെ കണ്ടു. സ്വപ്നത്തിൽതന്നെ അദ്ദേഹത്തിന്റെ സുഹൃത്ത് പറഞ്ഞു, ആ വലതു ഭാഗത്തിരിക്കുന്ന ആളാണ് ഇമാം മഹ്ദി. രണ്ടാമത്തെയാൾ ആരാണെന്ന് അദ്ദേഹത്തിന് മനസ്സിലായില്ല. അദ്ദേഹം പറയുന്നു: അതിനു ശേഷം എനിക്ക് വ്യക്തമായി 'വന്ന ഇമാം മഹ്ദി' സത്യവാനാണെന്ന്. അദ്ദേഹം നഊദുബില്ലാഹ് കള്ളവാദിയാണെങ്കിൽ എന്റെ ഇസ്തിഖാറയ്ക്കുള്ള മറുപടിയിൽ, എന്റെ സ്വപ്നത്തിൽ അദ്ദേഹം എങ്ങനെയാണ് വെളിപ്പെടുക? അതുകൊണ്ട് ഞാൻ ബയ്അത്ത് ചെയ്തു.'

ഈജിപ്റ്റിൽനിന്ന് ഒരു സ്ത്രീ എഴുതുന്നു: എനിക്കാണ് അവർ എഴുതിയിട്ടുള്ളത്. 'അല്ലാഹുവിന്റെ അനുഗ്രഹത്താൽ എനിക്കു ചില ഗുണങ്ങൾ നല്കപ്പെട്ടിട്ടുണ്ട്. ഞാൻ സ്വപ്നത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നേയും താങ്കളേയും കണ്ടു. അല്ലാഹുവാണ! ആ സമയത്ത് ഭൂമിയിൽ ഏതെങ്കിലും ഖലീഫയുണ്ടെന്നുള്ള അറിവും എനിക്കുണ്ടായിരുന്നില്ല. ഞാൻ **ഇസ്തിഖാറ** ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. അല്ലാഹു എന്നെ രണ്ടു വ്യക്തികളേയും കാണിച്ചുതന്നു. പക്ഷേ, ശയ്ത്വാനെന്നെ വഴിതെറ്റിച്ചു. ഇപ്പോൾ അല്ലാഹുവിന് നന്ദി പറയുകയാണ്. അവൻ എനിക്ക് സത്യം സ്വീകരിക്കാനുള്ള സൗഭാഗ്യം നല്കി. ശയ്താന്റെ പ്രലോഭനങ്ങളിൽനിന്ന് ഞാൻ പുറത്തു വന്നു. എന്റെ ഇസ്തിഖാമത്തിനും മഗ്ഫിറത്തിനുംവേണ്ടി ദുആ ചെയ്യാൻ ഞാൻ അപേക്ഷിക്കുകയാണ്.' അല്ലാഹു അവർക്ക് ഇസ്തിഖാമത്ത് നല്കുമാറാകട്ടെ.

മാലിയിൽനിന്ന് മുഅല്ലിം അബ്ദുല്ലാഹ് സാഹിബ് എഴുതുന്നു: ബാമാകൊ (Bamako )യുടെ ഉസ്താദാണ് ദാംബലെ( Dambela)സാഹിബ്. അദ്ദേഹം ജമാഅത്തിന്റെ കഠിന വിരോധിയായിരുന്നു. അദ്ദേഹം റേഡിയോവിൽ പ്രക്ഷേപണം ചെയ്യുന്ന ഫോൺ ഇൻ പരിപാടിയലേക്ക് ഫോൺ ചെയ്യുമ്പോഴെല്ലാം ജമാഅത്തിനെ ചീത്ത പറയുമായിരുന്നു. അങ്ങനെ കുറേകാലം കഴിഞ്ഞുപോയി. ഒരു ദിവസം കരഞ്ഞുകൊണ്ട് നമ്മുടെ എഫ് എം റേഡിയോ നിലയത്തിലേക്ക് ഫോൺ ചെയ്തു. അദ്ദേഹം പറഞ്ഞു: ഞാൻ ഒരു ദിവസംമുമ്പേ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സ്വപ്നത്തിൽ കണ്ടു. ഹദ്റത്ത് മസീഹ് മൗഊദിനോടൊപ്പം കണ്ട ആ പ്രകാശം അതിനുമുമ്പേ ഒരിക്കലും ഞാൻ കണ്ടിട്ടില്ല. അതുകൊണ്ട് ഞാൻ ജമാഅത്തിനോട് സത്യസന്ധമായി മാപ്പു ചോദിക്കുകയാണ്. അഹ്മദികൾ എനിക്ക് മാപ്പ് തന്നില്ലെങ്കിൽ അല്ലാഹുവും എനിക്കു മാപ്പു തരില്ല.' ഇതിൽ അദ്ദേഹം ഭയപ്പെടുന്നു. അങ്ങനെ മുഅല്ലിം സാഹിബ് അദ്ദേഹത്തെ അഹ്മദിയ്യത്തിലേക്ക് ക്ഷണിച്ചു. 'സത്യം വെളിപ്പെട്ടു. ഇനി സത്യം സ്വീകരിക്കുക'എന്ന് പറഞ്ഞു. അങ്ങനെ അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിച്ചു. അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാമിൽ പ്രവേശിച്ചു.

ഹുദൂർ അയ്യദഹുല്ലാഹ് തആല ബിനസ്രിഹിൽ അസീസ് പറഞ്ഞു: ഇതെല്ലാം ഹദ്റത്ത് മസീഹ് മൗഊദ്(അ)നുവേണ്ടി അല്ലാഹുവിൽനിന്നിറങ്ങിയ ദൃഷ്ടാന്തങ്ങളും അടയാളങ്ങളുമാണ്. ഇവയെ അടയാളങ്ങളും ആ മഹാത്മാവിനുണ്ടായ സഹായങ്ങളുമായി മനസ്സിലാക്കുന്നില്ലെങ്കിൽ ജനഹൃദയങ്ങളിൽ ഒരു വമ്പിച്ച ഇളക്കം ഉണ്ടായിക്കൊണ്ടിരിക്കുന്നതിന്റെ കാര്യമെന്താണ്? അഹോ കഷ്ടം! മറ്റു മുസ്‌ലീംകളും ഇക്കാര്യം മനസ്സിലാക്കിയിരുന്നെങ്കിൽ! യാഥാർഥ്യം അറിയുന്നതിനു വേണ്ടി അല്ലാഹുവിനോട് ദുആ ചെയ്യുക. അവനോട് നേർവഴി തേടുക. എതിർപിനു പകരം നേരായപാത കൂടുതൽ അന്വേഷിക്കുകയാണെങ്കിൽ അല്ലാഹു അത് കാണിച്ചു തരുന്നതാണ്. അല്ലാഹു അതിന് തൗഫീഖ് നല്കുമാറാകട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ്(അ)

വിവാഹ മോചനവും ലിംഗസമത്വവും ഇന്ത്യൻ വ്യക്തി നിയമത്തിൽ – 8

# ഇസ്‌ലാമിലെ വിവാഹ മോചന നിയമം

ഡോ. കൗസർ എടപ്പകത്ത്

തകർന്ന ദാമ്പത്യങ്ങളിൽ വിവാഹ പങ്കാളികളുടെ ജീവിതം തളച്ചിടാൻ ഇസ്‌ലാം ഉദ്ദേശിക്കുന്നില്ല. അനുരഞ്ജനത്തിനുള്ള നിരവധി യുക്തി പൂർണമായ ഉപാധികളുള്ളതാണ് ഇസ്‌ലാമിലെ വിവാഹ മോചന നിയമം. അത് മനുഷ്യത്വ പൂർണവും ജീവിത ശാന്തി നൽകുന്നതും പ്രായോഗികവുമാണ്. വിവാഹം പൂർണമായും പരാജയപ്പെട്ടാൽ കോടതിയുടെ ഇടപെടൽ കൂടാതെ ആ വിവാഹം വേർപ്പെടുത്താനുള്ള അവസരം ഇസ്‌ലാം പുരുഷനും സ്ത്രീക്കും തുല്യമായി നൽകുന്നു.

വിവാഹം, വിവാഹ മോചനം എന്നീ വിഷയങ്ങളിൽ ഹിന്ദു, ക്രിസ്ത്യൻ നിയമങ്ങളിൽ വ്യാപരിച്ചു നിൽക്കുന്ന വിവാഹ സങ്കൽപ്പ പ്രകാരം വിവാഹം പാവനവും അലംഘനീയവുമായ ഒരു ബന്ധമാണ്. വിവാഹത്തെ സംബന്ധിച്ച ഈ സങ്കൽപ്പം ഇസ്‌ലാം മതം അംഗീകരിക്കുന്നില്ല. വിവാഹം വേർപ്പെടുത്താൻ കഴിയാത്ത ഒരു ബന്ധമായി ഇസ്‌ലാം കണക്കാക്കുന്നില്ല. വിവാഹം മനുഷ്യൻ മതാചാര പ്രകാരം ഉണ്ടാക്കുന്ന ഒരു കരാറാണ്. നിയമപരമായി അനുവദിക്കപ്പെട്ടതിൽ ഏറ്റവും വെറുക്കപ്പെട്ട ഒന്നാണ് വിവാഹ മോചനം എന്നാണ് ഇസ്‌ലാം കരുതുന്നത്. ഭൂമിയിൽ വിവാഹ മോചനം നടക്കുമ്പോൾ ഉപരി ലോകത്ത് അല്ലാഹുവിന്റെ സിംഹാസനം വിറകൊള്ളുകയും പ്രകമ്പിതമാകുകയും ചെയ്യും എന്ന് ഇസ്‌ലാമിക പ്രമാണങ്ങൾ പറയുന്നു. എങ്കിലും ഇസ്‌ലാമിക നിയമം വിവാഹ മോചനം അനുവദിക്കുന്നു. എവിടെയാണോ വിവാഹ പങ്കാളികൾക്ക് ശാന്തജീവിതം നയിക്കാൻ സാദ്ധ്യമല്ലാതെ വരുന്നത് അവിടെ ഇസ്‌ലാം വിവാഹ മോചനം അനുവദിക്കുകയാണ് ചെയ്യുന്നത്. വിവാഹ ബന്ധത്തിൽ വിവാഹ പങ്കാളികൾ പ്രവേശിച്ചാൽ ആ വിവാഹം സന്തുഷ്ടി നൽകുന്നില്ലെങ്കിൽ അവരെ ബന്ധവിമുക്തരാക്കാതെ വിവാഹ പഞ്ജരത്തിൽ ബന്ധിച്ചുനിർത്താൻ ഇസ്‌ലാം ആരുടെ കയ്യിലും താക്കോൽ നൽകിയിട്ടില്ല. ഇസ്‌ലാമിന്റെ ഊർജസ്വലവും സക്രിയവുമായ ഉദാരവാദവും മാനവദർശനവും വിവാഹ ബന്ധത്തിൽ നിന്നും വിമോചിതരാവാനുള്ള സ്ത്രീ പുരുഷന്മാരുടെ ആവശ്യത്തെ അം

---

പറയുന്നു: 'ഞാൻ അവനിൽനിന്നുളളവനാണെന്ന് സ്ഥാപിക്കുന്നതിനു വേണ്ടി അല്ലാഹു എത്രമാത്രം അടയാളം കാണിച്ചുവെന്നാൽ അത് ആയിരം നബിമാരിൽ വിതരണം ചെയ്യുകയാണെങ്കിൽ അവരുടേയും നുബുവ്വത്ത് അതു മുഖേന സ്ഥാപിതമാകും. പക്ഷേ, ഇത് അവസാന കാലഘട്ടമാണ്. ശയ്ത്വാൻ അവന്റെ എല്ലാ മക്കളോടുമൊപ്പം അവസാനത്തെ ആക്രമണം നടത്തുകയാണ്. അതുകൊണ്ട് ശയ്ത്വാനെ പരാജയപ്പെടുത്താൻ ആയിരക്കണക്കിന് അടയാളങ്ങൾ ഒരു സ്ഥലത്ത് ഒരുമിച്ചു കൂട്ടിയിരിക്കുന്നു. പക്ഷേ, എന്നിട്ടും മനുഷ്യരിൽനിന്നുളള ശയ്ത്വാൻ അത് അംഗീകരിക്കുന്നില്ല. വഞ്ചനാപരമായി അന്യായമായ ആക്ഷേപങ്ങൾ ഉന്നയിക്കുന്നു. അല്ലാഹുവിനാൽ സ്ഥാപിതമായ ഈ ജമാഅത്ത് എങ്ങനെയെങ്കിലും നശിച്ചുകിട്ടണമെന്ന് അവർ ആഗ്രഹിക്കുന്നു. എന്നാൽ, അല്ലാഹു ആഗ്രഹിക്കുന്നത് തന്റെ ജമാഅത്ത് അതിന്റെ പൂർണദശ പ്രാപിക്കുന്നതുവരെ തന്റെ കൈകൊണ്ട് അതിനെ ശക്തിപ്പെടുത്താനാണ്.

അവസാനം ഞാൻ വീണ്ടും മുസ്‌ലീംകൾക്കുവേണ്ടിയും മുസ്‌ലിം ഉമ്മത്തിനുവേണ്ടിയും മുസ്‌ലിം രാഷ്ട്രങ്ങൾക്കു വേണ്ടിയും ദുആയ്ക്ക് അഭ്യർഥിക്കുകയാണ്. അല്ലാഹു അവരിലും ആ രാജ്യങ്ങളിലും ശാന്തിയും സമാധാനവും സ്ഥാപിക്കുമാറാകട്ടെ. ശാന്തിയും സമാധാനവും യഥാർഥത്തിൽ സ്ഥാപിതമാകണമെങ്കിൽ അതിന് ഒരു പരിഹാരമാർഗമേയുളളു. ആരെയാണോ അല്ലാഹു ഇമാം മഹ്ദിയായി അയച്ചത്, ആരെയാണോ അല്ലാഹു ലോകത്ത് ശാന്തിയും സമാധാനവും സ്ഥാപിക്കാൻ അല്ലഹു അയച്ചത് അദ്ദേഹത്തെ സ്വീകരിക്കുക. നബി(സ)തിരുമേനി പ്രവചനം ചെയ്ത ആ **മുഹമ്മദീ മസീഹിനെ** പിൻപറ്റുക. മോക്ഷത്തിനുള്ള മാർഗം ഇതൊന്ന് മാത്രമാണ്. എന്നാൽ, ഈ ഫിത്നയിൽനിന്നും ഈ കലഹങ്ങളിൽനിന്നും ദുഃഖങ്ങളിൽനിന്നും മോചിതരാവാൻ കഴിയും. അല്ലാഹു അവർക്കതിനു തൗഫീഖ് നല്കുമാറാകട്ടെ.

ഗീകരിക്കുന്നു.

ഭാര്യയുടെയും ഭർത്താവിന്റെയും ഭാഗത്തുനിന്നുള്ള കോടതി ബാഹ്യമായ വിവാഹ മോചനം മുസ്‌ലിം നിയമം പൂർണമായും അനുവദിക്കുന്നു. അതുപോലെ ഭാര്യക്ക് വേണ്ടി കോടതി മുഖാന്തിരമുള്ള വിവാഹ മോചനം അനുവദിക്കുന്നു. ഭാര്യാഭർത്താക്കന്മാരുടെ വിവാഹ മോചനം 1937 ലെ പ്രയുക്ത മുസ്‌ലിം വ്യക്തി നിയമം (ശരീഅത്ത്) (Muslim Personal Law (Shariat) application Act 1937)

2-ാം വകുപ്പിൽ പരാമർശിച്ചത് പോലെ ക്രോഡീകൃതമല്ലാത്ത മുസ്‌ലിം വ്യക്തിനിയമ പ്രകാരമാണ് ഇന്ത്യയിൽ നിയന്ത്രിക്കപ്പെടുന്നത്. ഭാര്യയുടെ ഭാഗത്ത് നിന്നുള്ള വിവാഹ മോചനാഭ്യർഥന 1939 ലെ മുസ്‌ലിം വിവാഹ മോചന നിയമം (Dissolution of Muslim Marriage act 1939)വഴിയും നിയന്ത്രിക്കപ്പെടുന്നു. 1954ലെ സ്പെഷ്യൽ മാര്യേജ് ആക്റ്റ് പ്രകാരം (വിവാഹ പങ്കാളികളിൽ ഇരുവരുമോ അല്ലെങ്കിൽ അവരിൽ ഒരാളോ മുസ്‌ലിം ആയാൽ) അവരുടെ വിവാഹ മോചനം, മുസ്‌ലിം വിവാഹ മോചന നിയമ പരിധിയിൽ നിന്നും നിയമ പരമായും നിയമപരമല്ലാതെയും ഒഴിവാക്കപ്പെട്ടിരിക്കുന്നു. അത്തരം വിവാഹങ്ങൾ മേൽപറഞ്ഞ 1954 ലെ നിയമ പ്രകാരമേ വേർപെടുത്താൻ സാദ്ധ്യമാകൂ. കൂടാതെ 1986 ലെ മുസ്‌ലിം വുമൺ (വിവാഹ മോചന സംരക്ഷണ നിയമം) (Muslim Women (Protection of Rights on Divorce) Act, 1986.) പ്രകാരം വിവാഹമോചനാനന്തരം ഒരു മുസ്‌ലിം സ്ത്രീക്ക് ലഭിക്കേണ്ടുന്ന ജീവനാം ശവും മറ്റ് അവകാശങ്ങളും ഈ നിയമത്തിൽ ക്രോഡീകരിച്ചിട്ടുണ്ട്. ശരീഅത്ത് നിയമവും ഇന്ത്യയിൽ ഇന്ന് നിലവിലുള്ള മുസ്‌ലിംവ്യക്തിനിയമവും താഴെകാണുന്നരീതിയിലുള്ള വിവാഹ മോചന രീതികളാണ് അംഗീകരിച്ചിട്ടുള്ളത്. 1) തലാഖ് 2) തലാക്കെ തൗഫീസ് 3) ഖുല 4) മുബറാത്ത് 5) ഫസ്ക്ക് 6) ഇല്ലാഹ: 7) സിയാർ 8) ലിയാൻ. ഇനി വരുന്ന അദ്ധ്യായങ്ങളിൽ മുസ്‌ലിം നിയമത്തിന്ന് കീഴിലുള്ള വിവിധ രീതിയിലുള്ള വിവാഹമോചനങ്ങളെപറ്റി വിശദീകരിക്കാം. തലാഖ് : സിദ്ധാന്തവും പ്രയോഗവും

ഇസ്‌ലാമിലെ ഏല്ലാ കർമശാസ്ത്ര സരണിയിലും ഒരു മുസ്‌ലിം ഭർത്താവിന് അയാളുടെ സ്വന്തം പ്രഖ്യാപന പ്രകാരം കോടതി ബാഹ്യമായി വിവാഹ മോചനം ചെയ്യാവുന്നതാണ്. ഇതിനെയാണ് 'തലാഖ്' എന്ന് പറയുന്നത്.[1] ദൈവശാസ്ത്ര പരമായി തലാഖ് ചെയ്യാനുള്ള ഭർത്താവിന്റെ അധികാരം അനിയന്ത്രിതമല്ല. തലാഖ് പ്രാവർത്തികമാക്കുന്നതിൽ ഭർത്താവിനുള്ള അധികാരം വിവിധ തരത്തിലുള്ള നിർണിതമായ വിധിവിലക്കുകൾ ക്കൊണ്ട് നിയന്ത്രിക്കപ്പെട്ടിരിക്കുന്നു. പക്ഷേ പ്രായോഗ തലത്തിൽ അത് അനിയന്ത്രിതമാണ്.

തലാഖ് എന്ന പദം അതിന്റെ ഭാഷാപരമായ പ്രാഥമികാർഥത്തിൽ ഇറക്കി വിടൽ, പിരിച്ചു വിടൽ എന്നൊക്കെയാണ് അർഥം. പക്ഷേ നിയമത്തിൽ അത് വിവാഹ മോചനത്തെയാണ് കുറിക്കുന്നത്.[2] തലാഖ് എന്നത് ഒരു അറബി പദമാണ്. അതിന്നർഥം 'ചെയ്ത കാര്യം നിഷ്ഫലമാക്കുക അല്ലെങ്കിൽ കെട്ടഴിക്കുക' എന്നാണ്. മുസ്‌ലിം നിയമ ശാസ്ത്രിമാർ വിവാഹ ബന്ധത്തിൽ നിന്നും സ്ത്രീയെ മോചിപ്പിക്കുന്നത് സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന പദമാണ് തലാഖ്. അതിനർഥം 'വിവാഹമോചനം'( ഡിവോഴ്സ്) എന്നാണ്.[3] ബന്ധിതാവസ്ഥയിൽ (മൃഗത്തെ) കെട്ടഴിച്ചു സ്വതന്ത്രമാക്കുക എന്ന് അർഥം വരുന്ന'തല്ലഖ'എന്ന മൂലപദത്തിൽ നിന്നും നിഷ്പന്നമായതാണ് തലാഖ് പദം. ഭാര്യയെ ഉപേക്ഷിക്കുക വിവാഹ ബന്ധത്തിൽ നിന്നും മുക്തമാക്കുക എന്നിങ്ങനെയാണ് അതിന്റെ അർഥം.[4]

'ഹിദായ' എന്ന കർമ്മശാസ്ത്ര ഗ്രന്ഥം പ്രകാരം തലാഖ് എന്നാൽ നിയമപ്രകാരം ഭർത്താവിൽ നിക്ഷിപ്തമായ നിരുപാധികമായ അധികാരം ഉപയോഗിച്ചുകൊണ്ടുള്ള വിവാഹബന്ധം വേർപ്പെടുത്തലാണ്.[5] ബെയിലിയുടെ അഭിപ്രായ പ്രകാരം 'ഡിവോഴ്സ്' എന്ന സംജ്ഞയിൽ ഭർത്താവിൽ നിന്നും ഉദ്ഭൂതമാകുന്ന എല്ലാവിധ വിവാഹ വേർപ്പെടുത്തലും ഉപേക്ഷിക്കലും ഉൾക്കൊള്ളുന്നു. പരിമിതാർത്ഥത്തിൽ തലാഖ് എന്നത് പദത്തിന്റെ ശരിയായ ഉച്ചാരണ പ്രയോഗത്തിലൂടെ നിലവിൽ വരുന്ന വിവാഹ ബന്ധത്തിന്റെ വേർപെടലാണ്.[6] എത് സമയത്തും തന്റെ ഭാര്യയെ വിവാഹബന്ധത്തിൽ നിന്നും വേർപ്പെടുത്താൻ ഭർത്താവിന്നുള്ള നിരുപാധികമായ കേവലാധികാരമാണ് തലാഖ് എന്നാണ് ഇസ്‌ലാമിക് എൻസൈക്ലോപീഡിയ തലാഖിന് നിർവചനം നൽകിയിരിക്കുന്നത്.[7] ഫത്‌വാ ഐ ആലംഗിരി പ്രകാരം തലാഖ് അതിന്റെ യഥാർഥ അർഥ പ്രകാരം ദാമ്പത്യം ഉപേക്ഷിക്കലോ നിരാകരിക്കലോ ആണ് എന്നാൽ മുസ്‌ലിം നിയമ പ്രകാരം തലാഖ് എന്നത് ഉടൻ തന്നെയോ അല്ലെങ്കിൽ ശാശ്വതമായോ ഉള്ള വിവാഹ മോചനമാണ്.[8]

**ഇസ്‌ലാം പൂർവ പശ്ചാത്തലം**

വാസ്തവത്തിൽ വ്യാപകമായി വിശ്വസിക്കുന്നത് പോലെ തലാഖ് എന്ന ആശയം ലോകത്ത് ആദ്യമായി പരിചയപ്പെടുത്തിയത് ഇസ്‌ലാമല്ല. ഇസ്‌ലാമിന്റെ ആവിർഭാവത്തിന് മുമ്പ് നിലനിന്നിരുന്ന തലാഖ് എന്ന സമ്പ്രദായം ഇസ്‌ലാം സ്വാംശീകരിക്കുകയും നിയമ തലത്തിൽ പരിഷ്ക്കരിക്കുകയുമായിരുന്നു. ഇസ്‌ലാമിന് മുമ്പ് അറബികളിൽ വിവാഹ മോചനത്തിന് ഭർത്താവിനുള്ള അധികാരം പരിധിയില്ലാത്തതായിരുന്നു. ഏത് സമയം വേണമെങ്കിലും എന്ത് കാരണം കൊണ്ടായാലും, യാതൊരു കാരണവുമില്ലാതെയും വിവാഹ മോചനം ചെയ്യാൻ ഭർത്താവിന് അധികാരമുണ്ടായിരുന്നു. വേർപെടുത്തപ്പെട്ട വിവാഹം റദ്ദ് ചെയ്ത് വീണ്ടും ദാമ്പത്യ ജീവിതം നയിക്കുകയും വീണ്ടും വിവാഹ മോചനം ചെയ്യുകയും ഇങ്ങനെ എത്ര തവണ

വേണമെങ്കിലും അവർ ആവർത്തിക്കാറുമുണ്ടായിരുന്നു. അതിലുപരിയായി ഭാര്യയോടൊപ്പം സഹജീവിതം നയിക്കവേ തന്നെ ഭാര്യയുമായി ഇനിമേൽ ലൈംഗിക ബന്ധത്തിലേർപ്പെടുകയില്ല എന്ന് ശപഥം ചെയ്യുന്ന ആചാരവും അവർക്കിടയിൽ ഉണ്ടായിരുന്നു. കരുതികൂട്ടി സ്വന്തം ഭാര്യമാർക്കെതിരെ വ്യഭിചാരം ആരോപിക്കുകയും ജാരസംസർഗം ആരോപിച്ച് ഭാര്യമാരെ ഉപേക്ഷിക്കുകയും ചെയ്യുമായിരുന്നു. ഭർത്താക്കന്മാർക്ക് വിവാഹ മോചനാനന്തരം ജീവനാംശം നൽകേണ്ടതിന്റെ നിയമപരമായ ബാധ്യതയോ നിയമപരമായ ശിക്ഷയോ അവർക്ക് ലഭിക്കുമായിരുന്നില്ല.

ഇസ്ലാംപൂർവ അറേബ്യയിൽ വ്യവസ്ഥാപിതമായ രീതിയിൽ നിയമാധിഷ്ഠിതമായി വിവാഹ മോചനം നടക്കുന്ന സമ്പ്രദാ യമില്ലായിരുന്നു. അക്കാലത്ത് ഭർത്താവിന്റെ നിരുത്തരവാദപരമായ അധികാരത്തിന് യാതൊരു വിലക്കുകളുമുണ്ടായിരുന്നില്ല. ഭർത്താവിൽ നിന്നും വളരെ ലഘുവായ ഒരു സൂചന കൊണ്ട് മാത്രം വിവാഹ ബന്ധം ദുർബല പെട്ടതായി കണക്കാക്കുമായിരുന്നു.[9] പ്രസിദ്ധമായ തഫ്സീർ അഹ്മദി എന്ന ഖുർആൻ വ്യാഖ്യാന ഗ്രന്ഥത്തിൽ ഒരറബിക്ക് തലാഖ് എന്ന് പത്ത് തവണ ഉച്ചരിച്ച് തന്റെ ഭാര്യയെ വിവാഹ മോചനം നടത്തുകയും വീണ്ടും വിവാഹ ബന്ധം എപ്പോൾ വേണമെങ്കിലും പുനഃസ്ഥാപിക്കാനും കഴിയുമായിരുന്നു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അസാധാരണമയി അറബികളിലും യഹൂദന്മാർക്കിടയിലും കുലീന കുടുംബങ്ങളിലെ ചില ഭാര്യമാർ വിവാഹത്തിന് മുമ്പ് തന്നെ ഭർത്താക്കന്മാരെ വിവാഹബന്ധത്തിൽ നിന്നും വേർപ്പെടുത്താനുള്ള അധികാരം ആർജിക്കാറുണ്ടായിരുന്നു. അവർ ആ അധികാരം പ്രയോഗിക്കാറുമുണ്ടായിരുന്നു. കൂടാരത്തിന്റെ സ്ഥാനം മാറ്റിയാൽ ഭാര്യ ഭർത്താവിനെ ഉപേക്ഷിച്ചതായി കണക്കാക്കാനുള്ള മതിയായ സൂചനയായിട്ടാണ് കണക്കാക്കിയിരുന്നത്.[9]

പ്രവാചകന്റെ കാലത്ത് അജ്ഞാനികളായ അറബികളിൽ ഒരു കാരണവും കൂടാതെ ഭർത്താക്കന്മാർ ഭാര്യമാരെ വിവാഹ മോചനം ചെയ്യുക എന്നത് വളരെ സാധാരണയായിരുന്നു. സാമൂഹ്യമായും ധാർമികമായും ഉള്ള അവരുടെ ആതുരാവസ്ഥയിൽ പ്രവാചകന്റെ ശ്രദ്ധ പതിഞ്ഞിരുന്നു. വിവാഹ മോചന വിഷയത്തിൽ വഴിഞ്ഞൊഴുകുന്ന തിന്മയെ പറ്റി പ്രവാചകൻ പൂർണ ബോധവാനാരായിരുന്നു. ഈ തിന്മ വിപാടനം ചെയ്യാൻ യഥാക്രമം വിവാഹം വിവാഹ മോചനം എന്നീ വിഷയത്തിൽ പ്രവാചകൻ നിയമം നിർമിച്ചു. അങ്ങേയറ്റം അവജ്ഞ യോടെയായിരുന്നു പ്രവാചകൻ ഈ തിന്മയെ നോക്കികണ്ടിരുന്നത്. സമൂഹത്തിന്റെ അടിത്തറ തകർക്കുന്നതാണ് ഈ ആചാരം എന്ന് അദ്ദേഹം മനസ്സിലാക്കി. ഈ ദുരാചാരം സമൂഹത്തിന്റെ ഈ അവസ്ഥയിൽ പാടെ വിപാടനം ചെയ്യാൻ അസാദ്ധ്യമായിരുന്നു. അർധ പ്രാകൃതവും സംസ്കാരശൂന്യരുമായ ഈ സമൂഹത്തെ ഉന്നതമായ നിലവാരത്തിലെത്തിക്കാൻ അവരുടെ മനസ്സ് സംസ്ക്കരിക്കേണ്ടതുണ്ടായിരുന്നു. തദനുസൃതമായി വിവാഹ മോചനം ചെയ്യാനുള്ള ഭർത്താവിന്റെ അധികാരം ചില നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കണമെന്ന് പ്രവാചകൻ നിഷ്ക്കർശിച്ചു. ചില ന്യായമായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ സ്ത്രീക്കും വിവാഹ ബന്ധം വേർപെടുത്താനുള്ള അധികാരം നൽകി.[11] ഡോ. ഗൽവാഷ് 'റിലീജ്യൻ ഓഫ് ഇസ്ലാം'(Religion of Islam) എന്ന പുസ്തകത്തിൽ പറയുന്നു:

'ഇസ്ലാമിന്റെ ആവിർഭാവത്തിന് മുമ്പ് യഹൂദന്മാരോ അറബികളോ സ്ത്രീകൾക്ക് വിവാഹ മോചനം അവകാശത്തെ പറ്റി അറിഞ്ഞിരുന്നില്ല. ഖുർആനാണ് അറേബ്യയുടെ ചരിത്രത്തിലാദ്യമായി സ്ത്രീകൾക്ക് ഈ മഹത്തായ അവകാശം നൽകിയത്.'[12]

മൗലാനാ അബുൽ കലാം ആസാദ് 'തർജുമാനുൽ ഖുർആനിൽ' പറയുന്നു:

'7ാം നൂറ്റാണ്ടിൽ ഇസ്ലാമിന്റെ ആവിർഭാവകാലത്ത് പുരുഷന് അതിരു കളില്ലാത്ത അധികാരമായിരുന്നു ഉണ്ടായിരുന്നത്. സ്ത്രീയെ വെറും ഒരു പ്രസവ യന്ത്രം മാത്രമായിട്ടാണ് കരുതിയിരുന്നത്. ഭർത്താവിനോട് അങ്ങേയറ്റം വിധേയപ്പെട്ട് സ്ത്രീ ജീവിക്കണമായിരുന്നു. യഹൂദ സമ്പ്രദായത്തിൽ സ്ത്രീ ഒരു സ്വത്ത് എന്നതിൽ കവിഞ്ഞ് ഒന്നുമായിരുന്നില്ല. അവൾക്ക് യാതൊരു അധികാര വുമില്ലായിരുന്നു. ക്രിസ്തുമത പ്രകാരം സ്ത്രീയും പുരുഷനും സമന്മാരല്ലായിരുന്നു. റോമൻ നിയമത്തിൽ മാതാക്കൾക്കും സഹോദരിമാർക്കും ഭാര്യമാർക്കും യാതൊരു അവകാശ വുമില്ലായിരുന്നു. ആദമിനെ പ്രലോഭിപ്പിച്ച് തെറ്റു ചെയ്യിച്ചതിന് ഉത്തരവാദി ഹവ്വയാണെന്നായിരുന്നു യഹൂദരുടെയും ക്രിസ്ത്യാനികളുടെയും വിശ്വാസം.. ഖുർആൻ മാത്രമാണ് സ്ത്രീക്കും പുരുഷനും ഒരേ അവകാശമാണുള്ളതെന്ന് പറഞ്ഞത്.'13

വ്യക്തിയുടെ സ്വാതന്ത്ര്യത്തെ ഹനിക്കാതെ വിവാഹത്തിന്റെ സുസ്ഥിരത നിലനിലനിർത്താൻ വേണ്ടിയാണ് പ്രവാചകൻ വിവാഹത്തിന്റെയും വിവാഹ മോചനത്തിന്റെയും നിയമങ്ങൾക്ക് രൂപം നൽകിയത്.

### തലാഖ്: സത്യവും മിഥ്യയും

ദശാബ്ദങ്ങളായി ഇന്ത്യയിൽ തലാഖ് പുകഞ്ഞ് കത്തുന്ന ഒരു വിവാദ വിഷയമാണ്. വാസ്തവത്തിൽ മുസ്ലിം വിവാഹ നിയമം ഗുരുതരമാം വിധം തെറ്റിദ്ധരിച്ചിരിക്കയാണ്. തലാഖിനെ പോലെ ഇത്രയധികം തെറ്റിദ്ധാരണയും വക്രീകരണവുമുണ്ടായിട്ടുള്ള മറ്റ് വിഷയം മുസ്ലിം വ്യക്തി നിയമത്തിലില്ല. മുസ്ലിം ഭർത്താവിന് അയാളുടെ സ്വേച്ഛാനുസരണം യാതൊരു കാരണവും കൂടാതെ തന്റെ ഭാര്യയെ വിവാഹ മോചനം ചെയ്യാനുള്ള അധികാരമുണ്ടെന്ന്

വ്യാപകമായി തെറ്റിദ്ധരിച്ചിരിക്കുന്നു. നിസ്സാര കാരണങ്ങൾ കൊണ്ട് നിർബാധം നടക്കുന്ന തലാഖിനെതിരെയുള്ള പരിഹാസവും ദാമ്പത്യത്തിൽ കുടുങ്ങിക്കിടക്കുന്ന സ്ത്രീകളുടെ നിസ്സഹായാ വസ്ഥയുടെയും പേരിൽ ഖുർആന്റെ കൽപ്പനകൾക്കെതിരെ ആരോപണമുന്നയിക്കാൻ കഴിയില്ല.[14] മുസ്‌ലിം നിയമത്തിന് കീഴിൽ തലാഖ് എന്ന് മൂന്ന് പ്രാവശ്യം ഉച്ചരിച്ച് കൊണ്ട് വിവാഹ മോചനം അടിച്ചേൽപ്പിക്കാൻ പുരുഷന് നിയമപരവും പരിധിയില്ലാത്തതുമായ അധികാരമുണ്ടെന്നാണ് മുസ്‌ലിംകൾക്കിടയിലും അമുസ്‌ലികൾക്കിടയിലുമുള്ള പൊതു വിശ്വാസം. യഥാർഥ ശരീഅത്ത് നിയമ പ്രകാരം ഇത് ശരിയല്ല. ശരീഅത്ത് നിയമം സൂക്ഷ്മമായി പരിശോധിച്ചാൽ വിവാഹമോചനം എന്ന ആശയം കോടതിയുടെയും അധികൃതരുടെയും ഇടപെടലില്ലാതെ ഇസ്‌ലാം വളരെ എളുപ്പമുള്ളതും,ലളിതവും വേഗത്തിലുള്ളതുമായ ഒന്നാക്കി മാറ്റിയെന്നു കാണാം. ഒരു വിവാഹം പൂർണമായും പരാജയപ്പെട്ടെങ്കിൽ കോടതിയുടെ ഇടപെടൽ കൂടാതെ ആ വിവാഹം വേർപിരിയാനുള്ള അവസരം പുരുഷനും സ്ത്രീക്കും ഇസ്‌ലാം നൽകുന്നു. വളരെ ലളിതവും മനുഷ്യത്വ പൂർണവും ക്ലേശരഹിതവുമായ ഇസ്‌ലാമിന്റെ വിവാഹ മോചന നിയമം തത്ത്വദീക്ഷയില്ലാത്ത അധരമാത്ര വിശ്വാസികളാൽ വ്യാപകമായി ദുരുപയോഗം ചെയ്യപ്പെടുന്നതാണ് വിമർശനങ്ങൾക്കുള്ള യഥാർഥ കാരണം. അവർക്ക് മുസ്‌ലിം പുരോഹിതന്മാരായ ഉലമാക്കളുടെ മൗനാനുവാദവുമുണ്ട്.

ചില ഉപാധികൾക്ക് വിധേയമായിക്കൊണ്ടാണ് മുസ്‌ലിം നിയമം തലാഖ് അനുവദിച്ചിരിക്കുന്നത്. അതാകട്ടെ ഉപയോഗിക്കാൻ പ്രയാസമുണ്ടാക്കുന്ന രീതിയിലുമാണ്. അശ്രദ്ധമായും ഉദാസീനമായും ഭർത്താവ് ഈ അവകാശം വിനിയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തു വാൻ വേണ്ടിയാണ് അപ്രകാരം ഉപാധികൾ നിഷ്ക്കർഷിച്ചിരിക്കുന്നത്.[15] ഒന്നാമത്തെ തലാഖ് പ്രഖ്യാപിക്കുന്നതിന് മുമ്പുള്ള നാല് നടപടി ക്രമങ്ങൾ ഖുർആൻ മുന്നോട്ട് വെക്കുന്നു. ആദ്യത്തെ നടപടിക്രമം:

'ഏത് സ്ത്രീകളിൽ നിന്ന് നിങ്ങൾ അനുസരണക്കേട് ആശങ്കിക്കുന്നുവോ, അവരെ നിങ്ങൾ (ആദ്യമായി) ഉപദേശിക്കുക. (പിന്നീട്) സഹശയനം ഉപേക്ഷിക്കുക(അവസാനം) അവർക്ക് മൃദു ശിക്ഷനൽകുക. അവർ നിങ്ങളെ അനുസരിച്ചു കഴിഞ്ഞാൽ അവർക്കെതിരിൽ നിങ്ങൾ ഒരു മാർഗവു മന്വേഷിക്കരുത്.'[16]

ദാമ്പത്യജീവിതത്തിൽ അസ്വാരസ്യങ്ങളും കലഹങ്ങളും ഉടലെടുത്താൽ ഭർത്താവിനോട് ഖുർആൻ ഉപദേശിക്കുന്നത് പരസ്പരം ആശയ വിനിമയം നടത്തി അത് പരിഹരിക്കാനാണ്. എന്നിട്ടും വിയോജിപ്പുകൾ തുടരുന്നുവെങ്കിൽ ശാരീരികമായി വേർപിരിഞ്ഞിരിക്കാനാണ്. അങ്ങനെ പിരിഞ്ഞിരിക്കുമ്പോൾ പരസ്പരം ഐക്യപ്പെടാൻ അത് പ്രേരകമാകുമെന്ന ഉദ്ദേശ്യത്തിൽ വിവാഹ പങ്കാളികൾ തമ്മിൽ ലൈംഗികമായി അകലം പാലിക്കുക. (വഹ്ജുറുഹുന്ന) എന്ന നിർദേശമാണ് ഖുആൻ അതിന് ശേഷം മുന്നോട്ടു വെക്കുന്നത്. ഈ ശ്രമവും പരാജയപ്പെട്ടാൽ മൂന്നാമത്തെ നടപടി ഒരിക്കൽ കൂടി കാര്യങ്ങളുടെ ഗൗരവം വിവരിച്ചു കൊടുത്ത് അനുരഞ്ജന പാതയിലേക്ക് കൊണ്ടുവരുക എന്നതാണ്. തങ്ങൾ തമ്മിലുള്ള അസ്വാരസ്യങ്ങൾ ഉടൻ തന്നെ പരിഹിഹൃതമായില്ലെങ്കിൽ പ്രശ്നം ഉടൻ തന്നെ വീടിന്റെ നാല് ചുമരുകൾക്കുള്ളിൽ നിന്നും വെളിയിലെത്തുമെന്നും ഭർത്താവ് ഭാര്യയോട് പറഞ്ഞു ബോധ്യപ്പെടുത്തണം. എന്നിട്ടും തർക്കങ്ങൾക്ക് യാതൊരു പരിഹാരവുമാവുന്നില്ലെങ്കിൽ പ്രശ്നം വിവാഹ പങ്കാളികളുടെ ഇരുവരുടെയും കുടുംബങ്ങളിൽനിന്ന് രണ്ട് മദ്ധ്യസ്ഥന്മാരുടെ മുമ്പിൽ അവതരിപ്പിക്കണം. ഇത് സംബന്ധിച്ച് ഖുർആൻ പറയുന്നു:

'എന്നിട്ടും അവർ രണ്ടുപേർക്കുമിടയിൽ പിളർപ്പുണ്ടാകുമെന്ന് നിങ്ങൾ ഭയപ്പെടുന്ന പക്ഷം അവന്റെ ബന്ധുക്കളിൽ നിന്ന് ഒരു മദ്ധ്യസ്ഥനെയും അവളുടെ ബന്ധുക്കളിൽ നിന്ന് ഒരു മദ്ധ്യസ്ഥനെയും നിങ്ങൾ നിശ്ചയിക്കുക. അവർ രണ്ടുപേരും രഞ്ജിപ്പുണ്ടാക്കണമെന്ന് ഉദ്ദേശിക്കുന്നതായാൽ അല്ലാഹു അവർ രണ്ടു പേർക്കിടയിൽയോജിപ്പുണ്ടാക്കുന്നതാണ്. തീർച്ചയായും അല്ലാഹു എല്ലാം അറിയുന്നവനും സൂക്ഷ്മജ്ഞനുമാകുന്നു.' 17

അനുരഞ്ജനത്തിന്റെ തികച്ചും ആധുനികമായ ഈ സങ്കൽപ്പം 1400 വർഷങ്ങൾക്കപ്പുറം തന്നെ വിശുദ്ധ ഖുർആൻ നിർദേശിച്ചിരിക്കുന്നു. വിശുദ്ധ ഖുർആന്റെ ഈ നിർദേശത്തെ വ്യാഖ്യാനിച്ചുകൊണ്ട് അബ്ദുല്ലാ യൂസഫലി എഴുതുന്നു:

'കുടുംബ തർക്കങ്ങൾ പരിഹരിക്കാനുള്ള ഏറ്റവും നല്ല ഒരു പരിഹാര മാർഗമാണിത്. യാതൊരു പരസ്യപ്പെടുത്തലു കളും ചളിവാരിയെറിയലുകളുമില്ലാതെ നിയമത്തിന്റെ നൂലാമാല കളിൽ അഭയം തേടാതെയും...... ഇരു കുടുംബങ്ങളിൽ നിന്നുമുള്ള മദ്ധ്യസ്ഥന്മാർക്ക് തർക്കത്തിലുള്ള ദമ്പതിമാരുടെ ഗുണ ദോഷങ്ങൾ വ്യക്തിപരമായി അറിയുന്നതിനാൽ യഥാർഥത്തിലുള്ള അനുരഞ്ജന ത്തിന്ന് മദ്ധ്യസ്ഥന്മാർക്ക് അല്ലാ ഹുവിന്റെ സഹായത്താൽ കഴി യുന്നതാണ്.'[18] നിർബന്ധ പൂർവമു ള്ള അനുരഞ്ജന ശ്രമം ഹിന്ദുമാ ര്യേജ് ആക്ടിറ്റിലെ[19] ലും സ്പെ ഷ്യൽ മാര്യേജ് ആക്റ്റിലും[20] ഫാമിലി കോർട്ട് ആക്ടിലും [21] പ്രത്രി പാദിച്ചിട്ടുണ്ട്. ഈ നിയമങ്ങൾ വിവാഹ മോചനം തേടുന്ന എല്ലാ ദമ്പതിമാർക്കിടയിലും അനുരഞ്ജ നശ്രമം നിർബന്ധമായും നടക്കാ നുള്ള ബാധ്യത കോടതികൾക്കു ണ്ടെന്ന്

വ്യക്തമാക്കുന്നു.

നിയമ പ്രകാരം പുരുഷന്റെ തലാഖ് പ്രഖ്യാപനം സാധാരണ ഗതിയിൽ പ്രാഥമികമായി വിവാഹ ബന്ധത്തെ മുറിച്ചു മാറ്റാത്തതും തുടക്കത്തിലുമുള്ള കേവലമായൊരു നടപടി മാത്രമാണ്.[22] മേൽപറഞ്ഞ നാല് അനുരഞ്ജനശ്രമങ്ങളും പരാജയപ്പെട്ടാലാണ് ഖുർആൻ ആദ്യത്തെ തലാഖ് പ്രഖ്യാപിക്കാൻ അനുവദിക്കുന്നത്. ഭാര്യയുടെ ആർത്തവ ഘട്ടത്തിൽ ഭർത്താവുമുമായി അകന്നിരിക്കുന്നതിനാൽ ഈ അകൽച്ച വേർപിരിയാനുള്ള ഒരു തീരുമാനമെടുക്കാൻ പറ്റിയ സന്ദർഭമല്ല. ആകയാൽ ഭാര്യയുടെ ആർത്തവ കാലത്ത് തലാഖ് പ്രഖ്യാപിക്കാൻ ഭർത്താവിന് അനുവാദമില്ല. പുരുഷൻ തലാഖ് പ്രഖ്യാപനം നടത്താൻ ഭാര്യയുടെ ശുദ്ധികാലം വരെ കാത്തിരിക്കണം.[24] ഭർത്താവ് ഭാര്യയുമായി ശാരീകമായി അടുപ്പമുള്ള കാലം അയാൾക്ക് മനംമാറ്റം സംഭവിക്കാൻ സാദ്ധ്യതയുള്ളതിനാലാണിത്.[25] തലാഖ് പ്രഖ്യാപനത്തിന് നീതിമാന്മാരായ രണ്ട് പേരെ സാക്ഷിയാക്കണം എന്ന് ഖുർആൻ നിഷ്ക്കർഷിക്കുന്നു. ആദ്യത്തെ തലാഖിന് ശേഷം സ്ത്രീ അവളുടെ ഇദ്ദ കാലം എന്ന് വിളിക്കപ്പെടുന്ന ദീക്ഷാ കാലം വരെ മറ്റൊരു വിവാഹത്തിനായി കാത്തിരിക്കണം. ഗർഭിണിയായ ഭാര്യയെ സംബന്ധിച്ചാണെങ്കിൽ ഇദ്ദാ കാലം അവൾ പ്രസവിക്കുന്നത് വരെയാണ്. ഗർഭിണികളല്ലാത്ത ഭാര്യമാർക്ക് ഏകദേശം മൂന്ന് മാസമാണ് ഇദ്ദാ കാലം. അതായത് രണ്ട് ആർത്തവ രഹിത കാലം. ഇദ്ദാ കാലം ഭർത്താവിന് ഭാര്യയെ സമീപിക്കാം. അവളുമായി ഇടപഴകാം. തന്റെ തീരുമാനം പുനപരി ശോധിക്കാനുള്ള സന്ദർഭവും സാവകാശവും ഇദ്ദാ കാലം ഭർത്താവിന് നൽകുന്നു. ഇദ്ദ കാലഘട്ടത്തിൽ ഭാര്യയുടെ സമ്മതമില്ലെങ്കിൽ പോലും ഭർത്താവിന് തലാഖ് പ്രഖ്യാപനം പിൻവലിക്കാനുള്ള അനു വാദമുണ്ട്.[27] ഇദ്ദയുടെ കാലത്ത് രണ്ടിലധികം തലാഖ് പ്രഖ്യാപിക്കാൻ സാദ്ധ്യമല്ല. വിശുദ്ധ ഖുർആൻ പറയുന്നു:

'വിവാഹമോചനം രണ്ട് പ്രാവശ്യമാണ്. അതിന് ശേഷം ന്യായമായ നിലയിൽ (ഭാര്യയെ) കൂടെ നിർത്തുകയോ ഔദാര്യ പൂർവം വിട്ടയക്കുകയോ ചെ യ്യാം.'[28]

ഇദ്ദ കാലത്തും ദമ്പതിമാർക്ക് ഐക്യപ്പെടാൻ സാദ്ധ്യമല്ലെങ്കിൽ അവസാനത്തെ തലാഖ് കൊടുക്കാവുന്നതാണ്. പക്ഷേ അത് ഇദ്ദ കാലത്തിന് ശേഷമായിരിക്കും. ഖുർആൻ പറയുന്നു

'നിങ്ങൾ സ്ത്രീകളെ വിവാഹ മോചനം ചെയ്തിട്ട് അവർ അവരുടെ അവസാന അവധി പൂർത്തീകരിച്ചാൽ നിങ്ങൾക്കവരെതിരിെച്ചടുത്ത് ന്യായമായ നിലയിൽ കൂടെ നിർത്തുകയോ അല്ലെങ്കിൽ ന്യായമായ നിലയിൽ അവരെ വിട്ടയക്കുകയോ ചെയ്യുക. (അവരോട്) അതിക്രമം പ്രവർത്തിക്കാനുള്ള ഉദ്ദേശ്യത്തോടെ തെറ്റായ നിലയിൽ അവരെ കൂടെ നിർത്തരുത്.'[29] (വിവ: എ.എം.– തുടരും)

1 Tahir Mahmood, *The Muslim Law of india 103* (Butterworths, New Delhi, 3rd edn, 2002). 2 Thomas Patrick Hughes, *Dictionary of Islam* 89 (Indigo Books, New Delhi: Indigo Books, 2004). 3 Ibn ,Qudaamali ,VII *Almaughnee* 96 (Cairo, 1376 AH). 4 Furqan Ahmad,*Triple Talaq An Analytical Study* 16 (Regency Publications, New Delhi, 1994). 5 Hedaya, p.72. 6 Neil. E. Baillie, *Digest of Mohammedan Law* 204, Part-1 (Lahore, 1957 7 M.Th. Houtsma, Encyclopedia of Islam 636-40 (Leiden-London, 1913-37) 8 The Fatwa-i-Almigiri,Vol I,p.491. 9 Syed Ameer Ali, *Mohammedan Law* 473, Vol. II (Himalaya Books, New Delhi, 5th edn., 1985). 10 M.M.Siddiqi, *Women in Islam* 60-75 (New Delhi, 1st ed., 1980). 11 Syed Khalid Rashid, *Muslim Law* 97-8 (Eastern Book Co., Lucknow, 1996). 12 Maulana Abdul Kalam Azad *Tarjumman-ul- Quaran* 119, cited in Shiv Sahai Singh, *Unification of Divorce Laws in India*, 41 (Deep and Deep, New Delhi, 1993, 13 *Id.* at 186-87 14 VR.Krishna Iyer, "Reform of the Muslim Personal Law", in Tahir Mahmood (ed), *Islamic Law in Modern India* 14 (Indian Law Institute, New Delhi, 1972). 15 *Supra* note 1 at p.103. 16 *Quran* IV: 34, IV: 35. 17 *Quran* IV: 35. 18Abdulla Yusaf Ali's Commentaries on *Quran*, *Surah* IV: 35. 19 Section 23(2). 20 Section 34(2). 21 Section 9. 22*Supra* note 15 at p.105. 23 A Faizu -r-Rahman, "Instant Divorce is Alien to Islam's spirit", *Indian Express*, June 17, 2008. 24 Menstruation Free State. 25 *Supra* note 22 at p.104. 26 *Surah Al-talaq*. 27 *Supra* note 25 at p.104. 28 II: 229. 29 II: 231.

## വിധവക്ക് വേണ്ടി ചിലവഴിക്കൽ

ഹദ്‌റത്ത് സുറാക്കത്ത് ബിൻ മാലിക്ക് (റ) നിവേദനം ചെയ്യുന്നു. നബി(സ) ചോദിച്ചു: ഞാൻ നിനക്ക് ഏറ്റവും നല്ല ദാന ധർമത്തെ സംബന്ധിച്ച് പറഞ്ഞുതരട്ടയോ? അത് മൊഴിചൊല്ലപ്പെട്ടതോ, വിധവയോ ആയ നിന്റെ മകളുടെ ആവശ്യങ്ങൾക്ക് വേണ്ടി ചിലവഴിക്കലാണ്. അവൾക്ക് നീയല്ലാതെ മറ്റാരും സമ്പാദിച്ചു കൊടുക്കാനില്ല. (ഇബ്നുമാജ)

## മാലദ്വീപിലെ സ്വപ്നമത്സ്യം – 3

# പതിറ്റാണ്ടുകൾക്കപ്പുറത്തെ മാലദ്വീപ്

എ. ക്യു മഹ്ദി

യാത്രാ പരമ്പരയിലെ ഈ മൂന്നാം ഭാഗത്ത് 1982 ലെ എന്റെ ആദ്യ മാലി സന്ദർശന വിഷയങ്ങളാണ് പറഞ്ഞുതുടങ്ങുന്നത്. പിന്നീടു മാത്രം 2010 ലെ വിശേഷങ്ങളിലേയ്ക്ക് മെല്ലെ കടക്കാം.

കൂടുതൽ, ലോകരാജ്യങ്ങൾ സന്ദർശിക്കുന്നതിന്റെ തുടക്കമെന്ന നിലയിലോ, ഈ കൊച്ചു രാജ്യത്തിന്റെ ചരിത്രപരമോ അല്ലാതെയോ ആയ കാഴ്ചകളിലേയ്ക്ക് ഇറങ്ങിച്ചെല്ലാൻ ഉദ്ദേശിച്ചോ ആയിരുന്നില്ല 1982 ലെ എന്റെ മാലി സന്ദർശനം എന്നത് തുറന്നു പറയുന്നു. പിന്നീടെപ്പഴോ എന്നിൽ രൂപം കൊണ്ട രാജ്യാന്തര സന്ദർശന മോഹങ്ങൾ സാക്ഷാത്കരിക്കാൻ തുടരെത്തുടരെ ശ്രമം നടത്തുമ്പോഴും, ഒരു നിമിത്തമെന്ന നിലയിൽ മാത്രമേ , 1982-ലെ എന്റെയാ ആദ്യ വിദേശയാത്രയെ കാണാനാവൂ.

പിന്നെയെന്തിന് 30 വർഷങ്ങൾക്കു മുമ്പ് ഞാനീ മാലി യാത്രയ്ക്ക് ഒരുമ്പെട്ടു. ഈ ചോദ്യത്തിന് ലളിതവും സത്യസന്ധവുമായ ഒരുത്തരം നൽകാം. കേവലം ഷോപ്പിംഗിന് ഉദ്ദേശിച്ചു മാത്രമായിരുന്നു പഴയ ആ മാലിയാത്ര.

മുഖ്യമായും ഷോപ്പിംഗ്മാത്രമാണുദ്ദേശിച്ചതെങ്കിലും സ്വതസിദ്ധമായ താൽപര്യം കൊണ്ട് മൂന്നു നാൾ ഈ കൊച്ചു ദ്വീപിലെ അന്നത്തെ ചെറിയ കാഴ്ചകളും വിശേഷങ്ങളും കണ്ട് നടക്കുകയുമുണ്ടായി. ഒക്കെയും ശ്രദ്ധയോടെ ഞാനെന്റെ മനസ്സിന്റെ ഓർമച്ചെപ്പിൽ ഒരുക്കിവെയ്ക്കുകയും ചെയ്തു. അതിനുദാഹരണമാണ് ഇത്ര നീണ്ട കാലയളവിന് ശേഷവും അന്നത്തെ വിഷയങ്ങൾ ഓർമയിൽ നിന്ന് ചികഞ്ഞെടുത്ത് മാലി യാത്രയുടെ ഈ ആദ്യഭാഗങ്ങളിൽ ഉൾപ്പെടുത്താൻ കഴിയുന്നതും.

1980 കളിലെ ആദ്യപാദം. വിദേശ നിർമിത വസ്തുക്കളോട് നാട്ടുകാർക്ക് വല്ലാത്ത ഭ്രമമുള്ള കാലം. കാസറ്റ് ടേപ്പ് റെക്കോർഡുകളുടെ തുടക്കകാലവുമാണത്. സി.ഡി പ്ലെയറുകൾ അന്നുണ്ടായിരുന്നില്ല. വി.സി.ആറും ടെലിവിഷൻ സെറ്റും നാട്ടിലെ അത്യപൂർവവസ്തുക്കൾ.

ഇലക്ട്രോണിക് വസ്തുക്കളായ ഇവയ്ക്കു പുറമെ ജപ്പാൻ നിർമിത തുണിത്തരങ്ങളും സാരികളും നാട്ടിൽ അതീവ പ്രൗഢിയോടെ അരങ്ങു വാഴുന്ന സമയം. ഗൾഫിൽ നിന്നും പ്രവാസികൾ കൊണ്ടുവരുന്ന, വിദേശ നിർമിതമായ നൈലക്സ്, ടെറിലിൻ, ടെറികോട്ടൺ എന്നൊക്കെ ആഡംബരപ്പേരുകളുള്ള സിന്തറ്റിക് നിർമിതമായ തുണികളും സാരികളും കളർ പ്രിന്റിങ്ങിലൂടെ വർണജാലം വിരിയിക്കുന്ന കള്ളി മുണ്ടുകളും, ടെറികോട്ടൺ പാന്റ്/ഷർട്ട് തുണിത്തരങ്ങളും സാധാരണക്കാർക്കിടയിൽ മിന്നിത്തിളങ്ങി നിന്ന കാലം. നല്ല ഹാവായ് റബ്ബർ ചെരിപ്പുപോലും അന്ന് ഗൾഫിൽ നിന്നുമാണ് വന്നുകൊണ്ടിരുന്നത്.

അന്ന്, പേർഷ്യ എന്നറിയപ്പെട്ടിരുന്ന ഗൾഫിന്റെ പ്രതാപകാലം ആരംഭിച്ചു കഴിഞ്ഞിരുന്നു. ദുബായ്ക്കാർ ഡ്യൂട്ടി അടച്ചും അല്ലാതെയും കൊണ്ടുവരുന്ന ഇത്തരം വസ്തുക്കൾ വാങ്ങി കച്ചവടം ചെയ്തിരുന്ന ഇടനിലക്കാരായ ദല്ലാളികൾ, ഗ്രാമപ്രദേശങ്ങളിൽപോലും കസ്റ്റംസ്കാരെ ഭയപ്പെട്ടുകൊണ്ട്, ഒളിച്ചും മറച്ചും സൈക്കോ വാച്ചും ഫോറിൻ തുണിയുമൊക്കെ കൈമാറ്റം ചെയ്തുകൊണ്ടിരുന്ന സമയം.

ആ കാലത്താണ് നമ്മുടെ തൊട്ടടുത്തുള്ള കൊച്ചു രാജ്യമായ മാലദ്വീപ് ഒരു ഫ്രീപോർട്ടിന്റെ പദവി കൈവരിച്ച് ദാരിദ്ര്യാവസ്ഥയിൽ നിന്നും മെല്ലെ കരകയറാനുള്ള ശ്രമം ആരംഭിക്കുന്നത്. തിരുവനന്തപുരത്തു നിന്ന് മാലിക്ക് വിമാനസർവീസും തുടങ്ങി. ആദ്യം മാലി സർക്കാരിന് ഒരു ചെറിയ എയർലൈൻസുമുണ്ടായിരുന്നു. സാമ്പത്തിക നഷ്ടം മൂലം പിന്നീടത് നിലച്ചുപോവുകയും ചെയ്തു.

എയർ ഇന്ത്യയും എയർലങ്കയും മാലി സർവീസുകൾ ആരംഭിച്ചു.

എന്റെയാ ആദ്യ മാലിയാത്രയ്ക്ക് മുമ്പുള്ള ചെറിയൊരു ഫ്ളാഷ് ബാക്ക്.

ഒരു വിദേശയാത്ര ചെയ്യണമെന്ന മോഹം പണ്ടുമുതൽക്കേ മനസ്സിലുണ്ടായിരുന്നു. പാസ്പോർട്ടും എടുത്തുവെച്ചിട്ടുണ്ട്. എളുപ്പത്തിൽ പോയി വരാവുന്ന, ചെലവുകുറഞ്ഞ യാത്രാദൂരമുള്ള ഒരു വിദേശ രാജ്യമെന്ന നിലയിലാണ് മാലി അന്ന് മനസ്സിലിടം പിടിച്ചത്. തിരുവനന്തപുരത്തുള്ള ഒരു സ്നേഹിതനും ഒപ്പം വരാൻ തയ്യാറായി.

ഒരു വിദേശരാജ്യമാണെങ്കിലും മാലിയിൽ പ്രവേശിക്കാൻ മുൻകൂട്ടി വിസ എടുക്കേണ്ടതില്ല എന്ന പ്രത്യേകതയും ഒരു സൗകര്യമായി കണ്ടു. എയർപോർട്ടിലിറങ്ങിയാലുടൻ, അപേക്ഷിച്ചാൽ വിസ കിട്ടുമായിരുന്നു. VISA ON ARRIVAL എന്നാണീ സമ്പ്രദായത്തിന് പേര്. പിൽക്കാലത്ത് യാത്രകൾ തുടരെത്തുടരെ ശീലമാക്കിയപ്പോൾ, മറ്റ് ചില രാജ്യങ്ങളിലും ഇത്തരം വിസ സൗകര്യം ലഭ്യമാണെന്നു കണ്ടു. ശ്രീലങ്ക, തായ്ലാൻഡ്, മലേഷ്യ തുടങ്ങിയ രാജ്യങ്ങളിലേയ്ക്ക് യാത്ര പോയപ്പോഴും അവിടെ ഇറങ്ങി എയർപോർട്ടിൽ നിന്നുതന്നെയാണ് വിസ എടുത്തത്. എന്നാൽ ഒരു ഇന്ത്യാക്കാരന് വിസയോ പാസ്പോർട്ടോ പോലും ഇല്ലാതെ കയറി

ച്ചെല്ലാൻ അനുവാദമുള്ള ഒരയൽ രാജ്യവും നമുക്കുണ്ട്. നേപ്പാൾ. അവിടെയും പോവുകയുണ്ടായി.

നേപ്പാളിൽ പോകാൻ വിസയോ പാസ്പോർട്ടോ വേണ്ട, പകരം ഏതെങ്കിലുമൊരു ഒഫിഷ്യൽ ഐ.ഡിപ്രൂഫ് മാത്രം കരുതിയാൽ മതി. ഇലക്ടറൽ കാർഡോ, ഡ്രൈവിങ് ലൈസൻസോ, റേഷൻകാർഡോ അതല്ലെങ്കിൽ ആധാർകാർഡോ മറ്റോ. വിഷയങ്ങൾ വഴിമാറിപോകുന്നു. ഇനി 1982 -ലെ ആദ്യമാലിയാത്രയെപ്പറ്റി മാത്രം പറയാം.

എയർലങ്ക വഴിയായിരുന്നു യാത്ര. അന്ന് ഒരാൾക്ക് രണ്ടായിരം രൂപയോളമേ റിട്ടേൺ ടിക്കറ്റിനു വേണ്ടി വന്നിരുന്നുള്ളൂ. ഒരു സ്നേഹിതനും ഒപ്പമുണ്ടായിരുന്നല്ലോ. വിമാനക്കൂലി കൂടാതെ ഞങ്ങൾ രണ്ടാളും കയ്യിൽ കൃത്യമായി കരുതിയത് 5000 രൂപ വീതം മാത്രമാണ്. അന്നത്രയും മതിയായിരുന്നു. വിമാനം മാലിയിൽ ലാൻഡ് ചെയ്യാൻ തുടങ്ങുമ്പോൾ തന്നെ ഫ്ളൈറ്റിലിരുന്നുള്ള ആകാശക്കാഴ്ച മനോഹരമായിരുന്നു. ചെറിയൊരു എയർപോർട്ട് . ഒരു കൊച്ചു ദ്വീപു മുഴുവൻ റൺവേ അടങ്ങുന്ന എയർപോർട്ടാക്കി രൂപാന്തരപ്പെടുത്തിയിരിക്കുന്നു. അൽപ്പം വേഗതയിൽ വന്ന് ലക്ഷ്യമൊന്നു പിഴച്ച് ലാൻഡ് ചെയ്താൽ വിമാനം കടലിൽ പതിക്കുമെന്ന് തോന്നും. എയർ ഇന്ത്യയാണ് ഈ എയർപോർട്ട് നിർമിക്കാനുള്ള സാങ്കേതിക സഹായം പകർന്നു കൊടുത്തതെന്നും അറിയാൻ കഴിഞ്ഞു.

എയർപോർട്ട് സ്ഥിതിചെയ്യുന്ന തുരുത്തിൽ നിന്നും ബോട്ടിൽ കയറി ഇരുപത് മിനിറ്റ് സഞ്ചരിച്ചാൽ ഒരു കടലിടുക്ക് താണ്ടി മെയിൻ ദ്വീപിലെത്താം. ആ മെയിൻ ദ്വീപാണ് മാലിയുടെ രാജ്യതലസ്ഥാനവും .

വളരെ പ്രാകൃതമട്ടിലുള്ള ഒരു പഴഞ്ചൻ കടത്തുബോട്ടായിരുന്നു അത്. വിമാനമിറങ്ങി ഞങ്ങൾ കയറിയ ആ ആദ്യബോട്ടിൽ സഞ്ചരിച്ച മാലിയിലെ സാധാരണക്കാരായ ആൾക്കാരുടെ പക്കൽ, തിരുവനന്തപുരത്തു നിന്നും വാങ്ങിയതാവണം ചില പച്ചക്കറികളും കിഴങ്ങുവർഗങ്ങളും പഴങ്ങളുമൊക്കെ കൂടകളിലും ചാക്കുസഞ്ചികളിലുമായി കണ്ടു. വിമാനത്തിന്റെ പടികൾ മുഴുവൻ അവർ അത് ചുമന്ന് കഷ്ടപ്പെട്ടാണ് ഇറങ്ങി വന്നത്. മാലിയിലെ സാധുക്കളായ തൊഴിലാളികളെ പോലെ തോന്നിയ ആ തമിഴർ, തങ്ങളുടെ ഭാണ്ഡങ്ങളും ചുമലിലേറ്റി ഞങ്ങൾക്കൊപ്പം വിമാനത്താവളത്തിൽ പ്രവേശിച്ചത് ഇപ്പോഴും ഓർമയിൽ തങ്ങി നിൽക്കുന്നു.

എയർപോർട്ടിന് പുറത്തിറങ്ങി. ഹോട്ടൽ മുറിയൊന്നും ബുക്ക് ചെയ്തിട്ടില്ല. ആദ്യ വിദേശയാത്രയാണ്. വിദേശത്ത് മുൻകൂട്ടി ഹോട്ടൽ ബുക്ക് ചെയ്യുന്ന രീതിയൊന്നും അന്ന് അറിയുകയുമില്ല. ചുറ്റോടു ചുറ്റും ദൃഷ്ടി പായിച്ചപ്പോൾ ദ്വീപിന്റെ കരയിൽ ഹോട്ടലുകളൊന്നും കണ്ടുമില്ല. ഒന്നര കിലോമീറ്റർ നീളവും അര കിലോമീറ്റർ വീതിയും മാത്രമുള്ള ഈ കൊച്ചു ദ്വീപിൽ താമസിക്കാൻ ഹോട്ടലുകളൊന്നുമില്ലെന്നോ? അൽപ്പം ദൂരെ ചില ഒറ്റപ്പെട്ട നാലുനില കെട്ടിടങ്ങൾ കാണുന്നുമുണ്ട്.

കാഴ്ചയിൽ മലയാളികളെയോ തമിഴരെയോ പോലെ തോന്നിക്കുന്ന നാട്ടുകാർ. പലരുടെയും വേഷം ഷർട്ടും കള്ളിമുണ്ടുമാണ്. അവരിൽ പരിഷ്കാരിയെന്നു കാഴ്ചയിൽ തോന്നിയ പാന്റ് ധരിച്ച ഒരു ചെറുപ്പക്കാരൻ, അയാൾക്ക് ചെറുതായി ഇംഗ്ലീഷും അറിയാം, ഞങ്ങളുടെ സഹായത്തിനെത്തി. അയാൾ ഞങ്ങൾക്കൊപ്പം വന്ന് ഒരു ലോഡ്ജ് കാണിച്ചു തന്നു.

പത്തു പന്ത്രണ്ടു മുറികൾ മാത്രമുള്ള ഒരു രണ്ടുനില കെട്ടിടം. ലോഡ്ജിനു പേരില്ല, ബോർഡുമില്ല. നടത്തുന്നത് ഒരു ഗുജറാത്തി വനിതയാണ്. ഒരു മദ്ധ്യവയസ്ക. ഗുജറാത്ത് രീതിയിൽ സാരി ധരിച്ച അവർ നേരിൽ കണ്ടാൽ ഒരു ഗൗരവപ്രകൃതക്കാരിയാണ്. കാഴ്ചയിൽ നമുക്കു തോന്നുന്ന ആ പരുക്കൻ സ്വഭാവം തുടർന്നുള്ള അവരുടെ പെരുമാറ്റത്തിലുടനീളം കാണുകയും ചെയ്തു.

റൂഫിയ ആണ് മാലിയിലെ നാണയം. എയർപോർട്ടിൽ വച്ചുതന്നെ കുറെ യു.എസ്സ്. ഡോളർ മാലി കറൻസിയിലേയ്ക്ക് മാറ്റി വാങ്ങിയിരുന്നു. എക്സ്ചേഞ്ച് കൗണ്ടറിലെ പർദ ധരിച്ച മാലി പെൺകുട്ടി എണ്ണിത്തന്ന റൂഫിയ കറൻസികൾ മുഴുവൻ ജീർണാവസ്ഥ പ്രാപിച്ച നോട്ടുകളായിരുന്നു. ആ മുഷിഞ്ഞ നോട്ടുകളിൽ പലതിന്റെയും മടക്കുകളിൽ വിടവും ദ്വാരവും വീണിരുന്നു. പലതും ടേപ്പ് ഒട്ടിച്ചവ. കൈകൊണ്ട് തൊടാൻ അറയ്ക്കുന്ന തരത്തിലുള്ള ആ കടലാസ്സ് നാണയരൂപം , മാലിയെന്ന ദരിദ്രനാടിന്റെ മുഖമുദ്രപോലെ തോന്നി.

കൗണ്ടറിൽ നിന്നും റൂഫിയ എണ്ണിത്തന്നപ്പോൾ ആ മാലി പ്പെൺകുട്ടി പറഞ്ഞത്, താൻ ഈ തരുന്ന നോട്ടുകൾ താരതമ്യേന ഇവിടുത്തെ പുതിയ നോട്ടുകൾക്ക് സമാനമായതാണെന്നാണ്. ഇനി പുറത്തിറങ്ങുമ്പോൾ കിട്ടുന്ന കറൻസി നോട്ടുകൾ കണ്ട് അമ്പരക്കരുതെന്നും ചെറിയൊരു ചിരിയോടെ അവൾ കൂട്ടിചേർത്തു.

സാമാന്യം വലിപ്പമുള്ള പഴയ ഒരു തടിമേശ. സമീപകാലത്തൊന്നും അത് പോളീഷ് ചെയ്തിട്ടില്ല. അതാണ് ഗുജറാത്തി വനിതയുടെ ലോഡ്ജിലെ സ്വീകരണ കൗണ്ടർ. മുറിയുടെ മൂലയിലെ സ്റ്റാൻഡിൽ ചെറിയ ഒരു ഗണേശ വിഗ്രഹം മാല ചാർത്തി വച്ചിട്ടുണ്ട്.

മേശപ്പുറത്തു വച്ചിരുന്ന തടിച്ച ഒരു രജിസ്റ്റർ ബുക്ക് ഞങ്ങളുടെ മുമ്പിലേയ്ക്കവർ നീക്കിവച്ചു.

'രണ്ടുപേരുടെയും പേരും വിലാസവും വേണം. പാസ്പോർട്ട് നമ്പരും.......!' തെല്ലൊരു ഗൗരവഭാവത്തിൽ അവർ കല്പിച്ചു. ഞങ്ങളോടവർ 200 റൂഫിയ അഡ്വാൻസും വാങ്ങി. അന്നത്തെ 200 രൂപയ്ക്ക് ഇന്നത്തെ നിലയ്ക്ക് നല്ല വിലയുണ്ടെന്നോർക്കണം.

ഭക്ഷണച്ചിലവുൾപ്പടെയാണ് മുറിവാടക. അതെത്രയായിരുന്നു

വെന്നതോർമയില്ല. ഹോട്ടൽ ഉടമ, രജിസ്റ്ററിൽ രേഖപ്പെടുത്തിയ ഞങ്ങളുടെ പേരും വിലാസവും വായിച്ച് സംശയം തീർക്കാനെന്നമട്ടിൽ, എന്റെ വിചിത്രമായ പേരിന്റെ സ്പെല്ലിങ് വീണ്ടും വീണ്ടും ചോദിച്ചുറപ്പു വരുത്തിയിട്ട്, ഒരു പ്രധാന നിബന്ധന, അവരുടെ ലോഡ്ജിലെ മാത്രമാവാം, ഒരു തീരുമാനം അറിയിച്ചു.

പുറത്തു പോകുമ്പോൾ ഒരിക്കലും മുറി പൂട്ടി പോവരുത്. റൂമിന്, പുറത്തുനിന്നും ലോക്ക് ചെയ്യാൻ പൂട്ടും ചാവിയുമൊന്നുമില്ല. എന്നത് വേറെ കാര്യം . വെറുതെ ചാരിയടച്ചിട്ടു പോകണം. ആരും ഞങ്ങളുടെ മുറിയിൽ അനുവാദമില്ലാതെ കയറുകയില്ല, ഒരു വസ്തുവും മോഷണം പോവുകയുമില്ല. ആ വിഷയത്തിൽ അവർ ഉറപ്പും തന്നു.

ഈ സംഭാഷണത്തിന്റെ ചെറിയൊരിടവേളയ്ക്കു ശേഷം തന്റെ മൂക്കു കണ്ണട ഊരി ഒന്നുകൂടി സ്ഥാനത്ത് ഉറപ്പിച്ചിട്ട്, അവർ ഒരു വാചകത്തിലൂടെ ബാക്കി കൂടി പൂരിപ്പിച്ചു.

'പറഞ്ഞത് രണ്ടുപേർക്കും മനസ്സിലായല്ലോ.......?'

'ഉവ്വ് മാഡം, രണ്ടുപേർക്കും മനസ്സിലായി .......!' വിനയപൂർവം ഞങ്ങൾ രണ്ടാളും ഒരു സംഘഗാനത്തിന്റെ മട്ടിൽ പറഞ്ഞു. ഞങ്ങളോടാ ചോദ്യം ചോദിച്ച നിമിഷം മാത്രം , അവരുടെ ഭാവത്തിൽ ഗൗരവപ്രകൃതിയുള്ള ഒരദ്ധ്യാപികയുടെ മട്ട് കണ്ടു.

ഞാനും സ്നേഹിതനും ചെറിയൊരമ്പരപ്പോടെ പരസ്പരം നോക്കി. ഇതെന്തു രീതി എന്ന ഭാവം ഞങ്ങളുടെ പരസ്പര നോട്ടത്തിൽ നിന്നും അവർ വായിച്ചറിഞ്ഞിരിക്കുന്നു.

അവർ, ഒരു സംശയ നിവാരണത്തിനെന്നോണം ഞങ്ങളെ നോക്കി പറഞ്ഞു,

'മാലിയിൽ മോഷണം എന്നൊന്നുണ്ടാവില്ല. എല്ലാവരും സത്യസന്ധർ, വിശ്വസ്തർ. കളവും മോഷണവുമൊക്കെ അങ്ങ് നമ്മുടെ നാട്ടിലാണ്; എന്റെ ഗുജറാത്തിലും പിന്നെ നിങ്ങളുടെ നാടായ കേരളത്തിലും......'

മാലി ജനതയ്ക്ക് അവർ ഒരു സൽസ്വഭാവ സർട്ടിഫിക്കറ്റ് നൽകിയിരിക്കുന്നു. അതുപോകട്ടെ, അവരെന്തിന് ഗുജറാത്തിലും കേരളത്തിലും ഉള്ളവരെ പ്രതിക്കൂട്ടിൽ കയറ്റണം. മോഷ്ടാക്കളും ചതിയന്മാരും എല്ലായിടത്തും ഉണ്ടാവുമല്ലോ.

പ്രതികരണശേഷി നഷ്ടപ്പെട്ടവരെപ്പോലെ ഞങ്ങൾ രണ്ടാളും ആ കൗണ്ടറിനു മുമ്പിൽ നിശബ്ദരായി നിന്നു. ഞങ്ങൾക്കിപ്പോൾ താമസിക്കാൻ ഒരു മുറി കിട്ടിയേ തീരൂ.

ആ സ്ത്രീ നൽകിയ വിശദീകരണം വ്യക്തമായെങ്കിലും മനസ്സിൽ ചെറിയൊരു സംശയം പൊന്തിവന്നു. എനിക്കെന്തോ ചോദിക്കാനുണ്ടെന്ന് എന്റെ ഭാവത്തിൽ നിന്നും മനസ്സിലാക്കിയ അവർ അതു സൂചിപ്പിക്ക തന്നെ ചെയ്തു.

'എന്താണു സർ, എന്തെങ്കിലും സംശയം.........?' ചോദ്യം ചോദിക്കാനുള്ള ഒരവസരം അവർ തന്നെ ഒരുക്കിത്തന്നിരിക്കുന്നു.

'അതെ, ഒന്നു ചോദിക്കട്ടെ മാഡം, ലോകത്തെങ്ങും കേട്ടിട്ടില്ലാത്ത ഒരു നിബന്ധനയും സിസ്റ്റവുമാണല്ലോ ഇത്. ഞങ്ങൾ മുറി പൂട്ടി പുറത്തുപോയാലുള്ള അപകടമെന്താണ്. നിങ്ങളുടെ ഹോട്ടലിന് അതുകൊണ്ട് എന്തു ദോഷമാണ് വരിക......?'

'ദോഷമെന്തെന്നോ........?' വനിത അൽപ്പം കൂടി ഗൗരവഭാവത്തിലായി.

'ഞാനീ നിഷ്കർഷ പ്രധാനമായും നിങ്ങൾ മലയാളി സന്ദർശകരെ മാത്രം ഉദ്ദേശിച്ചാണ് നടപ്പിൽ വരുത്തിയത്. ഈ സമ്പ്രദായം ഇവിടുത്തെ മറ്റ് ഹോട്ടലുകളിൽ ഉണ്ടാവണമെന്നു നിർബന്ധവുമില്ല........'

അവരുടെ വാക്കുകൾ അവസാനിച്ചിരുന്നില്ല.

'പുറത്തു പോകുമ്പോൾ ഫുൾ സ്പീഡിൽ ഫാൻ ഓൺ ചെയ്ത്, താഴെ മെത്തപ്പുറത്ത് ഒരു നനഞ്ഞ ടവ്വലും ഉണങ്ങാനിട്ടിട്ടങ്ങു പോകും. പലപ്പോഴും ലൈറ്റുകൾ പോലും ഓഫ് ചെയ്യാറില്ല . രാത്രി മടങ്ങിവരുന്നതുവരെ ഇവയൊക്കെ പ്രവർത്തിച്ചുകൊണ്ടുമിരിക്കും. ഇവിടെ മാലിയിൽ കറന്റിന് തീവിലയാണ്. മുറിയിലുള്ള നിങ്ങളുടെ വസ്തുക്കൾക്കൊക്കെ ഞാൻ ഉറപ്പും നൽകുന്നുണ്ടല്ലോ.....?'

തർക്കിക്കാനൊന്നും ഞങ്ങൾ ഒരുമ്പെട്ടില്ല. അവരോടത് നടക്കുകയുമില്ല. മാത്രമല്ല സംഭാഷണം തുടർന്ന്, ഗുജറാത്തിലും കേരളത്തിലും ഉള്ളവരെ കള്ളന്മാരും ദുഷ്ടന്മാരുമെന്ന് വീണ്ടും ഈ സ്ത്രീയെകൊണ്ട് പറയിക്കാനും താൽപര്യമില്ലായിരുന്നു. മുറിയിലെ ഇലക്ട്രിക് സപ്ലൈ പുറത്തുനിന്ന് നിയന്ത്രിക്കാൻ കഴിയും വിധം ഒരു പൊതു കണ്ട്രോൾ സ്വിച്ച് വച്ചാൽ എല്ലാ പ്രശ്നവും തീരുമല്ലോ എന്നും അവരെ ഉപദേശിക്കാൻ തുനിഞ്ഞില്ല.

പൂട്ടാത്ത കതകും മെല്ലെ ചാരി പുറത്തിറങ്ങി. മൂന്നു പകലുകൾ ഞങ്ങളീ രാജ്യത്ത് ചെലവഴിച്ചു. സത്യം പറയണമല്ലോ, ഒരനർഥവും സംഭവിച്ചില്ല, ഒരു വസ്തുവും മുറിയിൽ നിന്നും നഷ്ടപ്പെട്ടുമില്ല.

1982-ൽ ഈ യാത്രകാലത്ത്, ഞങ്ങൾ മാലിയിൽ എത്തുമ്പോൾ, ആ കൊച്ചു ദ്വീപിൽ ആകെയുണ്ടായിരുന്നത് മൂന്നു ടാക്സികൾ മാത്രം. മൂന്നും പഴയ ടൊയോട്ടോ കാറുകൾ. ദൂരത്തിനല്ല മണിക്കൂറിനായിരുന്നു അന്നു വാടക. ഒന്നര കിലോമീറ്റർ വലിപ്പമുള്ള ഈ കൊച്ചു രാജ്യത്ത്, ദൂരം മാത്രം കണക്കാക്കി ടാക്സി ഓടിക്കാൻ പറ്റില്ലല്ലോ.

എന്നിട്ടും, ആവശ്യമൊന്നും ഇല്ലാതെ തന്നെ, ഒരു കൗതുകത്തിനെന്നോണം ഞങ്ങളൊരു ടാക്സി പിടിച്ച് ദ്വീപാകെയൊന്നു ചുറ്റിവന്നു. കാറിൽ സഞ്ചരിച്ച ആ സമയത്തിനകം മുറി ഇംഗ്ലീഷ് അറിയാവുന്ന ആ മാലി ഡ്രൈവറിൽ നിന്നും കുറേ നാട്ടു വിശേഷങ്ങൾ ഗ്രഹിക്കാനും കഴിഞ്ഞു.

ഒരു ഷോപ്പിംഗ് സെന്ററിനടുത്ത് നിർത്തിച്ച്, കാറിൽ നിന്ന് ഞങ്ങൾ ഇറങ്ങി നടന്നു.

കുറിപ്പുകൾ

# ക്രൈമിയ: റഷ്യാ – യൂറോപ്പ് ബലാബലം

മുസാഫിർ

**ശീ**തയുദ്ധകാലത്തിന് ശേഷം പാശ്ചാത്യലോകവും റഷ്യയും തമ്മിലുള്ള ഏറ്റവും വലിയ സംഘർഷമായി ക്രൈമിയയുടെ റഷ്യയിലേക്കുള്ള കൂട്ടിചേർപ്പ് വിലയിരുത്തപെടുന്നു. 1991 ൽ സോവ്യറ്റ് യൂണിയൻ തകർന്നപ്പോൾ സ്വതന്ത്ര രാജ്യമായ യുക്രൈയ്ന്റെ ഭാഗമായിരുന്നു ക്രൈമിയ. റഷ്യയുടെ സൈനിക സാന്നിദ്ധ്യത്തിൽ ക്രൈമിയൻ പാർലമെന്റ് ഹിതപരിശോധന നടത്തി റഷ്യയിലേക്ക് ചേർന്നതോടെ യുക്രെയ്ൻ പ്രതിസന്ധിയിൽ റഷ്യ മേൽകൈ നേടിയിരിക്കയാണ്. ക്രൈമിയയുടെ കൂട്ടിചേർപ്പ് യുക്രെയ്ൻ അംഗീകരിക്കില്ലെന്നും അധിനിവേശക്കാരായ റഷ്യയിൽ നിന്നും ക്രൈമിയയെ മോചിപ്പിക്കാൻ യുക്രെയ്ൻ എക്കാലവും പ്രതിജ്ഞാബദ്ധമായിരിക്കുമെന്നും യുക്രെയ്ൻ പാർലമെന്റ് പ്രമേയം പാസാക്കിയിരിക്കുകയാണ്. റഷ്യയുടെ നടപടിക്കെതിരെ യൂറോപ്യൻ യൂണിയൻ ശക്തമായ ഭാഷയിലാണ് പ്രതികരിച്ചത്.

യുക്രൈയ്നിന്റെ തെക്കെ മുനമ്പിൽ നിന്നും കരിങ്കടലിലേക്ക് ഉന്തിനിൽക്കുന്ന ഉപദ്വീപാണ് ക്രൈമിയ. സോവ്യറ്റ് യൂണിയനു ണ്ടായിരുന്നപ്പോൾ റഷ്യൻ ഫെഡറൽ റിപ്പബ്ലിക്കിന്റെ അന്നത്തെ ഭരണാധികാരിയായിരുന്ന നികിത ക്രൂഷ്ചേവ് ക്രൈമിയയെ 1954 ൽ യുക്രെയ്ൻ പ്രവിശ്യക്ക് കൈമാറുകയായിരുന്നു. 1991 ൽ സോവ്യറ്റ് യൂണിയൻ തകർന്നപ്പോൾ യുക്രെയ്ന്റെ സ്വയം ഭരണമുള്ള ഏക പ്രവിശ്യയായി ക്രൈമിയ അവിടെ തുടരുകയായിരുന്നു. 26,100 ചതുരശ്ര കി.മി വിസ്തീർണമുള്ള ക്രൈമിയ. കരിങ്കടലിലേക്ക് തള്ളിനിൽക്കുന്ന സൈനികമായി വളരെ പ്രാധാന്യമുള്ള ഒരു പ്രദേശമാണ്. കേരളത്തെക്കാൾ ചെറുതായ ക്രൈമിയയുടെ ജനസംഖ്യ 25 ലക്ഷമാണ്. അതിൽ ബഹുഭൂരിപക്ഷവും റഷ്യൻ വംശജരാണ്. ഇവിടെ റഷ്യ പാട്ടത്തിനെടുത്ത സൈനിക താവളത്തിന്റെ അവധി 2012ൽ തീരുകയായിരുന്നു. അത് യാനുക്കോവിച്ച് പ്രസിഡന്റായിരിക്കെ ഈ കരാർ 2042 വരെ നീട്ടിനല്കി.

1991ൽ സോവ്യറ്റ് യൂണിയൻ തകർന്നതോടെ മറ്റു പല റിപ്പബ്ലിക്കുകളും സ്വതന്ത്ര രാജ്യങ്ങളായി പാശ്ചാത്യ ചേരിയിലേക്ക് മാറി. യുഎസ് നേതൃത്വത്തിലുള്ള നാറ്റോ സൈനിക സഖ്യത്തിൽ ചേർന്നെങ്കിലും യുക്രെയ്ൻ ഈ വഴിയിൽ പോയില്ല. 2004 ൽ ഓറഞ്ച് റവലൂഷൻ എന്നറിയപ്പെട്ട, യുക്രൈയ്നെ പാശ്ചാത്യ ചേരിയിലേക്ക് കൊണ്ടുപോവാനുള്ള വലത്പക്ഷക്കാരുടെ പ്രക്ഷോഭം നാറ്റോ മെംബർ ഷിപ്പിനും യൂറോപ്യൻ യൂണിയനിലെ അംഗത്വത്തിനും യൂറോപ്യൻ രീതിയിലുള്ള ജീവിതത്തിനും വേണ്ടിയായിരുന്നു. 2010 ൽ റഷ്യൻ ചായ്വുള്ള പ്രസിഡന്റ് വിക്റ്റർ യാനുക്കോവിച്ചിനെ നേതൃത്വത്തിൽ വന്ന ഗവൺമെന്റ് യൂറോപ്യൻ ഭാഗത്തേക്കുള്ള യുക്രെയ്ന്റെ നീക്കത്തെ തടയുകയുണ്ടായി. മുമ്പ് സോവ്യറ്റ് നിയന്ത്രണത്തിലുണ്ടായിരുന്ന സെവാസ്റ്റ പോൾ സൈനിക താവളം 2042 വരെ ഒരു പാട്ടക്കരാറിലൂടെ റഷ്യക്ക് നൽകുകയും ചെയ്തു. റഷ്യക്കാർക്കെതിരെയും യഹൂദർക്കെതിരെയും മുദ്രാവാക്യം മുഴക്കിയ പ്രക്ഷോഭം വലത് പക്ഷക്കാരുടെ നിയന്ത്രണത്തിലായിരുന്നു. എന്ന കാര്യം ശ്രദ്ധേയമാണ്. പ്രതിപക്ഷ പ്രക്ഷോഭം രൂക്ഷമായതിനെ തുടർന്ന് യുക്രെയ്നിൽ മൂന്ന് മാസത്തിനുള്ളിൽ തിരഞ്ഞെടുപ്പ് നടത്താൻ തീരുമാനമായി. പ്രസിഡന്റ് യാനൂക്കോവിച്ചിനെ തൽസ്ഥാനത്ത് നിന്ന് നീക്കം ചെയ്യുകയും ചെയ്തു. പിന്നീട് അദ്ദേഹം റഷ്യയിൽ അഭയം തേടുകയാണുണ്ടായത്. നിർദിഷ്ട തിരഞ്ഞെടുപ്പ് നടക്കുന്നതിന് മുമ്പേ റഷ്യ ക്രൈമിയയിലേക്ക് സൈന്യത്തെ വിന്യസിച്ച് നിലയുറപ്പി ക്കുകയും മാർച്ച് 16ന് ഹിതപരിശോധ നടത്തി റഷ്യയിൽ ലയിപ്പിക്കുകയുമാണുണ്ടായത്. അമേരിക്കൻ യുറോപ്യൻ സൈനിക സംഖ്യമായ നാറ്റോയുമായി യുക്രെയ്ൻ ഉടമ്പടി ഉണ്ടാക്കുകയാണെങ്കിൽ മോസ്കോയുടെ 425 കിലോ മീറ്റർ അരികെ നാറ്റോ സൈന്യം എത്തി എന്നാണർഥം. ഇത് ഒരിക്കലും റഷ്യ അനുവദിക്കുകയില്ല. അതാണ്

സൈനിക ശക്തികാട്ടി കരിങ്കടലിലെ തന്ത്രപ്രധാനമായ ക്രൈമിയ തിടുക്കത്തിൽ റഷ്യ സ്വന്തം രാജ്യത്തേക്ക് കൂട്ടിചേർത്തത്. ഈ കൂട്ടി ചേർപ്പ് അമേരിക്കൻ പാശ്ചാത്യ ചേരിയിൽ വമ്പിച്ച എതിർപ്പാണ് ഉളവാക്കിയിരിക്കുന്നത്. ക്രൈമിയ നഷ്ടപ്പെട്ട യുക്രെയ്ൻ യൂറോപ്യൻ യൂണിയനുമായി സഹകരണക്കരാരിൽ ഒപ്പിട്ടതോടെ യൂറോപ്പിൽ രണ്ടാം ശീതയുദ്ധം ആരംഭിച്ചതായിനിരീക്ഷകന്മാർ കണക്കാക്കുന്നു. മുൻനിശ്ചയ പ്രകാരം യൂക്രെയ്ൻ തിരഞ്ഞെടുപ്പിന് ശേഷം രാജ്യത്തിന്റെ വിപണി പൂർണമായും യുറോപ്യൻ യൂണിയന് തുറന്ന് കൊടുക്കും. റഷ്യയുമായുള്ള സൈനിക സഹകരണം നിർത്തിവെക്കാൻ ഫ്രാൻസും പ്രതിരോധ രംഗത്തെ കയറ്റുമതി നിർത്തി വെക്കാൻ ജർമനിയും തീരുമാനിച്ചു. വികസിത രാജ്യങ്ങളുടെ സംഘടനയായ ജി 8ൽ നിന്നും റഷ്യയെ പുറത്താക്കുമെന്നും പാശ്ചാത്യ രാജ്യങ്ങൾ പറഞ്ഞു. റഷ്യയെ കൂടാതെ യുഎസ്, കാനഡ, ഫ്രാൻസ്, ജർമനി, ഇറ്റലി, ജപ്പാൻ ബ്രിട്ടൺ എന്നീ രാജ്യങ്ങളാണ് ജി-8 ലെ മറ്റു രാജ്യങ്ങൾ. യുക്രെയ്ന്റെ ഇതര മേഖലകളിലേക്ക് റഷ്യ കടന്നാൽ ശക്തമായ തിരിച്ചടിയുണ്ടാകുമെന്ന് അമേരിക്ക മുന്നറിയിപ്പ് നൽകി. ഇത് സംബന്ധമായി പ്രവർത്തിച്ച 12 റഷ്യൻ ഉദ്യോഗസ്ഥന്മാർക്ക് യൂറോപ്യൻ യൂണിയൻ വിലക്കും ഏർപ്പെടുത്തിയിട്ടുണ്ട്. റഷ്യ പഴയ സോവ്യറ്റ് സാമ്രാജ്യം പുനരുജ്ജീവിപ്പിക്കാനാണ് ശ്രമിക്കുന്നതെന്നാണ് പാശ്ചാത്യ രാജ്യങ്ങളുടെ ആരോപണം. ഇതേ സമയം ക്രൈമിയ ഹിത പരിശോധനയിലൂടെയാണ് റഷ്യയിലേക്ക് കൂടി ചേർന്നതെന്നും ഇതൊരു അധിനിവേശമായി കണക്കാക്കരുതെന്നുമാണ് റഷ്യൻ നിലപാട്. സോവ്യറ്റ് യൂണിയനിൽ നിന്നും വേർപെട്ടുപോയ സ്വതന്ത്ര റിപ്പബ്ലിക്കുകളായ നാറ്റോയിലെ അംഗരാജ്യങ്ങളുടെ സമീപം റഷ്യൻ സൈന്യം വൻതോതിലുള്ള വ്യോമാഭ്യാസ പ്രകടനങ്ങളാരംഭിച്ചു. ഇറാഖ്, സിറിയ, ലിബിയ, അഫ്ഘാനിസ്താൻ എന്നിവിടങ്ങളിൽ അമേരിക്കയും യൂറോപ്യൻ രാജ്യങ്ങളും ഇടപെട്ടപ്പോൾ സഹായകരമായ നിലപാട് സ്വീകരിച്ച റഷ്യ ഇനി അന്തർദേശീയ രംഗത്ത് അവരുമായി ഇത്തരം വിഷയങ്ങളിൽ സഹകരണാത്മകമായ നിലപാടായിരിക്കുമോ സ്വീകരിക്കുക. അമേരിക്കയുടെ നേതൃത്വത്തിലുള്ള ഏകധ്യവലോകത്ത് ശീതയുദ്ധ കാലത്തേക്കാൾ മദ്ധ്യപൗരസത്യദേശത്തും ഏഷ്യയിലും വരുത്തികൂട്ടിയ കൂട്ടകൊലകളും നാശങ്ങളും ലോകം കണ്ടുകഴിഞ്ഞതാണ്. തതുല്യമായ മറ്റൊര്യു ശക്തിയുടെ രംഗപ്രവേശനം ഈ അവസ്ഥക്ക് ഒരു പരിഹാരമാകുമോ അതല്ല സാർവത്രിക നാശത്തിനുള്ള പുറപ്പാടാണോ? വിശുദ്ധ ഖുർആൻ പറയുന്നു:

***അല്ലാഹു മനുഷ്യരെ അവരിൽ ചിലരെ മറ്റു ചിലരെക്കൊണ്ട് തടയുന്നില്ലായിരുന്നു വെങ്കിൽ ഭൂതലം കുഴപ്പത്തിൽ ആപതിക്കുമായിരുന്നു. (2:152)***

# മികവിന് പുരസ്കാരം



കണ്ണൂർ ജില്ലയിലെ മികച്ച വില്ലേജ് ഓഫീസറായി കടലായി ജമാഅത്തംഗം ആഷിഖ് തോട്ടോനെ സർക്കാർ തെരഞ്ഞെടുത്തു. നിലവിൽ എടക്കാട് വില്ലേജ് ഓഫീസറായി സേവനമനുഷ്ഠിച്ചു വരുന്നു.

നികുതി പിരിവ്, സർക്കാരിന്റെ വിവിധ പദ്ധതികളുടെ നടത്തിപ്പ് പൊതുജനങ്ങളുമായുള്ള സൗഹൃദം തുടങ്ങിയ നിലകളിലെ പ്രവർത്തനമികവിന്റെയടിസ്ഥാനത്തിലാണ് അവാർഡിന് തെരഞ്ഞെടുത്തത്.

കേരള റവന്യൂ വകുപ്പ് മന്ത്രി അടൂർ പ്രകാശിൽ നിന്നും അവാർഡ് ഏറ്റുവാങ്ങി. 2013 ലെ ഗ്രാമരത്ന ഉദ്യോഗരത്നം അവാർഡ് വൈക്കം മുഹമ്മദ് ബഷീർ ഫൗണ്ടേഷൻ പുരസ്കാരം എന്നിവ ഇതിൽ ഇദ്ദേഹം നേടിയ പുരസ്കാരങ്ങളിൽ പെടുന്നു.



കണ്ണൂർ ജില്ലാ സ്കൂൾ കലോത്സവത്തിൽ യു.പി. വിഭാഗം ഉറുദു ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ അസ്ഹർ മഷൂഖ്. കടലായി ജമാഅത്തിലെ അംഗമായ ആഷിഖ് തോട്ടോൻ സാഹിബിന്റെയും മുഹ്സിന സാഹിബയുടെയും മകനാണ്

www.alislam.org

## അനുസ്മരണം



### സാലിഹ്

വയനാട് അമ്പലവയൽ ജമാഅത്ത് പ്രസിഡന്റ് ഇബ്രാഹിം സാഹിബിന്റെ മകൻ സാലിഹ് (15 വയസ്) സ്കൂട്ടർ അപകടത്തെ തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളേജിൽ വെച്ച് 27-3-14ന് വഫാത്തായി (ഇന്നാലില്ലാഹി..) സമസൃഷ്ടി സ്നേഹത്തിലും പരോപകാര പ്രവർത്തനങ്ങളിലും ചെറുപ്രായത്തിൽ തന്നെ സജീവമായിരുന്നു. കഴിഞ്ഞ ഡിസംബറിലെ ജൽസയിൽ സ്വന്തം താല്പര്യ പ്രകാരം പങ്കെടുത്തിരുന്നു.

മാതാവ് ലൈലാബി. ഏക സഹോദരൻ മസീഹ്. പരേതന് അല്ലാഹു സ്വർഗത്തിൽ ഉന്നതമായൊരിടം നല്കുമാറാകട്ടെ. മാതാപിതാക്കൾക്കുക്ഷമയും മനോധൈര്യവും നല്കി അനുഗ്രഹിക്കട്ടെ, ആമീൻ

-യാസർ അറഫാത്ത്, തിരുത്തിയാട്




കോഴിക്കോട് ടൗൺഹാളിൽ സംസ്ഥാന അൻസാറുല്ലായുടെ ആഭിമുഖ്യത്തിൽ 'ഇസ്ലാമും സമകാലീന പ്രശ്നങ്ങളും' എന്ന പുസ്തക പ്രകാശന ചടങ്ങിൽ പുസ്തകം ഏറ്റുവാങ്ങികൊണ്ട് കാലിക്കറ്റ് യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസിലർ ഡോ. കെ. കെ. കുറുപ്പ് പ്രസംഗിക്കുന്നു. തുടർന്ന് അതേ വിഷയത്തിൽ നടന്ന സെമിനാറിൽ കോഴിക്കോട് അമീർ കെ. എ.ം അഹ്മദ് കോയ, അൻസാറുല്ലാഹ് അഖിലേന്ത്യ നാഇബ് സദർ പി. പി. നാസിമുദ്ദീൻ, പ്രൊഫ. ഹമീദ് ചേന്ദമംഗലൂർ, ഡോ. ഹാഫിസ് മുഹമ്മദ്, എം. സി. വടകര, ഡോ. ഖദീജ മുംതാസ്, മൗലവി സുൽത്താൻ നസീർ, എ.എം.മുഹമ്മദ് സലിം എന്നിവർ പ്രസംഗിച്ചു.




മജ്ലിസ് അൻസാറുല്ലായുടെ എറണാകുളം ജില്ലാ തർബിയത്ത് ക്യാമ്പ് ജില്ലാ അമീർ പി. കെ. ശാഹുൽ ഹമീദ് സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. യു. എസ്. സൈനുദ്ദീൻ, മൗലവി എം. നാസിർ അഹ്മദ്, പി. കെ. മുഹമ്മദ് ശരീഫ്, പി. മുഹമ്മദ് കരീം എന്നിവർ സമീപം



അംഗവൈകല്യമുള്ള ശരീഫ് സാഹിബി (കടലായി) ന് കടലായി ജമാഅത്തംഗങ്ങൾ ട്രൈസിക്കൾ നല്കിയപ്പോൾ. ജമാഅത്തംഗങ്ങൾ സമീപം



എം. ഇ. എസ്. കാലടി കോളേജ് മണ്ണാർക്കാട് അസി. പ്രൊഫസർ ഡോ. മഖ്ബൂൽ അഹ്മദിന് ഇന്ത്യൻ അസോസിയേഷൻ ഫോർ ഇസ്ലാമിക് എക്കണോമിക്സ് (IAFIE) It Enabled Financial Inclusion Through Islamic Finance-chalenges And Relevance In Indian Context എന്ന ഗവേഷണ പ്രബന്ധത്തിന് പ്രത്യേക ഗവേഷണ പുരസ്കാരം നല്കുകയുണ്ടായി. റിസർച്ച് പേപ്പർ അവതരിപ്പിച്ചുകൊണ്ട് ഡോ. മഖ്ബൂൽ സാഹിബ് പ്രസംഗിക്കുന്നു. മണ്ണാർകാട് ജാമാഅത്ത് അംഗമാണ് ഇദ്ദേഹം

**Published on 7 April 2014**

Vol: 86 Issue.**4**
Price Rs. **20/-**

Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2012-14
Licence No. KL/CR/EKM/WPP-21/2012-14
Licensed to Post Without Prepayment
**The Sathyadoothan Monthly**

# Ahmadiyya Muslim Community

*Apps for mobile devises*

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




## Quran

Read the Holy Quran in easy Yassarnal Quran Font




## Conditions of Bai'at

A pocket reference of Shara't-e-Bai'at in 7 languages



## Sermons

Huzoor's Friday Sermons In 15 languages



## Ahmadiyya News

Stay up to date with the Latest jama'at news




View these apps at
alislam.org/apps
or scan the QR code below

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി കൂടുതൽ അറിയാൻ ബന്ധപ്പെടുക**

**1800 425 2020 Toll Free (9 am to 9 pm)**